# നവകേരളത്തിനായി ബ്ലോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്ത്
ജനപ്രതിനിധികൾക്കുവേണ്ടിയുള്ള
കൈപ്പുസ്തകം

5

## സാമൂഹ്യക്ഷേമവും സേവനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

Social Welfare, Services & Centrally Sponsored Schemes

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
KERALA INSTITUTE OF LOCAL ADMINISTRATION (KILA)

www.kila.ac.in
ഡിസംബർ 2020

സാമൂഹ്യക്ഷേമവും സേവനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും | Social Welfare, Services & Centrally Sponsored Schemes

ചീഫ് എഡിറ്റർ | Chief Editor
ഡോ. ജോയ് ഇളമൺ | Dr. Joy Elamon
ഡയറക്ടർജനറൽ, കില | Director General, KILA

എഡിറ്റർ | Editor
ശ്രീമതി ഡി.സുധ | Smt. D. Sudha
ഡയറക്ടർ, കില സി.എച്ച്.ആർ.ഡി. | Director, KILA C.H.R.D.

അസോസിയേറ്റ് എഡിറ്റർമാർ | Associate Editors
ശ്രീ. എം. രേണുകുമാർ | Shri. M. Renukumar
ശ്രീ. പി. സുരേന്ദ്രൻ | Shri. P. Surendhran

രചനയിൽ പങ്കെടുത്തവർ | Contributors
ശ്രീ. പി. സുരേന്ദ്രൻ | Shri. P. Surendhran
ശ്രീ. കെ.വി. ഗോവിന്ദൻ | Shri. K.V. Govindan
ശ്രീ. സി. വിനോദ് കുമാർ | Shri. C. Vinod Kumar
ശ്രീമതി ഡി. സിന്ധു | Smt. D. Sindhu
ശ്രീ. സജീവ് ജെ.എസ്. | Shri. Sajeev J.S.
ശ്രീ. ശിവപ്രസാദ് | Shri. Siva Prasad
ശ്രീ. കെ.വി. അബ്ദുൽ മാലിക് | Shri. K.V. Abdul Malik
പ്രൊഫ. കെ. ബാലഗോപാലൻ | Prof. K. Balagopalan
ഡോ. അനൂപ നാരായണൻ | Dr. Anoopa Narayanan


നിർവഹണ ഏകോപനം | Production Coordination
മാത്യു ആൻഡ്രൂസ് | Mathew Andrews
അസിസ്റ്റന്റ് ഡയറക്ടർ, കില | Assistant Director, KILA

പ്രസാധനം | Published by
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | Kerala Institute of Local Administration (KILA)
മുളംകുന്നത്തുകാവ്, തൃശ്ശൂർ- 680 581 | Mulamkunnathukavu, Thrissur-680 581
ഫോൺ: +91-487-2207000, 2201312 | Phone: +91-487-2207000, 2201312
ഫാക്സ് : +91-487-2201062 | Fax : +91-487-2201062
ഇ-മെയിൽ: info@kila.ac.in | e-mail : info@kila.ac.in
വെബ്സൈറ്റ് : http://www.kila.ac.in | Website : http://www.kila.ac.in

കവർ ഡിസൈൻ | Cover Design
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ് | Godfrey's Graphics

അച്ചടി | Printed at
ഗ്രാമലക്ഷ്മി മുദ്രാലയം | Gramalakshmi Mudralayam
ഡിസംബർ 2020 | December 2020

*Copyright: Everyone can use this for noncommercial public purpose with acknowledgement to KILA*



കേരള സർക്കാർ

## പിണറായി വിജയൻ

മുഖ്യമന്ത്രി

നം.662/പ്രസ്/സി.എം.ഒ/2020. ഡിസംബർ 4, 2020.

# സന്ദേശം

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ജനങ്ങളുമായി നേരിട്ട് ഇടപെടുവാനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും കഴിയുന്നത് പ്രാദേശികഭരണ സംവിധാനത്തിലൂടെയാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്.

സുസ്ഥിരവും സർവ്വതോമുഖവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസന പ്രക്രിയയിലൂന്നിയ ഒരു നവകേരള സൃഷ്ടിക്കായാണ് 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയവയെല്ലാം നടപ്പാക്കുന്നതും തദ്ദേശസ്വയംഭരണ സംവിധാനം വഴിയാണ്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് സാധിക്കണം.

പ്രാദേശിക ഭരണസംവിധാനം ശക്തമാക്കുന്നതിന് കാര്യശേഷി വികസനം അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ട് കില തയ്യാറാക്കിയ എട്ട് കൈപ്പുസ്തകങ്ങളുടെ സമാഹാരം ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in



കേരള സർക്കാർ

**എ.സി. മൊയ്തീൻ**
തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി
കേരള സർക്കാർ

# സന്ദേശം

**2020–2025** കാലയളവിലേക്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ഹൃദ്യമായ ആശംസകൾ! ജനങ്ങൾ തങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളും സാക്ഷാത്ക്കരിക്കുവാൻ നിങ്ങളോരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് കരുതുന്നു.

1996-ൽ അധികാരത്തിൽ വന്ന നായനാർ സർക്കാർ നടപ്പിലാക്കിയ ജനകീയാസൂത്രണ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ മാതൃകാപരമാണ്. കേരളം നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിലൂടെ ശക്തമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇതിന്റെ ഫലമായി, ജനാഭിലാഷം കണ്ടറിഞ്ഞ ഒട്ടേറെ നൂതനാശയങ്ങൾ പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കി വരുന്നു. 2017-ൽ ആരംഭിച്ച നവകേരളത്തിനായി ജനകീയാസൂത്രണവും നവകേരള കർമ്മപദ്ധതിയും വിവിധ ദൗത്യങ്ങളും ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്ന് മുമ്പോട്ടു പോകുന്നു. 25 വർഷം പൂർത്തിയായ ജനകീയാസൂത്രണ പ്രസ്ഥാനം ഇന്ന് രാജ്യത്തിന് തന്നെ മാതൃകയാണ്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണ സംവിധാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുമായി കൂടുതൽ ഇഴുകിചേർന്ന് അവരുടെ വികസനാവശ്യങ്ങളെ യഥാർത്ഥ ബോധത്തോടെ സമീപിക്കാനും ഉൾക്കൊള്ളാനും പഞ്ചായത്തുരാജ് ഭരണ സംവിധാനത്തിന് കഴിയുമെന്നത് നിസ്തർക്കമാണ്. ഇപ്രകാരം ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണ

മെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം.

നമുക്കെല്ലാം അറിയാവുന്നതുപോലെ ലോകം ഇന്ന് കോവിഡ് 19 എന്ന മഹാമാരിയുടെ പിടിയിലാണ്. തീർച്ചയായും മനുഷ്യകുലം ഈ മഹാമാരിയെ അതിജീവിക്കുക തന്നെ ചെയ്യും. പുതിയ കാലത്തിനനുസൃതമായ തരത്തിൽ തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലനം നല്കുന്നതിന് കില, കൈപ്പുസ്തകങ്ങളും പുതിയ പഠനരീതികളും ഒരുക്കിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഈ കൈപ്പുസ്തകങ്ങൾ പ്രാപ്തരാക്കും എന്നതും നിസ്തർക്കമാണ്. ജനപ്രതിനിധികൾക്കായി സാമൂഹ്യക്ഷേമവും സേവനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തണമെന്ന് എല്ലാ ജനപ്രതിനിധികളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം
01.12.2020

സസ്നേഹം,

എ.സി. മൊയ്തീൻ



**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# അവതാരിക

കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം കാൽ നൂറ്റാണ്ടിലേക്കെത്തിയിരിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ഭരണത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും രാജ്യവും ലോകവും ഉറ്റുനോക്കുന്ന വികസനത്തിന്റെ മാതൃകാ സംസ്ഥാനമായി മാറാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി നിലകൊള്ളുകയാണ്. 73, 74 ഭരണഘടനാ ഭേദഗതികൾക്ക് ശേഷം, ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനമാണ് നമ്മുടെ സംസ്ഥാനത്തെ രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമാക്കിയത്. ഒട്ടേറെ വികസന മാതൃകകൾ സൃഷ്ടിക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പ്രാദേശിക സർക്കാരുകളുടെ ഏറ്റവും മഹത്തായ സ്വഭാവവിശേഷം അവയ്ക്ക് ജനങ്ങളുമായുള്ള അടുപ്പം തന്നെയാണ്. ജനകീയാസൂത്രണത്തിനോപ്പം മറ്റ് നിരവധി നടപടികളും അന്നുമുതൽ കൈക്കൊള്ളുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനമാണ് 1996-ൽ തന്നെ രൂപീകരിച്ച സെൻ കമ്മിറ്റിയും അവരുടെ റിപ്പോർട്ടിൻപ്രകാരമുള്ള തുടർനടപടികളും. 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. അതോടൊപ്പം, പുതിയ കേരള സൃഷ്ടിക്കായി നവകേരള കർമ്മപരിപാടി പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ ഭാഗമായി ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിത കേരളം എന്നീ ദൗത്യങ്ങളും പ്രവർത്തനമാരംഭിച്ചു. ഇവയെല്ലാം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഔന്നത്യത്തിലെത്തിച്ചു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുപഞ്ചായത്ത് അംഗങ്ങൾക്ക് അവരുടെ പ്രവർത്തന തുടക്കത്തിൽ തന്നെ ഈ പരിശീലനം നൽകേണ്ടതുണ്ട്. മുൻകാലങ്ങളിൽ കില ഈ പ്രവർത്തനം സ്തുത്യർഹമായി നിർവ്വഹിച്ചിട്ടു

ണ്ട്. ഇന്ന് നമ്മെ വലയം ചെയ്തിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിയുടെ കാലത്തിനും വരാനിരിക്കുന്ന കോവിഡാനന്തര കാലത്തിനും അനുയോജ്യ മായ പ്രവർത്തനങ്ങൾക്കുതകുന്ന പരിശീലന പരിപാടികളും കൈപ്പുസ്തകങ്ങളു മാണ് കില രൂപം നല്കിയിരിക്കുന്നത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കു പഞ്ചായത്ത് ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും വിധം തയ്യാറാക്കിയ സാമൂഹ്യക്ഷേമവും സേവനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും എന്ന ഈ കൈപ്പുസ്തകം രൂപപ്പെടുത്തുന്നതിന് നേതൃത്വം നല്കിയ ശ്രീമതി. ഡി. സുധയേയും അവരോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ കില ടീം അംഗങ്ങളെയും അഭിനന്ദിച്ചുകൊണ്ട് ഈ പുസ്തകം ഞാൻ കിലയ്ക്കുവേണ്ടി സമൂഹത്തിന് മുമ്പാകെ സമർപ്പിയ്ക്കുന്നു.

ഡോ. ജോയ് ഇളമൺ

# ആമുഖം

**73, 74** ഭരണ ഘടനാ ഭേദഗതികളുടെ അന്തസത്ത പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് അധികാരങ്ങളും അനുബന്ധ സൗകര്യങ്ങളും താഴെ തട്ടിലേക്ക് പകർന്ന നൽകിയ ഉദാത്തമായ മാതൃകയാണ് നമുക്കുള്ളത്. നമ്മുടെ സംസ്ഥാനത്ത് ജനകീയാസൂത്രണം നടപ്പിലാക്കിയിട്ട് 25 വർഷം പൂർത്തീകരിക്കുന്ന ഈ അവസരത്തിൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്ക് ഈ കൈപ്പുസ്തകം ഏറെ പ്രയോജനകരമായിരിക്കും എന്നതിന് സംശയമില്ല. ഈ പുസ്തകം വായനക്കാർക്ക് അറിവും കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും വിധം വളരെ ലളിതവും ഹ്രസ്വവുമായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയ, സുതാര്യവും കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം, ചടുലമായ സേവന പ്രദാന സംവിധാനങ്ങൾ, കൃത്യതയുള്ള അക്കൗണ്ടിംഗ് പരിശോധനാ സംവിധാനങ്ങൾ ഉൾപ്പെടെ ISO സർട്ടിഫിക്കേഷൻ നേടിയിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആത്മ വിശ്വാസം ലഭിക്കുന്നതിന് പ്രാദേശിക ഭരണ സംവിധാനത്തെക്കുറിച്ചും, പൊതുഭരണം, വികേന്ദ്രീകൃതാസൂത്രണം, ധനകാര്യം, ക്ഷേമകാര്യം, പൊതുമരാമത്ത്, സാമൂഹ്യക്ഷേമം എന്നിവ കൂടാതെ ഗുഡ്ഗവേണൻസ്, സംസ്ഥാന–കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും വളരെ ചിട്ടയോടും ലളിതമായ ഭാഷയിലും പ്രതിപാദിച്ചിട്ടുണ്ട്.

പ്രാദേശിക സർക്കാരുകളുടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും നടത്തുന്ന ഉദ്യോഗസ്ഥർ തന്നെയാണ് കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ നിർവ്വഹണം നടത്തുന്നതെങ്കിലും ചിലയിടത്തെങ്കിലും പദ്ധതികൾ തമ്മിലൊരു ഏകോപനവും സംയോജനവും നടക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. കോവിഡാനന്തര തദ്ദേശ ഭരണത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ചെറുതല്ലാത്ത പങ്കു വഹിക്കാൻ കഴിയും. പഞ്ചായത്തീരാജ് നിയമത്തിൽ പട്ടിക 4-ൽ സർ

ക്കാർ – സർക്കാരേതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് അനുവാദം നൽകിയിട്ടുണ്ട്. ഈ സൗകര്യം വലിയ തോതിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാമ്പത്തികവും തൊഴിൽപരവുമായ മേഖലയിൽ നല്ല ഇടപെടലുകൾ നടത്താൻ കഴിയും. ഇത് സാധ്യമാകണമെങ്കിൽ ഭരണഘടന അനുശാസിക്കുന്ന സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ഈ ചുമതലയും ഉത്തരവാദിത്തവും ബോധ്യപ്പെടുത്തുന്നതിന് ഈ ഉദ്യമത്തിലൂടെ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് പങ്കു വഹിച്ച കിലയിലെ ഫാക്കൽറ്റി അംഗങ്ങൾ, കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് പരിശിലനകേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാർ, ഫാക്കൽറ്റി അംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവർക്കും പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**എഡിറ്റർ**
**ഡി. സുധ**
ഡയറക്ടർ, കില സി.എച്ച്.ആർ.ഡി.

**അസോസിയേറ്റ് എഡിറ്റർമാർ**
**എം. രേണുകുമാർ**
കൺസൾട്ടന്റ്, കില

**പി. സുരേന്ദ്രൻ**
പ്രിൻസിപ്പൽ, കില-ഒ.എഫ്. & ഡബ്ല്യു.എം.

# ഉള്ളടക്കം


1 ബ്ലോക്ക് പഞ്ചായത്തും ക്ഷേമപ്രവർത്തനങ്ങളും .................................................. 15

1.1 സാമൂഹിക സുരക്ഷയും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും ............................16

1.2 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്..........................................................................17

1.3 വ്യവസായ വികസന വകുപ്പ്.............................................................................17

1.4 സംയോജിത ശിശു വികസന പദ്ധതി ഓഫീസ് (ICDS)...................................18

1.5 ബ്ലോക്ക് തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC).........................................18

1.6 പ്രീ-മെട്രിക് ഹോസ്റ്റൽ......................................................................................18

1.7 മഹിളാമന്ദിരം..................................................................................................18

1.8 വൃദ്ധമന്ദിരം ...................................................................................................18

1.9 കാലാവസ്ഥ വ്യതിയാന കാലത്തെ വികസനവും ബ്ലോക്ക് പഞ്ചായത്തും ....19

1.10 ജൈവ വൈവിധ്യ സമിതികൾ .........................................................................20

2 പ്രത്യേക ഘടക പദ്ധതികൾ...................................................................................22

2.1 പ്രത്യേക ഘടക പദ്ധതികൾ എന്തിന്? ..............................................................22

2.2 പ്രത്യേക പദ്ധതികൾ ......................................................................................22

3 ദാരിദ്ര്യ ലഘൂകരണവും സാമൂഹ്യ സുരക്ഷിതത്വവും................................................ 24

3.1 എന്താണ് ദാരിദ്ര്യം ? .......................................................................................24

3.2 ദാരിദ്ര്യത്തിന്റെ പ്രത്യാഘാതങ്ങൾ ....................................................................24

3.3 ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്.....................................................................................25

3.4 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ (Anti Poverty Plans)..............................25

3.5 അഗതി രഹിത കേരളം .................................................................................26

3.6 ഗുണഭോക്താക്കളെ കണ്ടെത്തൽ......................................................................27

3.7 ഫണ്ട് വകയിരുത്തൽ......................................................................................27

3.8 ആശ്രയ പദ്ധതി – പരിചരണ – സേവന പാക്കേജ് ........................................ 27

**4 ശിശു വികസനം ........................................ 29**

4.1 ശിശു വികസനം ........................................ 29

4.2 ഐ.സി.ഡി.എസ്. പ്രവർത്തനങ്ങൾ ........................................ 29

4.3 പദ്ധതിയുടെ ലക്ഷ്യങ്ങൾ ........................................ 30

4.4 സമഗ്രശിശു വികസന പദ്ധതി ........................................ 30

4.5 സമഗ്ര ശിശുവികസന മേഖലകൾ ........................................ 31

4.6 ശിശുവികസനവും സാമൂഹിക ക്ഷേമവും ........................................ 33

4.7 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ........................................ 33

**5 ഭിന്ന ശേഷിക്കാർക്കുള്ള ഉപപദ്ധതി ........................................ 35**

5.1 ആരാണ് ഭിന്നശേഷിക്കാർ ........................................ 35

5.2 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ........................................ 36

5.3 ട്രാൻസ് ജെന്റേഴ്സിനുള്ള പ്രത്യേക പദ്ധതികൾ ........................................ 37

**6 വനിതാ വികസനം ........................................ 38**

6.1 വനിതാ ഘടകപദ്ധതി ........................................ 39

6.2 വനിതാ ഘടക പദ്ധതിക്ക് നിർബന്ധ വകയിരുത്തൽ ........................................ 39

6.3 പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ ........................................ 39

6.4 വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ ........................................ 40

6.5 രൂപീകരണ നടപടികൾ ........................................ 40

**7 പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം ........................................ 42**

7.1 സാമൂഹ്യനീതി (ഭരണഘടനാ തത്വങ്ങൾ) ........................................ 42

7.2 പട്ടികജാതി ക്ഷേമം ........................................ 43

7.3 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan – SCSP) ........................................ 43

7.4 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ........................................ 43

7.5 എസ്.സി. പ്രൊമോട്ടർമാർ – ചുമതല, ഉത്തരവാദിത്വം ........................................ 45

7.6 പട്ടികവർഗ്ഗ ഉപപദ്ധതി ........................................ 46

7.7 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ........................................ 46

7.8 ഊരുകൂട്ടം – പ്രവർത്തനങ്ങൾ ........................................ 49

7.9 എസ്.ടി പ്രൊമോട്ടർമാർ – ചുമതല, ഉത്തരവാദിത്വം ........................................ 49

**8 വയോജന ക്ഷേമം ........................................ 51**

8.1 ഇന്ത്യയുടെ ദേശീയ വയോജന നയം ........................................ 51

8.2 മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള കേരള സംസ്ഥാനനയം ........................................ 52

8.3 നയപ്രസ്താവന ........................................ 53

8.4 സുസ്ഥിര വികസന ലക്ഷ്യങ്ങളും വയോജനങ്ങളും ........................................ 53

8.5 വയോജന സൗഹൃദവുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ ........................................ 54

8.6 വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി ........................................ 54

**9 മറ്റ് ക്ഷേമ മേഖലകൾ ........................................ 55**

9.1 പെയ്ൻ & പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ........................................ 55

9.2 മത്സ്യത്തൊഴിലാളി ക്ഷേമം ........................................ 55

9.3 മത്സ്യത്തൊഴിലാളി ക്ഷേമ പരിപാടികൾ ........................................ 57

**10 സ്ഥാപന മാനേജ്മെന്റ് ........................................ 58**

10.1 സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ, പ്രവർത്തനങ്ങൾ, മാനേജ്മെന്റ്കമ്മറ്റികൾ ....58
10.2 സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ ....58
10.3 സുതാര്യത ....59
10.4 സുതാര്യതയ്ക്കായി എന്തെല്ലാം ചെയ്യാം? ....59
10.5 പൗരാവകാശ രേഖ ....60
10.6 സേവനാവകാശ നിയമം ....60
10.7 വിവരാവകാശ നിയമം 2005 ....61
10.8 പരാതി പരിഹാര സംവിധാനം ....61

**11 നവകേരള കർമ്മപരിപാടി .... 63**

11.1 ആമുഖം ....63
11.2 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ ....64
11.3 ഹരിതകേരള മിഷൻ ....64
11.4 ആർദ്രം മിഷൻ ....66
11.5 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ....66
11.6 ലൈഫ് മിഷൻ ....67
11.7 ഗുണഭോക്താക്കൾ ....68
11.8 പ്രവർത്തന സമീപനം ....68

**12 പ്രളയാനുഭവങ്ങളും കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമവും .... 69**

12.1 2018 -19 ലെ പ്രളയാനുഭവങ്ങൾ ....69
12.2 കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമം ....72
12.3 പങ്കാളിത്ത പ്രക്രിയ ....74
12.4 വിവിധ വകുപ്പുകളും പ്രവർത്തന പദ്ധതിയും ....76
12.5 ജലവിഭവ വികസനം ....77
12.6 ജലവിതരണം ....78
12.7 ശുചിത്വം ....78
12.8 നഗരകാര്യം ....78
12.9 വനം ....80
12.10 കൃഷി ....80
12.11 മൃഗപരിപാലനവും ക്ഷീരവികസനവും ....80
12.12 മത്സ്യബന്ധനം ....81
12.13 ഉപജീവനം ....81
12.14 ഭൂവിനിയോഗം ....81
12.15 എംപവേർഡ് കമ്മിറ്റി (Empowered Committee) ....82
12.16 റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാം (RKDP) ....84
12.17 "നമ്മൾ നമുക്കായി" ....85
12.18 ജനകീയ പങ്കാളിത്ത പദ്ധതി ....85
12.19 ദുരന്ത മാനേജ്മെൻറ് ....86
12.20 Disaster Risk Management Plan ....87

**13 കേന്ദ്രാവിഷ്കൃത പദ്ധതികൾ .... 88**

13.1 പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ) ....88
13.2 സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ....89

13.3 പ്രധാന മന്ത്രി ഗ്രാമ സടക് യോജന (PMGSY) .................................................. 89
13.4 ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (RIDF)................................................... 90
13.5 നാഷണൽ റൂർബൻ മിഷൻ (NRuM)...................................................................... 90
13.6 സൻസദ് ആദർശ് ഗ്രാമ യോജന ......................................................................... 94
13.7 പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ).................................................. 100
13.8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി............................102

# 1
# ബ്ലോക്ക് പഞ്ചായത്തും ക്ഷേമപ്രവർത്തനങ്ങളും

അധികാര വികേന്ദ്രീകരണം വഴി പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്താൻ കഴിഞ്ഞ സംസ്ഥാനമാണ് നമ്മുടേത്. ഗ്രാമസഭയും, ഗ്രാമസഭയെ അടിസ്ഥാന ഘടകമാക്കി പ്രവർത്തിക്കുന്ന ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും കൂടിയതാണ് ത്രിതല പഞ്ചായത്ത് രാജ് സംവിധാനം. ത്രിതല പഞ്ചായത്തുകൾ തമ്മിൽ മേൽ കീഴ് ബന്ധമല്ല ഉള്ളത്. അധികാരങ്ങളുടേയും പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിൽ അവ പരസ്പരം പൂരകമായി പ്രവർത്തിക്കണമെന്നാണ് നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഈ അനുപൂരക സ്വഭാവം ശക്തിപ്പെടുത്താനാവൂ. പഞ്ചായത്ത് രാജ് സംവിധാനത്തിലെ മദ്ധ്യതലം ആണ് ബ്ലോക്ക് പഞ്ചായത്ത്. ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരവും പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികയിലും പ്രതിപാദിക്കുന്ന ചുമതലകളാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. സാമൂഹ്യ നീതിയും സാമ്പത്തിക വികസനവും ക്ഷേമവും സാദ്ധ്യമാക്കുക എന്ന സുപ്രധാന ചുമതലയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളത്. സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് കേരളം നൽകിയ ഊന്നലാണ് മാനവവികസന സൂചികയിൽ മുൻ നിരയിൽ എത്താൻ നമ്മെ സഹായിച്ചത്. United Nations Development Programme (UNDP) യുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ കേരളമാണ് രാജ്യത്ത് ഒന്നാമതായി എത്തിയത് എന്ന് നീതി ആയോഗിന്റെ റിപ്പോർട്ടിൽ കാണാം. ശക്തമായ പഞ്ചായത്ത് രാജ് സംവിധാനമാണ് ഇതിലേക്ക് എത്താൻ സഹായിച്ചതിൽ ഒരു കാരണം. മാനവ വികസന സേവനങ്ങൾ നൽകാൻ ഉത്തരവാദപ്പെട്ട സേവന സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് കുറവാണെങ്കിലും മറ്റ് തലത്തിലെ പഞ്ചായത്തുകളുമായി ചേർന്ന് ക്ഷേമകാര്യങ്ങളിൽ ഒട്ടനവധി കാര്യങ്ങൾ നിർവ്വഹിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിയും.

കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന മുഖ്യ ലക്ഷ്യവുമായാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ചത്. തദ്ദേശ ഭരണ സ്ഥാപനങ്ങളും മുന്നിൽ നിന്ന് പ്രവർത്തിച്ചാലേ ലക്ഷ്യം പൂർത്തിയാവൂ. ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സംസ്ഥാനത്തിന്റെ സാമൂഹ്യ സുരക്ഷാ സംവിധാനത്തെ സമഗ്രമാക്കി മാറ്റുക. പാർശ്വവൽക്കരിക്കപ്പെട്ട വരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്ന ശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ്, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ, തുടങ്ങിയവർക്ക്പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് രൂപം നൽകാനുള്ള പദ്ധതികൾ പതിമൂന്നാം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതുമാണ്.

ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കി സമഗ്രലക്ഷ്യം കൈവരിക്കാൻ കഴിയണം. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടകപദ്ധതി, കുട്ടികൾ, ഭിന്ന ശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ്, അതിഥി തൊഴിലാളികൾ എന്നിവർക്ക് വേണ്ടി പ്രത്യേക പദ്ധതി, വയോജനങ്ങൾക്കും, പാലിയേറ്റീവ് പരിചരണത്തിനും വേണ്ടി പ്രത്യേകം പ്രത്യേകം പദ്ധതികൾ എന്നിവ തയ്യാറാക്കി സാമൂഹ്യ ക്ഷേമത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിക്കേണ്ടതാണ്.

## 1.1 സാമൂഹിക സുരക്ഷയും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും

പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, വയോജനങ്ങൾ, അരക്ഷിതർ എന്നിവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്. ഇവർക്കായി ക്ഷേമ സുരക്ഷാ പദ്ധതികൾ ഗ്രാമപഞ്ചായത്തുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് രൂപം നൽകാവുന്നതാണ്. ഇത്തരത്തിലുള്ള സാമൂഹ്യ സുരക്ഷാ വലയത്തിൽ പെടാത്തവരും ആരാലും ശ്രദ്ധിക്കപ്പെടാത്തവരും കഷ്ടത അനുഭവിക്കുന്നവരും സമൂഹത്തിൽ ഉണ്ട്. വാർദ്ധക്യകാലം സ്വഗൃഹത്തിൽ എന്നതാണ് പൊതുസമൂഹം ആഗ്രഹിക്കുന്നത് എന്നാൽ ഒറ്റപ്പെടുന്നവർക്ക് താങ്ങും തണലുമായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും വയോജന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.

വ്യക്തിയോ കുടുംബമോ, സമൂഹമോ അതിജീവനം, സംരക്ഷണം, സുരക്ഷ, മാനസിക വികാസം, പങ്കാളിത്തം, എന്നീ അവകാശങ്ങൾ നേടുന്നതിൽ സാഹചര്യങ്ങളുടെ പ്രത്യേകത മൂലം പൊതുനിലവാരത്തിൽ നിന്നും ഏറെ പിന്നിലാവുന്നു. ഇത് മൂലം ആരോഗ്യം, അറിവ്, ജീവൻ, വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം എന്നിവ വ്യവസ്ഥാപിതമായി ആർജ്ജിക്കുന്നതിൽ അപ്രാപ്യരാകുന്നു. ഈ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ശാരീരിക സാമ്പത്തിക, സാമൂഹ്യ, മാനസിക അവസ്ഥകൾ മെച്ചപ്പെടുത്തി അവരെ പൊതുനിലവാരത്തിൽ എത്തിക്കുന്നതാണ് ക്ഷേമ പ്രവർത്തനങ്ങൾ.

“പ്രത്യേക സഹചര്യങ്ങളാൽ പൊതു നിലവാരത്തിൽ നിന്നും പിന്നോക്കം നിൽക്കുന്നവരെ ശരാശരി നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന യത്നങ്ങളാണ് ക്ഷേമപ്രവർത്തനങ്ങൾ” ഇത്തരത്തിലുള്ള ജനവിഭാഗങ്ങൾക്കും നീതി ലഭിക്കുമ്പോൾ മാത്രമേ ഭരണഘടന പഞ്ചായത്തിനെ ഏൽപ്പിച്ച സാമൂഹ്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കാനാകൂ.

ഇത്തരത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ചിട്ടയായും കൃത്യമായും നടപ്പിൽ വരുത്താനാണ് പഞ്ചായത്ത് രാജ് നിയമത്തിൽ ഭരണസമിതിയെ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടിയ ക്ഷേമകാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക സ്റ്റാന്റിംഗ് കമ്മിറ്റി തന്നെ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് കാണാവുന്നതാണ്

പഞ്ചായത്ത് രാജ് നിയമത്തിലെ താഴെ ചേർത്ത ചുമതലകളാണ് ക്ഷേമകാര്യവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നത്.

1. പട്ടികജാതി-പട്ടികവർഗ്ഗ വികസനം
2. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം
3. സാമൂഹ്യക്ഷേമം
4. ദാരിദ്ര്യ നിർമ്മാർജ്ജനം
5. പൊതുവിതരണ സമ്പ്രദായം

പ്രസ്തുത ചുമതലയുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് താഴെ പറയുന്നത്.

## 1.2 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) – ബ്ലോക്ക്തല പദ്ധതി ആസൂത്രണം, ഗ്രാമപഞ്ചായത്ത് തല പ്രവർത്തനങ്ങളുടെ മേൽനോട്ടം, മോണിറ്ററിംഗ്, സാങ്കേതിക സഹായം
- സ്വയം തൊഴിൽ പദ്ധതികൾക്ക് സഹായങ്ങൾ - പരിശീലനങ്ങൾ, വായ്പ ലഭ്യമാക്കുക
- വനിതാ ക്ഷേമ പ്രവർത്തനങ്ങൾ
- യുവജന ക്ലബ്ബുകൾക്ക് വേണ്ട സഹായങ്ങൾ
- ബി.പി.ൽ ലിസ്റ്റ്, സർട്ടിഫിക്കറ്റ് നൽകൽ

## 1.3 വ്യവസായ വികസന വകുപ്പ്

- തൊഴിൽ സംരഭകരെ കണ്ടെത്തൽ, പ്രോത്സാഹിപ്പിക്കൽ
- സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ നേടിയെടുക്കുന്നതിന് വേണ്ട സഹായങ്ങൾ

- തൊഴിൽ പരിശീലനങ്ങൾ, വൈദഗ്ധ്യ പോഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തൽ

## 1.4 സംയോജിത ശിശു വികസന പദ്ധതി ഓഫീസ് (ICDS)

- ഗ്രാമപഞ്ചായത്തുകളിൽ ICDS പദ്ധതി തയ്യാറാക്കൽ, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയുടെ മേൽനോട്ടം.
- കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം, മേൽനോട്ടം
- ബാലനീതി നിയമം 2000 പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കുട്ടികൾക്കായുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക
- സ്ത്രീകൾക്കും, കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവയ്ക്കെതിരെയുള്ള ജാഗ്രത പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- 0-6 വയസ്സ വരേയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ആരോഗ്യ പോഷണ പ്രവർത്തനങ്ങളുടെ മേൽനോട്ടം
- ICDS വാർഷിക സർവെ-ക്രോഡീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം
- ICDS സർവ്വേ പ്രകാരമുള്ള സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുക.
- ബ്ലോക്ക്തല സാമൂഹ്യ ക്ഷേമ പദ്ധതികൾ തയ്യാറാക്കൽ, നിർവ്വഹണം എന്നിവ നടപ്പിലാക്കുക.

## 1.5 ബ്ലോക്ക് തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC)

- ദ്വിതീയതല പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തുക
- HIV/AIDS ബാധിതർക്കുള്ള പ്രത്യേക ക്ലിനിക്കുകൾ, സഹായങ്ങൾ നൽകുക.

## 1.6 പ്രീ-മെട്രിക് ഹോസ്റ്റൽ

- പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക വേണ്ടിയുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പ്
- ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ട്യൂഷൻ സേവനം ലഭ്യമാക്കൽ

## 1.7 മഹിളാമന്ദിരം

അന്തേവാസികളായ സ്ത്രീകൾക്ക് മെച്ചപ്പെട്ട താമസം, വൈദ്യസഹായം, നിയമ സഹായം, ഭക്ഷണം എന്നിവ ലഭ്യമാക്കുക

## 1.8 വൃദ്ധമന്ദിരം

വൃദ്ധമന്ദിരം നടത്തുക, അന്തേവാസികൾക്ക് ആവശ്യമായ ഭക്ഷണം, താമസം, വൈദ്യസഹായം എന്നിവ ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുക.

## 1.9 കാലാവസ്ഥ വ്യതിയാന കാലത്തെ വികസനവും ബ്ലോക്ക് പഞ്ചായത്തും

ആവാസ വ്യവസ്ഥയുടെ പരിപാലനവും ജൈവവൈവിധ്യത്തിന്റെ സ്ഥായിയായ നിലനില്പും ഉറപ്പ് വരുത്തിക്കൊണ്ടുള്ള വികസനമാണ് കേരളം ലക്ഷ്യമിടുന്നത്. വളർച്ചയോടൊപ്പം പരിസ്ഥിതി രക്ഷ ഉറപ്പാക്കാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന വികസനത്തിനാണ് 13-ാം പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ വികസന പ്രവർത്തനങ്ങളും കേരളത്തിന്റെ സവിശേഷമായ പാരിസ്ഥിതിക സാഹചര്യങ്ങളെ മുഖവിലക്കെടുക്കണം, ആരോഗ്യപൂർണ്ണമായ പരിസ്ഥിതി – ആരോഗ്യമുള്ള ജനത എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ പരിസ്ഥിതി ആഘാതവും പരിഗണിക്കേണ്ടതാണ്. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വികസനത്തിന്റെ ചലനങ്ങൾ എത്തിക്കുന്നതിന് പ്രധാനപ്പെട്ട മാർഗ്ഗമാണ് അധികാര വികേന്ദ്രീകരണം വഴി തുറന്ന് കിട്ടിയത്. ഇത്തരത്തിൽ വലുതും ചെറുതുമായ വികസന പ്രവർത്തനങ്ങൾ നടക്കുമ്പോഴും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, യന്ത്രങ്ങൾ വാങ്ങുമ്പോഴും അത് പരിസ്ഥിതിയെ, നമ്മുടെ ആവാസ വ്യവസ്ഥയെ എങ്ങിനെ ബാധിക്കുന്നു എന്നു കൂടി പരിഗണിക്കേണ്ടതാണ്.

ഇപ്പോൾ നമ്മുടെ ചുറ്റുപാട് എടുത്ത് പരിശോധിച്ചാൽ നമുക്ക് ബോദ്ധ്യമാകുന്നതാണ്, വരൾച്ച, കിണറുകളും ജലസ്രോതസ്സുകൾ വറ്റുന്നു, ചൂടുകൂടുന്നു, മഴ കുറയുന്നു, അകാലത്തിൽ മഴ, മാറി വരുന്ന കാലാവസ്ഥ, അതിവൃഷ്ടി, പേമാരി, വെള്ളപൊക്കം, വേഗതകൂടിയ കാറ്റ്, പകർച്ചവ്യാധികൾ ഇവയെല്ലാം വർദ്ധിച്ചു വരുന്നു. നിപ, ഓഖി, സുനാമി ഇതെല്ലാം നമ്മൾ അനുഭവിച്ചറിഞ്ഞു. ഇപ്പോൾ COVID -19 എന്ന മഹാമാരിയുടെ ഭീഷണിയിൽ വിറങ്ങലിച്ചു നിൽക്കുന്ന അവസ്ഥയും. 2018, 2019 ലെയും പ്രളയവും, ഉരുൾപൊട്ടലും, നിപയും, കൊറോണയും വലിയ പാഠമാണ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. നിയന്ത്രണ പ്രവർത്തനങ്ങളും, പ്രതിരോധ പ്രവർത്തനങ്ങളും, അനുരൂപപെടലും, ലഘൂകരണവും പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ ബ്ലോക്ക് പഞ്ചായത്തിനും അതിന്റേതായ ഉത്തരവാദിത്വവും ചുമതലയും ഉണ്ട്

ജനസാന്ദ്രത കൂടിയ സംസ്ഥാനമാണ് നമ്മുടേത്. നഗരവൽക്കരണം ത്വരിതഗതിയിൽ നടക്കുന്ന സംസ്ഥാനവുമാണ്. പലവിധത്തിലുള്ള അപായ സാധ്യതയുള്ള പ്രദേശങ്ങൾ ഉള്ള സംസ്ഥാനമാണ് കേരളം. സമുദ്രനിരപ്പിൽ നിന്നും 75 മീറ്റർ ഉയരത്തിലുള്ള മലനാട് (48%) താഴ്വാരങ്ങളും സമതലങ്ങളും അടങ്ങിയ 7.5 മുതൽ 75 മീറ്റർ ഉയരത്തിലുള്ള ഇടനാട്, 7.5. മീറ്റർ വരെ സമുദ്രജലനിരപ്പിന് താഴെയുള്ള തീരമേഖലയുള്ള താഴ്ന്ന പ്രദേശം എന്നിവ കേരള ഭൂപ്രകൃതിയുടെ സവിശേഷതകളാണ്.

പ്രളയം, വരൾച്ച, മണ്ണിടിച്ചിൽ, ഭൂചലനം, ഇടിമിന്നൽ, കാട്ടുതീ, പകർച്ച വ്യാധികൾ, വാഹന അപകടങ്ങൾ തുടങ്ങിയവ കൂടുതലായി കേരളത്തിൽ വരുന്നു.

ആഗോള താപനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പ്രവചിക്കാൻ പറ്റാത്ത ആഘാതങ്ങളാണ് പ്രകൃതിയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഉൽപാദന മേഖലയെ വലിയതോതിൽ പ്രതികൂലമായി ബാധിക്കുകയാണ്.

ദുരന്തങ്ങളെ നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ ഉത്തരവാദിത്വമാണ് ഉള്ളത്. പുതുതായി ഒരു വർക്കിംഗ് ഗ്രൂപ്പ് ബ്ലോക്ക് പഞ്ചായത്തിൽ 2018-ൽ നിലവിൽ വന്നു. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപ്പൊട്ടൽ, പ്രളയം, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യതകൂടി കണക്കിലെടുത്താണ് പ്രതിരോധത്തിന് വേണ്ടി ഒരു സമഗ്ര പരിപാടി ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം വെച്ച് പ്രസിഡണ്ട് ചെയർമാനും, സെക്രട്ടറി കൺവീനറും Bio-Diversity Management Committee (BMC) യിലെ അംഗങ്ങളെയും കൂടി ഉൾപ്പെടുത്തി ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്ന മേഖലക്ക് വർക്കിംഗ് ഗ്രൂപ്പ് നിലവിൽ വന്നത്. പ്രസ്തുത കമ്മറ്റിയുടെ നേതൃത്വത്തിൽ വിപുലമായ ദുരന്ത നിവാരണ രേഖ തയ്യാറാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ദുരന്ത ലഘൂകരണ സമഗ്രരേഖയിൽ ആറാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട പദ്ധതി തയ്യാറാക്കേണ്ട ചുമതല ബ്ലോക്ക് പഞ്ചായത്തിനുണ്ട്.

ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കണം. പ്രകൃതിദത്തമായി ഉണ്ടാവുന്ന അപായങ്ങളും, മാനുഷിക ഇടപെടലുകൾ കാരണം ഉണ്ടാകുന്ന അപായങ്ങളുമാണ് പ്രധാനമായും രാജ്യത്ത് ഉണ്ടാവുക. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരവും ചുമതലയും ഉപയോഗിച്ച് സമഗ്ര പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

## 1.10 ജൈവ വൈവിധ്യ സമിതികൾ

2002-ലെ ദേശീയ ജൈവ വൈവിധ്യ നിയമ പ്രകാരവും 2004-ലെ കേന്ദ്ര ജൈവ വൈവിധ്യ ചട്ട പ്രകാരവും 2008-ലെ കേരള സംസ്ഥാന ജൈവ വൈവിധ്യ ചട്ടങ്ങൾ പ്രകാരവും ബ്ലോക്ക് പഞ്ചായത്തിൽ 2019 മുതൽ ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) നിലവിൽ വന്നിട്ടുണ്ട്. മുൻപ് ഗ്രാമപഞ്ചായത്തിലും നഗരസഭകളിലും മാത്രമാണ് ഇവ ഉണ്ടായിരുന്നത്. പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറും ഉൾപ്പെടെ എട്ട് അംഗങ്ങൾ അടങ്ങിയതാണ് BMC. ജൈവവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം ഉറപ്പ് വരുത്തുക, ജൈവവൈവിധ്യം സംരക്ഷിക്കുക, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്ക് വെക്കൽ എന്നീ ലക്ഷ്യങ്ങളാണ് ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളത്. ഈ ലക്ഷ്യം കൈവരിക്കാൻ പദ്ധതി തയ്യാറാക്കുക എന്നതും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുള്ളതാണ്. കാലാവസ്ഥാ വ്യതിയാന കാരണങ്ങളെ ലഘൂകരിക്കാനും, ആഘാതങ്ങളോട് അനുരൂപപ്പെടാനുമുള്ള ക്രമീകരണങ്ങൾ, വികസന പരിപാടികൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ

പദ്ധതിയിൽ ഉണ്ടാവുമെന്ന് ഉറപ്പ് വരുത്താൻ കഴിയണം.

- പുനഃരധിവാസത്തിന് ആവശ്യമായ സംവിധാനങ്ങൾ നിലവിലുള്ള സ്ഥാപനങ്ങളിൽ ലഭ്യമാണെന്ന് ഉറപ്പ് വരുത്തുക.
- പുതിയ കെട്ടിട നിർമ്മാണത്തിൽ ആധുനിക സംവിധാനങ്ങൾ, ഫ്രീഫാബ് സാങ്കേതിക വിദ്യ പരമാവധി ഉപയോഗിക്കുക.
- വെള്ളപൊക്കത്തെ അതിജീവിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക
- പകർച്ചവ്യാധിക്കെതിരെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (IEC) പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- മരമഹോൽസവങ്ങൾ, ഗൃഹചൈതന്യം പദ്ധതി തുടങ്ങിയവ നടത്തുക.
- ബ്ലോക്ക് തലത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ ഫലവൃക്ഷതൈകളുടെ നഴ്സറി കാർഷിക സേവനങ്ങൾ ഉൾപ്പെടെ നൽകുന്ന ഒരു സംരംഭ കേന്ദ്ര ങ്ങൾ സ്ഥാപിക്കുക
- നീർത്തട മാസ്റ്റർ പ്ലാൻ - പ്രകാരം വികസന പ്രവർത്തനങ്ങൾ നടപ്പിലാ ക്കുക.
- പാരമ്പര്യ നവീന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈ വോർജ്ജം, മൈക്രോഹൈഡൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- പ്രതിരോധശേഷി കൂടിയ നാടൻ വിത്തുകൾ പ്രോൽസാഹിപ്പിക്കുക, ജൈവകൃഷി, ബഹുവിള സമ്പ്രദായം പ്രോൽസാഹിപ്പിക്കുക
- നീർച്ചാൽ, പുഴ പുനഃരുജ്ജീവന പരിപാടി ഏറ്റെടുക്കുക
- ഉൽപാദന മേഖലയെ രൂക്ഷമായി ബാധിക്കുന്ന അപകടകരമായ സസ്യ ങ്ങളെ നിയന്ത്രിക്കാനും ഇല്ലാതാക്കുന്നതിനും പദ്ധതി തയ്യാറാക്കുക
- മൽസ്യബന്ധന മാർഗ്ഗങ്ങൾ സുസ്ഥിരമായി പരിഷ്ക്കരിക്കുക, മൂല്യവർ ദ്ധിത ഉല്പന്ന കേന്ദ്രങ്ങൾ പ്രോൽസാഹിപ്പിക്കുക
- കാർഷിക, പാൽ, മൽസ്യ ആധുനിക സംഭരണ കേന്ദ്രങ്ങൾ ആരംഭി ക്കുക തുടങ്ങിയവ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് നടപ്പിലാക്കുന്ന തിന് പ്രാധാന്യം നൽകേണ്ടതാണ്.

# 2
# പ്രത്യേക ഘടക പദ്ധതികൾ

## 2.1 പ്രത്യേക ഘടക പദ്ധതികൾ എന്തിന്?

എല്ലാവർക്കും വേണ്ടി പൊതുവായി ചെയ്യുന്ന കാര്യങ്ങൾകൊണ്ടു മാത്രം പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവർക്ക് പ്രയോജനം ലഭിക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ അവർക്ക് അവ നേടിയെടുക്കുവാനുള്ള ശേഷി തന്നെ ഉണ്ടായിരിക്കുകയില്ല. അല്ലെങ്കിൽ എല്ലാവർക്കും ലഭിക്കും പോലെ ലഭിച്ചതുകൊണ്ട് മാത്രം അവരുടെ ആവശ്യം നിറവേറുകയില്ല. ഈ സന്ദർഭത്തിലാണ് ഏറെ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകേണ്ടി വരുന്നത്. സംവരണം പ്രത്യേക പരിഗണനയ്ക്ക് ഒരു ഉദാഹരണമാണല്ലോ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗങ്ങളുണ്ട്. പട്ടിക ജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, സ്ത്രീകൾ, ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്നവർ മുതലായവർ ഇക്കൂട്ടത്തിൽ പെടുന്നു. അതിനാൽ പദ്ധതി തയ്യാറാക്കുമ്പോൾ ഇങ്ങനെയുള്ളവരെ പ്രത്യേകം പരിഗണിക്കേണ്ടതാണ്. അതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കണമെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.അതാത് മേഖലയിൽ ശരിയായ കാഴ്ച്ചപ്പാടും വൈദഗദ്ധ്യവും ഉള്ളവർ മാത്രമായിരിക്കണം ഇത്തരം പദ്ധതികൾ തയ്യാറാക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2.2 പ്രത്യേക പദ്ധതികൾ

- ദാരിദ്ര്യ ലഘൂകരണം
- വനിതാ ഘടക പദ്ധതി
- പട്ടികജാതി ഉപപദ്ധതി
- പട്ടികവർഗ്ഗ ഉപപദ്ധതി
- ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള ഉപപദ്ധതി
- വയോജന ക്ഷേമവും സാന്ത്വന പരിചരണവും
- മത്സ്യതൊഴിലാളികൾക്ക് ആവശ്യമായ പ്രത്യേക പദ്ധതികൾ

## വനിതാഘടക പദ്ധതി (Women Component Plan)

മൊത്തം ലഭിക്കുന്ന വികസന ഫണ്ടിന്റെ കുറഞ്ഞത് 10% തുക വനിതകൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പരിപാടികൾക്കായി വകയിരുത്തി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണം ഇതിനെയാണ് വനിത ഘടക പദ്ധതി എന്നു പറയുന്നത്.

വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് നിർദ്ദേശിക്കുന്നു. സ്ത്രീകളുടെ തൊഴിലും, വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്.

# 3
# ദാരിദ്ര്യ ലഘൂകരണവും സാമൂഹ്യ സുരക്ഷിതത്വവും

**ആമുഖം**

വ്യക്തിയേയും സമൂഹത്തേയും പൊതുവായി ബാധിക്കുന്ന അവസ്ഥയാണ് ദാരിദ്ര്യം. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഇല്ലായ്മകളുടെ കൂടിച്ചേരലാണ് ദാരിദ്ര്യം. ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ തന്നെ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് രൂപം നൽകിയ രാജ്യമാണ് നമ്മുടേത്. എങ്കിലും ദാരിദ്ര്യം ഏറ്റക്കുറച്ചിലോടെ ഇന്നും തുടരുകയാണ്.

## 3.1 എന്താണ് ദാരിദ്ര്യം ?

ദാരിദ്ര്യം ഒരു കൂട്ടം ഇല്ലായ്മകളുടേയോ നിഷേധങ്ങളുടേയോ ഫലമായി അനുഭവപ്പെടുന്ന അവസ്ഥയാണ്.

## 3.2 ദാരിദ്ര്യത്തിന്റെ പ്രത്യാഘാതങ്ങൾ

- അന്തസ്സോടെ. സ്വാതന്ത്ര്യത്തോടെ ജീവിയ്ക്കാനുള്ള മനുഷ്യാവകാശത്തെ ഇല്ലാതാക്കുന്നു.
- മനുഷ്യ സമൂഹം ആർജ്ജിച്ച പുരോഗതിയുടെ ഗുണഫലങ്ങൾ അനുഭവവേദ്യമാകുന്നില്ല
- സ്വന്തം പ്രദേശത്തിന്റേയും രാഷ്ട്രത്തിന്റേയും പുരോഗതിയ്ക്കും മതിപ്പിനും ഇടിവ് തട്ടുന്നു.
- ശൈശവ മരണങ്ങൾ, രോഗബാധ, ആരോഗ്യമില്ലായ്മ, പഠനശേഷിക്കുറവ്, അധ്വാന ശേഷിക്കുറവ്, ആത്മഹത്യ, അകാല മരണം തുടങ്ങിയവ ദാരിദ്ര്യത്തിന്റെ പ്രത്യാഘാതങ്ങളാണ്.

## 3.3 ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും അനുബന്ധമായ പൊതുപരിപാടികളെ ഏകോപിപ്പിച്ച് ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ ഉത്തരവാദിത്വമുണ്ട്. സാമ്പത്തിക വികസനത്തിനും സമൂഹ്യ നീതിക്കും സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. അതുകൊണ്ട് തന്നെയാണ് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പൊതു പദ്ധതിയുടെ അഭിവാജ്യ ഘടകം ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളത്.

## 3.4 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ (Anti Poverty Plans)

കേരളാ പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് പ്രകാരവും 4-ാം പട്ടിക പ്രകാരവും ദാരിദ്ര്യ നിർമ്മാർജ്ജനം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക, പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോട് കൂടിയ തൊഴിൽ നൽകുകയും ചെയ്യുക എന്ന രണ്ട് പ്രധാനപ്പെട്ട ചുമതലകളാണ് ബ്ലോക്ക് പഞ്ചായത്തിനെ ഏല്പിച്ചിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ൽ (3) (4) പ്രകാരം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി പ്രത്യേകം വിഭാഗങ്ങൾക്കും പ്രത്യേക മേഖലകൾക്കും ഉള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി , കുട്ടികൾ, ഭിന്നശേഷി, ട്രാൻസ്ജെന്റേഴ്സ് എന്നിവർക്കുള്ള പ്രത്യേക പദ്ധതികൾ, വയോജന ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും, വനിതാ ഘടക പദ്ധതികൾ, അഗതികൾക്കുള്ള പദ്ധതികൾ തുടങ്ങിയവയ്ക്ക് രൂപം നൽകാനുള്ള ഉത്തരവാദിത്വം ബ്ലോക്ക് പഞ്ചായത്തുകൾക്കുണ്ട്.

ദാരിദ്ര്യം എന്നത് ഇല്ലായ്മകളുടെ കൂടിച്ചേരലാണ്. ഇല്ലായ്മകൾ കണ്ടെത്തി പരിഹരിച്ചാൽ മാത്രമേ ഓരോ കുടുംബവും ദാരിദ്ര്യാവസ്ഥയിൽ നിന്ന് കരകയറുകയുള്ളൂ. അത്കൊണ്ട് ദാരിദ്ര്യം ഇല്ലായ്മ ചെയ്യണമെങ്കിൽ ഓരോ കുടുബത്തിന്റേയും ഇല്ലായ്മകൾ എന്തൊക്കെയാണെന്ന് കണ്ടെത്തണം. അതായത് പദ്ധതി ആസൂത്രണ പ്രക്രിയ കുടുംബത്തിൽ നിന്ന് തുടങ്ങണം. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കേണ്ട ചുമതല ദാരിദ്ര്യ നിർമ്മാർജ്ജന വർക്കിംഗ് ഗ്രൂപ്പിനാണ്.

മുകൾതട്ടിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് പകരം പ്രാദേശിക സ്വീകാര്യതയും ഓരോ വിഭാഗത്തിനും അനുയോജ്യമായ രീതിയിൽ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പ്രക്രിയയാണത്. കുടുംബ

ശ്രീയുടെ ത്രിതല സംഘടനാ സംവിധാനത്തിലൂടെയാണ് ദാരിദ്ര്യ നിർമ്മാർ ജ്ജന ഉപപദ്ധതിയുടെ ആദ്യഘട്ടം തയ്യാറായി വരുന്നത്. പഞ്ചായത്ത്തല കർമ്മ പദ്ധതി രൂപം കൊടുക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഈ കർമ്മ പദ്ധതി ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന് കൈമാറുന്നു.ഇങ്ങനെ സമർപ്പി ക്കപ്പെടുന്ന പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ അനുയോജ്യമായ കേന്ദ്ര-സംസ്ഥാന ദാരിദ്ര്യ ലഘൂകരണ പദ്ധതികളുമായി സംയോജിപ്പിച്ചും സാമൂഹ്യ ക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഇടപെടൽ സാധ്യതകൾ ഉപയോഗപ്പെടുത്തിയും അതാത് മേഖലകൾക്ക് അനുയോജ്യമായ പ്രോജക്ടു കൾക്ക് രൂപം കൊടുക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തിയിട്ടുള്ളതും അവർക്ക് ഏറ്റെടുക്കാൻ കഴി യാത്തതുമായ പരിപാടികൾക്ക് മുൻഗണന കൊടുത്തുകൊണ്ടായിരിക്കണം ബ്ലോക്ക് പഞ്ചായത്തുകൾ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി തയ്യാറാക്കേണ്ടത്. അതാത് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന പദ്ധതിയെ സഹായിക്കു ന്നതായിരിക്കണം ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികൾ.

ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ, അവ നിറവേറ്റുന്നതിലെ അപര്യാ പ്തത, ആയതിനുള്ള വിവിധ കാരണങ്ങൾ എന്നിവ അപഗ്രഥിക്കണം. അജ്ഞത വിദ്യാഭ്യാസക്കുറവ്, രോഗാതുരത്വം, ശുചിത്വക്കുറവ്, വരുമാനക്കുറവ്, ദുഃശീ ലങ്ങൾ, ചൂഷണങ്ങൾക്ക് വിധേയമാകൽ, സമ്പാദ്യമില്ലായ്മ, ദുഷ്ചെലവുകൾ, അന്ധവിശ്വാസങ്ങൾ മുതലായവ ഇതിന് കാരണമാകാം. അവ ഓരോന്നും കണ്ടെത്തുകയും ദൂരീകരിക്കുകയും വേണം.

ഇതിനായി ബോധവൽക്കരണം, പൗരബോധം വളർത്തൽ, വിദ്യാഭ്യാസം നൽകൽ, രോഗപ്രതിരോധം, ശുചിത്വ സംവിധാനം പ്രയോജനപ്പെടുത്തൽ, ആരോഗ്യം നിലനിർത്തുന്നതിനുള്ള പ്രവൃത്തികൾ, ദുഃശ്ശീലങ്ങൾ നിയന്ത്രിക്കു ന്നതിനുള്ള കൗൺസിലിംഗ്, ഡീ അഡിക്ഷൻ സെന്ററുകൾ, സമ്പാദ്യ ശീലം വളർത്തൽ മുതലായ പരിഹാര മാർഗ്ഗങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം.

## 3.5 അഗതി രഹിത കേരളം

സമൂഹത്തിലെ ജനങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരും, അശരണരും നി രാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ മികച്ച രീതി യിലുള്ള സേവനങ്ങൾ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആശ്രയ. വിവിധ സാഹചര്യങ്ങളിൽ സമൂഹത്തിൽ ഒറ്റപ്പെടുന്ന വരെ പദ്ധതിയിലേക്ക് ഏത് സമയവും ഉൾചേർക്കുക എന്ന ലക്ഷ്യത്തോടുകൂ ടിയാണ് ആശ്രയ പദ്ധതി "അഗതി രഹിത കേരളം" എന്ന സമഗ്രതയിലേക്ക് നീങ്ങുന്നത്.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി അഗതികൾക്ക് വേണ്ടി തയ്യാറാക്കുന്ന പദ്ധതിയാണ് ആശ്രയ പദ്ധതി. നിശ്ചിത മാനദണ്ഡങ്ങളുടെ

അടിസ്ഥാനത്തിൽ ഓരോ അഗതി കുടുംബത്തേയും കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനുശേഷം ഓരോ അഗതി കുടുംബവും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നു. ആ പ്രശ്നങ്ങൾ നിശ്ചിത കാലപരിധിക്കുള്ളിൽ പരിഹരിച്ചു നൽകുന്നതിനായിട്ടാണ് ആശ്രയ പദ്ധതി തയ്യാറാക്കുന്നത്. ഗ്രാപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സഹായം നൽകാവുന്നതാണ്. തയ്യാറാക്കുന്ന ആശ്രയ പദ്ധതി കുടുംബശ്രീ മിഷന് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

"അഗതി രഹിത കേരളം" പദ്ധതിയായി രൂപാന്തരപ്പെടുമ്പോൾ നിലവിലെ ഗുണഭോക്തൃ കുടുംബങ്ങളേയും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പുതുതായി കണ്ടെത്തുന്നവരേയും വിവര ശേഖരണം നടത്തി ഈ രണ്ട് വിഭാഗത്തിലും പെടുന്ന എല്ലാ അർഹരായവരെയും ഉൾക്കൊള്ളിക്കുന്നതായിരിക്കും. ഈ പദ്ധതി പ്രവൃത്തി പഥത്തിലെത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവിതരണം, ആരോഗ്യം, വിദ്യാഭ്യാസം, സമൂഹനീതി എന്നീ വകുപ്പുകളുടേയും സംയോജിത ഇടപെടലുകളിലൂടെയാണ്

## 3.6 ഗുണഭോക്താക്കളെ കണ്ടെത്തൽ

ആശ്രയ ഒന്നും രണ്ടും പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ സർവ്വെ നടത്തി തുടർന്നും സേവനം അർഹിക്കുന്നവരെ കണ്ടെത്തേണ്ടതാണ്. അതായത് ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്ക് തുക കണ്ടെത്താൻ നിർവ്വാഹമില്ലാത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തണം.

ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്താത്തവരും എന്നാൽ അർഹതയുള്ളവരുമായവരെ കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3.7 ഫണ്ട് വകയിരുത്തൽ

അഗതി രഹിത കേരളം പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തുകൾ ആകെ അടങ്കൽ തുകയുടെ 15% തുക വകയിരുത്തേണ്ടതാണ്. പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുള്ള തുകകൾ പദ്ധതി കാലയളവിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ വർഷവും പദ്ധതിക്കാവശ്യമായ തുക പദ്ധതി വിഹിതത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തേണ്ടതാണ്.

അഗതി രഹിത കേരളം പദ്ധതിയിലുൾപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പട്ടികജാതി/പട്ടിക വർഗ്ഗ വികസന ഉപപദ്ധതിയിലെ ഘടകങ്ങളിൽ നിന്നും പദ്ധതിയിലേക്ക് തുക വകയിരുത്താവുന്നതാണ്.

## 3.8 ആശ്രയ പദ്ധതി – പരിചരണ – സേവന പാക്കേജ്

1. **അതിജീവനാവശ്യങ്ങൾ** :- ഭക്ഷണം, ആരോഗ്യം, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം തുടങ്ങിയവ ഉറപ്പുവരുത്തേണ്ടതാണ്.

2. **അടിസ്ഥാന സൗകര്യ ആവശ്യം:-** കിടപ്പാടം-ഭൂമി, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
3. **വികസന ആവശ്യങ്ങൾ:-** തൊഴിൽ, തൊഴിൽ പരിശീലനം, നല്ലനന്നതിനു ള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.
4. **പ്രത്യേക പ്രോജക്ടുകൾ:-** ശാരീരികവും, മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

# 4
# ശിശു വികസനം

## 4.1 ശിശു വികസനം

ആറ് വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങളെ ശിശുക്കൾ എന്നു പറയുന്നു. 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാവരെയും കുട്ടികൾ എന്നു പറയുന്നു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അതിനോടൊപ്പം അവർക്ക് ആവശ്യമായ സേവനങ്ങളും സൗകര്യങ്ങളും പ്രാപ്യമാക്കുക എന്നതാണ് ശിശു വികസനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, പോഷകാഹാരം, സാമൂഹിക സുരക്ഷിതത്വം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്കുണ്ടാകുന്ന സമഗ്ര വികസനമാണ് ശിശു വികസനം എന്നു പറയുന്നത്. കുട്ടികളുടെ സമഗ്ര വികസനം പ്രാപ്യമാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട കുടുംബം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ, അനാഥരായ കുട്ടികൾ, പീഡിപ്പിക്കപ്പെടുന്ന കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട കുട്ടികൾ ഇങ്ങനെ പല മേഖലകളിലും കുട്ടികൾ സമൂഹത്തിൽ പല പ്രശ്നങ്ങളും നേരിടുന്നുണ്ട്. കേരളത്തിലെ ഈ കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സമഗ്ര ശിശു വികസന പദ്ധതി രൂപീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കേണ്ടതുണ്ട്.

## 4.2 ഐ.സി.ഡി.എസ്. പ്രവർത്തനങ്ങൾ

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന് മുന്നിൽ കണ്ടുകൊണ്ട് 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.) സംസ്ഥാനത്ത് വനിതാ ശിശുവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണിത്. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇന്ന് 258 ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു.

സമഗ്ര ശിശുവികസനത്തിന് അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേ സമയം ഒരേ സ്ഥലത്തുനിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രവർത്തനം സാദ്ധ്യമാക്കുക എന്നതാണ് ഐ.സി.ഡി.എസ്.ന്റെ ലക്ഷ്യം. 100 % കേന്ദ്രസഹായ പദ്ധതിയായിരുന്ന ഐ.സി.ഡി.എസ്. പദ്ധതിയുടെ ചെലവുകൾ 2009-10 വർഷം മുതൽ 90:10 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിച്ചുവരുന്നു. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശു സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനുള്ള ഏറ്റവും താഴെ തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രമാണ് ഐ.സി.ഡി.എസ്. പദ്ധതിയിലെ അങ്കണവാടി കേന്ദ്രങ്ങൾ. 258 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി 32986 അങ്കണവാടികളും 129 മിനി അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്.

## 4.3 പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. 6 വയസ്സുവരെയുള്ള ശിശുക്കളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശു മരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവയുടെ തോത് കുറക്കുക.
4. ശിശു വികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയ രൂപീകരണത്തിന് ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യം, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്ക വിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

## 4.4 സമഗ്രശിശു വികസന പദ്ധതി

ഗർഭസ്ഥ ശിശു മുതൽ 06 വയസ്സുവരെയുള്ളവരെയാണ് ശിശുക്കൾ എന്ന് നാം നിർവ്വചിക്കുന്നത്. ശിശുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അതിനോടൊപ്പം ആവശ്യമായ സേവനങ്ങളും സൌകര്യങ്ങളും അവർക്ക് പ്രാപ്യമാക്കുക എന്നത് പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്.

### 4.4.1 ലക്ഷ്യം

സാർവ്വദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ അവകാശപ്രഖ്യാപന രേഖയിലെ സുപ്രധാന അവകാശങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്നതാവണം സമഗ്രശിശു വികസന പരിപാടിയുടെ ലക്ഷ്യം.

### 4.4.2 കുട്ടികളുടെ അവകാശങ്ങൾ

- അതിജീവനം (ആരോഗ്യം, ശുചിത്വം)
- വികസനം (പോഷകാഹാരം, വിദ്യാഭ്യാസം)
- സംരക്ഷണം (സാമൂഹ്യസുരക്ഷിതത്വം)
- പങ്കാളിത്തം (കുട്ടികളുടെ പങ്കാളിത്തവും പശ്ചാത്തല സൗകര്യങ്ങളും)

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെയും പഞ്ചായത്ത് രാജ് – മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും നിക്ഷിപ്തമായ ചുമതലകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ വികസനത്തിനായി വിവിധ മേഖലകളിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ശിശുക്കൾക്ക് വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി പദ്ധതികൾ നിലവിലുണ്ട്. ശിശുക്കൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും (അങ്കണവാടി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതലായവ) അവയിലെ ഉദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ശിശുക്കളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടതുണ്ട്.

### 4.4.3 ശിശു വികസന മേഖല നേരിടുന്ന പ്രശ്നങ്ങൾ

- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ
- ഉപേക്ഷിക്കപ്പെട്ട കുട്ടികൾ
- സംരക്ഷണം ലഭിക്കാത്ത കുട്ടികൾ
- അതിഥി തൊഴിലാളികളുടെ കുട്ടികൾ
- പീഡിപ്പിക്കപ്പെടുന്ന കുട്ടികൾ
- കുടുബങ്ങളിലെ കലഹം, ഒറ്റപ്പെടൽ
- മാതാപിതാക്കളുടെ വേർപിരിയൽ
- സുരക്ഷിതത്വമില്ലായ്മ
- പഠന സൗകര്യങ്ങളുടെ കുറവ്
- ദാരിദ്ര്യം
- മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടൽ
- പോഷകാഹാരക്കുറവ്
- വിദ്യാലയങ്ങളിലെ ശ്രദ്ധയില്ലായ്മ
- അനാഥരായ കുട്ടികൾ
- പഠന വൈകല്യമുള്ള കുട്ടികൾ
- കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവ ബോധമില്ലായ്മ.

## 4.5 സമഗ്ര ശിശുവികസന മേഖലകൾ

### 4.5.1 ആരോഗ്യമേഖല

കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യ പരിരക്ഷ, 100% പ്രതിരോധ കുത്തിവയ്പ്പ് നടപ്പിലാക്കുക, ഗുരുതരമായ വളർച്ചാക്കുറവ് നേരിടുന്ന കുട്ടികൾക്ക് ചികിത്സ, പോഷണ ഭക്ഷണം ലഭ്യമാക്കുക, കുട്ടികൾക്കായി കാലേക്കൂട്ടിയുള്ള വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക, പിന്നോക്കാവസ്ഥയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിയന്തിര ചികിത്സ

നൽകാനുതകുന്ന തരത്തിലേക്ക് സൗകര്യം ഉയർത്തി കൊണ്ടുവരിക, പി.എച്ച്. സി/സി.എച്ച്.സി. കളിൽ ബാല സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക, കൗമാരക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

### 4.5.2 ശുചിത്വ മേഖല

എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് പിന്നോക്ക മേഖലകളിലും അങ്കണവാടികളിലും, സ്കൂളിലും അനുയോജ്യമായ ശിശു സംവിധാനങ്ങളും, ശുദ്ധജല വിതരണവും ഏർപ്പെടുത്തുക.

### 4.5.3 പോഷകാഹാരം

അർഹതപ്പെട്ട എല്ലാവർക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. കൗമാരക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക പദ്ധതി, എല്ലാ സ്കൂളുകളിലും ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

### 4.5.4 വിദ്യാഭ്യാസ മേഖല

3 മുതൽ 5 വയസ്സുവരെയുള്ള മുഴുവൻ കുട്ടികളും പ്രീസ്കൂളിൽ ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. 5 വയസ്സ് പൂർത്തീകരിച്ച എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒരു കുട്ടിയും പഠനം ഇടയ്ക്ക് വച്ച് നിർത്തുന്നില്ലെന്നും ഉറപ്പുവരുത്തുക. എല്ലാ വിദ്യാലയങ്ങളുടെയും പരിസരം പുകയില, മദ്യം, മയക്കുമരുന്ന് വിമുക്ത പ്രദേശമായി പ്രഖ്യാപിക്കുകയും, സ്കൂൾ ആരോഗ്യപരിശോധനാ പരിപാടി ക്രമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.നിലവാരമുള്ളതും ബാല സൗഹൃദപരവുമായ വിദ്യാലയ ഭൗതിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുക, പ്രത്യേകിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രാധാന്യം കൊടുക്കുക

### 4.5.5 സാമൂഹ്യ സുരക്ഷിതത്വം

അതിക്രമങ്ങൾ, പീഡനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും എല്ലാ കുട്ടികൾക്കും പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. കുട്ടികളുടേയും വനിതകളുടേയും അവകാശങ്ങളും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പരിപാടികളും സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക. വാർഡ് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുക. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുക അവർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക.

തീരദേശ മൽസ്യ തൊഴിലാളികളുടെ കുട്ടികൾ, HIV ബാധിതരായ കുട്ടികൾ, നിത്യരോഗ ബാധിതരായ കുട്ടികൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടി

കൾ, ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ തുടങ്ങിയവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക.

### 4.5.6 പങ്കാളിത്തം

പൊതുസ്ഥലങ്ങളിൽ കുട്ടികൾക്ക് കളിസ്ഥലവും, കുട്ടികളുടെ പാർക്കും സ്ഥാപിക്കുക, പ്രാദേശിക ക്ലബ്ബുകളുടേയും, സ്പോർട്സ് കൗൺസിലിന്റേയും സഹായത്തോടെ എല്ലാ കുട്ടികൾക്കും നീന്തൽ, സൈക്ലിംഗ്, യോഗ പരിശീലനങ്ങൾ നൽകുക. വാർഡ് തലത്തിൽ വർഷത്തിൽ രണ്ട് തവണയെങ്കിലും കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിക്കുക.

### 4.5.7 പഞ്ചായത്തല സൗകര്യം

കുട്ടികളുടെ പൊതു ഇടങ്ങളെല്ലാം ബാല സൗഹൃദ ഇടങ്ങളായി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. കുട്ടികൾക്കായുള്ള എല്ലാ സേവനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുക, അർഹതയുള്ള എല്ലാവർക്കും സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. കുട്ടികൾക്ക് വേണ്ടി നൽകുന്ന എല്ലാ സേവനങ്ങളും സംബന്ധിച്ചവിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും പരസ്യഫലകങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

## 4.6 ശിശുവികസനവും സാമൂഹിക ക്ഷേമവും

സമഗ്ര ശിശുവികസനം ഉറപ്പുവരുത്തുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലകളിൽ ഒന്നാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുകയും കുഞ്ഞിന്റെ അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുകയും ചെയ്യുമ്പോൾ മാത്രമെ സമഗ്രശിശുവികസനം സാദ്ധ്യമാവുകയുള്ളൂ. ശിശു വികസനത്തോടൊപ്പം കുട്ടികളുടെ പൊതുവായ വികസനത്തിനും പഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതുണ്ട്.

സമഗ്ര ശിശു വികസനം സാദ്ധ്യമാക്കുന്നതിന് നമ്മുടെ പ്രദേശത്തെ ശിശുക്കളെ സംബന്ധിക്കുന്ന സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയാണ് ആദ്യമായി വേണ്ടത്. തുടർന്ന് അവസ്ഥാ വിശകലനം നടത്തി പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുകയും വേണം.

## 4.7 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ആരംഭിക്കുന്ന ബഡ്സ് സ്കൂളുകളിൽ /ബഡ്സ് പുനഃരധിവാസ കേന്ദ്രത്തിൽ കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്ന പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.
2. ഓരോ പഞ്ചായത്തിനും ലഭിക്കുന്ന വികസന ഫണ്ടിൽ നിന്നും കുറഞ്ഞത് 5 ശതമാനം തുക ശിശുക്കളുടെയും വൃദ്ധരുടേയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുരോഗതിക്കായി മാറ്റിവയ്ക്കണം. ഇപ്ര

കാരം മാറ്റിവെയ്ക്കുന്ന ആനുപാതിക തുക ഉപയോഗിച്ച് ശിശു വികസനത്തിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണം.

3. ശിശു വികസനവുമായി ബന്ധപ്പെട്ട്, ഐ.സി.ഡി.എസ്. പ്രോജക്ടുകൾ ക്ഷേമസ്ഥാപനങ്ങൾ, സഹായക സംവിധാനം തുടങ്ങിയ കാര്യങ്ങൾക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾ നടത്തേണ്ടതാണ്.

4. ശിശുക്കളുടെ പ്രായത്തിനും, പ്രശ്നങ്ങൾ, പ്രത്യേക വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് കുട്ടികളുടെ ഒരു വികസന സൂചിക തയ്യാറാക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ, കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടികളുടെ വികസന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തന രൂപ രേഖ തയ്യാറാക്കുക.

5. ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിന് പകരം വാടകയടിസ്ഥാനത്തിൽ വാഹനം എടുക്കാവുന്നതും. വാടക തനത് ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതുമാണ്. തനത് ഫണ്ടില്ലാത്ത സ്ഥാപനങ്ങൾ വികസന ഫണ്ട് വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന് പങ്കാളിയാകാവുന്നതാണ്.

6. ശിശുക്കൾ (0-6 വയസ്സ്), കുട്ടികൾ (06-18 വയസ്സ്) എന്നിവരുടെ ക്ഷേമ-വികസന-പുനഃരധിവാസ പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണം. പ്രവാസ ജീവിതം കഴിഞ്ഞ് കേരളത്തിലേക്ക് തിരിച്ചുവരുന്നവർക്ക വേണ്ടിയും ഉചിതമായ ക്ഷേമപുനഃരധിവാസ പരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്

7. ബഡ്സ് സ്കൂളുകളും, ബഡ്സ് പുനഃരധിവാസ കേന്ദ്രങ്ങളും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ മിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബഡ്സ് സ്കൂളുകൾ/ബഡ്സ് പുനഃരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളുകളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചുവേണം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത്.

8. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാല സൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം.

9. സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

# 5
# ഭിന്ന ശേഷിക്കാർക്കുള്ള ഉപപദ്ധതി

## 5.1 ആരാണ് ഭിന്നശേഷിക്കാർ

ചലന വൈകല്യമുള്ളവർ, അന്ധത, ഹ്രസ്വദൃശ്യത, ശ്രവണ വൈകല്യമുള്ളവർ, മാനസിക വെല്ലുവിളി നേരിടുന്നവർ, മാനസിക വിഭ്രാന്തിയുള്ളവർ, കുഷ്ഠരോഗ വിമുക്തർ തുടങ്ങി സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളെ ഭിന്നശേഷിക്കാർ എന്നു പറയുന്നു.

### 5.1.1 ഭിന്ന ശേഷിക്കാരുടെ പ്രശ്നങ്ങൾ

സമൂഹത്തിൽ അവഗണന, വിദ്യാഭ്യാസക്കുറവ്, വരുമാന പ്രശ്നങ്ങൾ, ചലന ശേഷിക്കുറവ്, ബുദ്ധിവികസനത്തിനുള്ള പ്രശ്നങ്ങൾ, തൊഴിൽ പരിപോഷണ കുറവ്, ചികിത്സാ സൗകര്യകുറവ്, അന്ധരും ബധിരരുമായവരുടെ പ്രശ്നങ്ങൾ ചൂഷണ വിധേയർ, വൈകല്യം തിരച്ചറിയുന്നതിനുള്ള കാലതാമസം, പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ എന്നിവയാണ്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കൃത്യമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ ശേഷം അതിന് ഹ്രസ്വകാല – ദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണുംവിധം ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണം.

പദ്ധതി തയ്യാറാക്കുമ്പോൾ പഞ്ചായത്തിലെ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ അവരുടെ നിർണ്ണായകമായ എല്ലാ ആവശ്യങ്ങൾക്കും പരിഹാരം കാണും വിധം പദ്ധതിക്ക് രൂപം നൽകണം. ഇപ്രകാരം ചെയ്യുമ്പോൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ (ഉദാഃ അങ്കണവാടി, സ്കൂൾ, ആശുപത്രി മുതലായവ) നൽകിവരുന്ന വിവിധ സേവനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഏജൻസികളും നൽകിവരുന്ന സേവനങ്ങളും

ഏകോപിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല സബ്സിഡി – ധനസഹായ നിബന്ധന കൾ പരിഗണിക്കുമ്പോൾ പൊതുപണം വിനിയോഗിച്ച് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായി വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നി വരുടെ സഹായം വേണ്ടിവരും. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടു വേണം പദ്ധതികൾ തയ്യാറാക്കേണ്ടത്.

### 5.1.2 പരിഹാര മാർഗ്ഗങ്ങൾ

- സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം നടത്തി വൈകല്യമുള്ളവരെ കണ്ടെത്തുക.
- ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളുടെ സഹായത്തോടെ ഇവരുടെ വൈകല്യം തിട്ടപ്പെടുത്തുക.
- സ്വയം തൊഴിലിന് പരിശീലനം നൽകുക
- തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക
- ചലനം, പഠന-ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക (ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ)
- വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, പഠനോപകരണങ്ങൾ എന്നിവ നല്കുക.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

## 5.2 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി. എൽ/ബി.പി.എൽ എന്ന വേർതിരിവ് ഇല്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ ആവശ്യത്തിന് സംയുക്തമായോ ഒറ്റയ്ക്കോ പ്രോജക്ട് എടുക്കാവുന്നതാണ്.
- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്.
- ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് നല്കാ വുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്കുള്ള ഗു ണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നല്കിയവ ആയി രിക്കണം.
- ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാടക അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ വകയിരുത്തേ ണ്ടതാണ്. തനത് ഫണ്ടില്ലാത്ത സ്ഥാപനങ്ങളിൽ വികസന ഫണ്ട് വിനിയോഗിക്കാവുന്നതും ബ്ലോക്ക് പഞ്ചായത്തിന് പങ്കാളിയാകാവുന്ന തുമാണ്.
- ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ :- കുട്ടി കളുടെ എണ്ണത്തിന് അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ

വിവിധ ഗ്രാമപഞ്ചായത്തുകളിലായി ഒന്നോ അതിലധികമോ ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. സി. ഡി. പി. ഒ. മാർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

- ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ:- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന (ബഡ്സ് സ്കൂൾ, സ്പെഷ്യൽ സ്കൂൾ, ഡേ കെയർ സെന്റർ) പഠനം കഴിഞ്ഞ് 18 വയസ്സ് പൂർത്തിയായ കുട്ടികൾക്കായി സ്ഥാപന അടിസ്ഥാനത്തിൽ വൊക്കേഷണൽ പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതും ബുക്ക് ബൈന്റിംഗ്, ടോയ് മേക്കിംഗ്, കുട നിർമ്മാണം, ആർട്ട് ആന്റ് ക്രാഫ്റ്റ് തുടങ്ങിയവയുടെ നിർമ്മാണ പരിശീലനം നല്കാവുന്നതാണ്.

## 5.3 ട്രാൻസ് ജെന്റേഴ്സിനുള്ള പ്രത്യേക പദ്ധതികൾ

സാമൂഹ്യ അംഗീകാരവും തൊഴിലും വരുമാനവും ലഭ്യമാക്കി ട്രാൻസ് ജെന്റേഴ്സിനുള്ള വികസനത്തിൽ പങ്കാളിത്തം നൽകുന്നതിനായി വ്യക്തിഗത ഗുണഭോക്തൃ നിർണ്ണയത്തിൽ മുൻഗണന നൽകേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംരംഭക പ്രവർത്തനങ്ങളിലും കരാർ നിയമനങ്ങളിലും പരിഗണന നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അവയുടെ സ്വന്തം തദ്ദേശ സ്ഥാപനങ്ങളിലൂടെയാണ് നൽകേണ്ടത്. എന്നാൽ ട്രാൻസ് ജെന്റേഴ്സ് അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വ്യാപകമായി അപേക്ഷിച്ചു തുടങ്ങുന്നതു വരെ, അപേക്ഷ ലഭിക്കുന്ന ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദനീയമല്ലെങ്കിലും ട്രാൻസ് ജെന്റേഴ്സ് ഒരു പ്രത്യേക വിഭാഗമായതിനാൽ വ്യക്തിഗത ആനുകൂല്യങ്ങൾ നല്കാവുന്നതാണ്.

# 6
# വനിതാ വികസനം

**ആമുഖം**

സ്വാതന്ത്ര്യം കിട്ടി മുക്കാൽ നൂറ്റാണ്ട് ആകുവാൻ പോകുന്ന ഈ ഘട്ടത്തിലും ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ പല മേഖലകളിലും പിന്നണിയിൽ തന്നെയാണ്. രാജ്യത്തിന്റെ മൊത്തത്തിലുള്ള വളർച്ച തോതിനെ അപേക്ഷിച്ച് വിവിധ മേഖലകളിൽ സ്ത്രീകളുടെ വളർച്ച നിലവാരം പുരുഷനെ അപേക്ഷിച്ച് തുലോം താഴെയാണ്. ഈ സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മാത്രമേ വനിതാ വികസനത്തെയും തുല്യനീതിയേയും പറ്റിയുള്ള ഏതു ചർച്ചയും സ്വാർത്ഥകം ആവുകയുള്ളൂ.

പ്രാകൃത ജീവിതാവസ്ഥയിൽ നിന്നും മനുഷ്യൻ മുന്നോട്ട് നീങ്ങിയ കാലം മുതൽ ആരംഭിച്ചതാണ് സമൂഹത്തിലെ സ്ത്രീ-പുരുഷ അസമത്വം. സ്വകാര്യ സ്വത്തിന്റെ ആദ്യകാല സമൂഹങ്ങളിൽ മിക്കവാറും പുരുഷനായിരുന്നു. ഈ ഉടമസ്ഥത ഉപയോഗിച്ചുകൊണ്ടാണ് പുരുഷൻ സമൂഹത്തിനുമേൽ തന്റെ മേധാവിത്വം സ്ഥാപിച്ചെടുത്തത്. എന്നാൽ ഈ അവസ്ഥക്കെതിരെ സ്ത്രീകളുടെ പോരാട്ടത്തിനും അത്രത്തോളം തന്നെ പഴക്കമുണ്ട്. ആ പോരാട്ടങ്ങൾ ആദ്യ സമൂഹങ്ങളിൽ തീരെ കുറഞ്ഞ അളവിൽ ആയിരുന്നെങ്കിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അത് വളരെ ഉയർന്ന തലത്തിൽ എത്തി. അതിന്റെ സ്വാഭാവിക പ്രതികരണമായിരുന്നു 1913 മുതൽ എല്ലാ വർഷവും മാർച്ച് എട്ടിന് ആചരിക്കുന്ന അന്താരാഷ്ട്ര വനിതാ ദിനം. ആ പോരാട്ടം ഇപ്പോഴും വേണ്ടത്ര വിജയിച്ചിട്ടില്ല എന്നതുകൊണ്ടാണ് വനിതാദിനം ആരംഭിച്ച് 115 വർഷത്തിന് ശേഷവും തുല്യനീതിയെപ്പറ്റി നമുക്ക് ചർച്ച ചെയ്യേണ്ടി വരുന്നത്.

ഇന്ത്യയിലാകട്ടെ നമ്മുടെ ഭരണഘടന ഇന്ത്യൻ സ്ത്രീകൾക്ക് എല്ലാ രംഗങ്ങളിലും പുരുഷന്മാരോടൊപ്പം തുല്യതയും അവകാശങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ ഇത് എത്രത്തോളം യാഥാർത്ഥ്യം ആയിട്ടുണ്ട്? സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള പോരാട്ടങ്ങളുടെയും മുന്നേറ്റങ്ങളുടെയും ഫലമായി കുറെ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്.

ഭരണഘടനയുടെ 73, 74 ഭേദഗതികൾളോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് ഉയർന്ന പ്രാതിനിധ്യം ഉറപ്പു വരുത്തപ്പെട്ടു. ഇതുവഴി പ്രാദേശിക ഭരണ തലങ്ങളിൽ സ്ത്രീ സമത്വം എന്ന ആശയം കൂടുതൽ ചർച്ച ചെയ്യപ്പെടുകയും അതുവഴി രാഷ്ട്രീയമുൾപ്പെടെയുള്ള സാമൂഹിക മേഖലകളിൽ കൂടുതൽ ഇടപെടാൻ അവർക്ക് അവസരം ലഭ്യമാവുകയും ചെയ്തു. എന്നാൽ ഇതിനൊക്കെ ശേഷവും ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ പല മേഖലകളിലും പിന്നണിയിൽ തന്നെയാണ്. രാജ്യത്തിന്റെ മൊത്തത്തിലുള്ള വളർച്ചാ തോതിനെ അപേക്ഷിച്ച് വിവിധ മേഖലകളിൽ സ്ത്രീകളുടെ വളർച്ച നിലവാരം പുരുഷനെ അപേക്ഷിച്ച് തുലോം താഴെയാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മാത്രമേ വനിതാ വികസനത്തെയും തുല്യനീതിയേയും പറ്റിയുള്ള ഏതു ചർച്ചയും സാർത്ഥകമാവുകയുള്ളൂ.

## 6.1 വനിതാ ഘടകപദ്ധതി

വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് സവിശേഷമായ നടപടികളും പദ്ധതികളും ആവശ്യമാണ്. സമൂഹത്തിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് വനിതാ ഘടക പദ്ധതിയിൽ ഊന്നൽ നൽകേണ്ടത്. ഉദാഃ-

- സാമ്പത്തിക സ്വാശ്രയത്തിനുള്ള പരിപാടി
- അതിക്രമങ്ങളെ ചെറുക്കുന്നതിനും തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ
- സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ
- സഞ്ചാര സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ
- സാംസ്കാരിക നിലവാരവും സാമൂഹ്യപദവി ഉയർത്തുന്നതിനുള്ള പരിപാടികൾ

## 6.2 വനിതാ ഘടക പദ്ധതിക്ക് നിർബന്ധ വകയിരുത്തൽ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു ലഭിക്കുന്ന മൊത്തം വികസന ഫണ്ടിന്റെ കുറഞ്ഞത് പത്ത് ശതമാനം തുക വനിതാ ഘടക പദ്ധതികൾക്കായി മാറ്റി വെക്കണമെന്നും, വനിതാ ഘടക പദ്ധതിയുടെ വിശദാംശങ്ങൾ പദ്ധതി രേഖയിൽ പ്രത്യേക അദ്ധ്യായമായി ചേർക്കേണ്ടതാണെന്നും പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 6.3 പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ

- ഉൽപ്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ (കുടുംബശ്രീയുടെ/സന്നദ്ധ സംഘടനകളുടെ സഹായം/സേവനം പ്രയോജനപ്പെടുത്താം)
- തൊഴിൽ വരുമാന വർദ്ധനവിനുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ, ലേബർ ബാങ്ക്, സ്വയം തൊഴിൽ സംരഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ

- ലാബ് ടെക്നീഷ്യൻ യോഗ്യതയുള്ളവർക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ലബോറട്ടറികൾ (വായ്പാ ബന്ധിതമായി നടപ്പിലാക്കാവുന്നതാണ്.) കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കണം.
- ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക, കൗൺസിലിംഗ് പ്രവർത്തനങ്ങൾ നടത്തുക.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമരഹിത പഞ്ചായത്തായി മാറ്റുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ
- സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക. (കേരളാ വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖ പ്രകാരം)
- പ്രതിരോധ പരിശീലന പരിപാടികൾ (ജൂഡോ, കരാട്ടെ, തായ്ക്കോണ്ട) യോഗ പരിശീലനം (ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ഏറ്റെടുക്കാം)

## 6.4 വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ

- സ്ത്രീകൾ എത്തുന്ന പൊതു സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും ഉദാഃ തദ്ദേശ സ്വയംഭരണ ഓഫീസുകൾ, ആശുപത്രികൾ, മറ്റ് ഓഫീസുകൾ, ബസ്സ്റ്റാന്റ്, കടത്ത്കടവ്, ചന്തകൾ
- മുലയൂട്ടുന്ന അമ്മമാർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൊതുഇടങ്ങളിൽ സുരക്ഷിതമായ മുറികൾ, അവിടെ ശുദ്ധജലവും വെളിച്ചവും സജ്ജമാക്കുന്ന പ്രോജക്ടുകൾ

## 6.5 രൂപീകരണ നടപടികൾ

- സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ തന്നെ ആ പ്രദേശത്തെ വനിതകളുടെ അവസ്ഥ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണം
- വനിതകളുടെ സാമ്പത്തിക അവസ്ഥ, സാമൂഹ്യപദവി നേരിടുന്ന പ്രശ്നങ്ങൾ എന്നിവ വിശകലനം ചെയ്ത് അവരുടെ ആവശ്യങ്ങൾ കണ്ടെത്തണം.
- ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരട് പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകണം.
- വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാണ് രൂപം നൽകേണ്ടത്.
- സ്ത്രീക്കും പുരുഷനും ഒരു പോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം, വൈദ്യുതി, അങ്കണവാടി നിർമ്മാണം, അങ്കണവാടി പോഷകാഹാര വിതരണം, ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം എന്നിവ വനിതാ ഘടക പദ്ധതിയുടെ ഭാഗമാക്കാൻ പാടില്ല.

- എന്നാൽ സ്ത്രീകൾ മാത്രം താമസിക്കുന്നതും പ്രായപൂർത്തിയായ പുരുഷന്മാർ ആശ്രയമില്ലാത്ത കുടുംബത്തിന് വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ നൽകുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.
- വനിതാ ഘടക പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 10% ത്തിൽ അധികം തുക വകയിരുത്തുവാൻ ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതിയും, കേന്ദ്രാവിഷ്കൃത പദ്ധതിയും മറ്റ് ഏജൻസികളുടെ പദ്ധതിയും സംയോജിപ്പിച്ച് കൊണ്ടും സ്ത്രീ ശാക്തീകരണ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

# 7
# പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ജനാധിപത്യ ജീവിതക്രമത്തിന്റെ ആണിക്കല്ലാണ് സാമൂഹ്യനീതി. എല്ലാവർക്കും എല്ലാ രംഗത്തും തുല്യനീതി ലഭിക്കുന്ന അവസ്ഥയാണിത്. പാർശ്വവൽക്കരണം എന്നത് സാമൂഹ്യനീതിയുടെ ശത്രുവാണ്. ഇന്ത്യൻ സാമൂഹ്യ ജീവിതത്തിൽ ഏറ്റവും കൂടുതൽ പാർശ്വവൽക്കരണത്തിന് വിധേയമായത് പിന്നോക്ക വിഭാഗക്കാർ തന്നെ. സാമൂഹ്യജീവിതത്തിൽ നിന്ന് ദലനം (മുറിച്ച് മാറ്റപ്പെട്ടവർ) ചെയ്യപ്പെട്ടവർ എന്ന അർത്ഥത്തിലാണ് ദളിതർ എന്ന പദം തന്നെ രൂപപ്പെട്ടു വന്നത്. സാമൂഹ്യ, സാംസ്കാരിക. സാമ്പത്തിക രംഗങ്ങളിൽ ഒക്കെ പാർശ്വവൽക്കരിക്കപ്പെട്ടവർ ആണ് പിന്നോക്ക വിഭാഗക്കാർ. ചരിത്രപരമായ പല കാരണങ്ങളാലും പിന്നോക്കം നിൽക്കേണ്ടിവന്ന അവരുടെ ദുരിതം ഇന്നും ഇന്ത്യയിൽ നിലനില്ക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും ഇടപെടൽകൊണ്ട് കുറെയൊക്കെ മാറ്റങ്ങൾ ഉണ്ടായെങ്കിലും ഇനിയും വളരെയേറെ മുന്നേറേണ്ടതുണ്ട്.

## 7.1 സാമൂഹ്യനീതി (ഭരണഘടനാ തത്വങ്ങൾ)

ഇന്ത്യൻ ഭരണഘടനയിൽ നിർദ്ദേശക തത്ത്വങ്ങളിൽ ആർട്ടിക്കിൾ 46 പ്രകാരം ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മേലുള്ള സാമൂഹ്യ അനീതി ഇല്ലായ്മ ചെയ്യുന്നതിന് വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിൽ പ്രത്യേക സംരക്ഷണം ഉറപ്പു വരുത്തുന്നുണ്ട്

ഭരണ ഘടനയുടെ മൗലിക അവകാശങ്ങളിൽ ആർട്ടിക്കിൾ 14 മുതൽ 18 വരെ ജാതി, മത, വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാ പൗരന്മാർക്കും നിയമത്തിനു മുൻപിലും, അവസരങ്ങളിലും, തൊഴിലിലും മറ്റു മേഖലകളിലും തുല്യത ഉറപ്പു നൽകുന്നുണ്ട്. എങ്കിലും ദുർബല വിഭാഗങ്ങളുടെയും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും വിദ്യാഭ്യാസപരമായും സാമൂഹ്യ സാമ്പത്തികമായും ഉള്ള പുരോഗതിക്കായി പ്രത്യേക പരിഗണനയും സംവരണവും ഭരണഘടന അനുവദിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താല്പര്യ സംരക്ഷണാർത്ഥം ആർട്ടിക്കിൾ 19(d), (e) പ്രകാരം ഉള്ള ഒരു പൗരന്റെ സഞ്ചാര, താമസ സ്വാതന്ത്ര്യത്തിന് പോലും മതിയായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ആർട്ടിക്കിൾ 19(6) പ്രകാരം വ്യവസ്ഥ ഉള്ളതാണ്.

## 7.2 പട്ടികജാതി ക്ഷേമം

ഇന്ന് കേരളത്തിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 341 പ്രകാരം 53 പട്ടികജാതി വിഭാഗങ്ങൾ ഉണ്ട്. ഇതിൽ നാലു വിഭാഗങ്ങളെ അതായത് വേടൻ, നായാടി, കള്ളാടി, ചക്കിലിയാൻ / അരുന്ധതീയർ എന്നിവരെ ദുർബല വിഭാഗങ്ങൾ ആയി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

## 7.3 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan – SCSP)

പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേകം തയ്യാറാക്കുന്നതാണ് പട്ടികജാതി ഉപപദ്ധതി. ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് അനുവദിക്കുമ്പോൾ തന്നെ ഈ വിഭാഗത്തിനുള്ള ഫണ്ട് പ്രത്യേകമായാണ് അനുവദിക്കുന്നത്. ഇപ്രകാരം അനുവദിക്കുന്ന ഫണ്ട് മറ്റ് ജനവിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പരിപാടികൾക്കായി ഉപയോഗിക്കാൻ പാടില്ല. ഉപപദ്ധതി മറ്റ് സ്രോതസ്സുകളിലെ സാദ്ധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്.

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം.

- വ്യക്തികൾക്കും കുടുബത്തിനും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.
- 2010-11 ൽ പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പും, തദ്ദേശ ഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടികജാതി സങ്കേതങ്ങളുടേയും കുടുംബങ്ങളുടേയും സർവ്വേ വിവരങ്ങൾ കാലാനുസൃതമായി മാറ്റം വരുത്തി ഉപയോഗിക്കാവുന്നതാണ്.

## 7.4 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്നപ്രദേശം ഒരു പട്ടികജാതി സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, പട്ടികജാതി ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.
2. വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതു സൗകര്യ പ്രൊജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ത്തിലധികം പട്ടികജാതിക്കാരനെങ്കിൽ ആ പ്രോജക്റ്റിന് പൂർണമായും പട്ടികജാതി

ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. അതുപോലെ മൊത്തം കൃഷിഭൂമിയുടെ 50% ത്തിലധികം പട്ടികജാതി വിഭാഗക്കാരുടേതായിട്ടുള്ള ജലസേചന പ്രോജക്ടിനും പട്ടികജാതി ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്താവുന്നതാണ്.

3. മുൻ ഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

4. പട്ടികജാതി കോളനി/സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ മാത്രമെ നിബന്ധനകൾ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ

5. പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വെക്കേണ്ടതും, ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും, പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുബങ്ങളുടേയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികജാതി വിഭാഗക്കാരുടെ കൃഷി സ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികജാതി കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തിനോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും "ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ" സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും അത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു "സർട്ടിഫിക്കറ്റ്" സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**"..........................തദ്ദേശഭരണ സ്ഥാപനത്തിന്റെ .............................. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ........................പ്രോജക്ട് പരിശോധിക്കുകയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികളും പ്ര**

**വർത്തനങ്ങളും ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുബങ്ങളിൽ /ജലസേചന നടത്തുന്ന കൃഷിസ്ഥലത്തിന്റെ ഉടമസ്ഥരിൽ .............. ശതമാനത്തില ധികം പട്ടികജാതിക്കാരാണെന്ന്/പട്ടികജാതിക്കാരുടേതാണെന്ന് ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ നിന്ന് എനിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്റ്റിനുവേണ്ടി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുബങ്ങളുടെ പ്രയോജനം ലഭിക്കുന്ന പട്ടികജാതി കുടുബങ്ങളുടെ പട്ടികയും, ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.**

6. പട്ടികജാതി യുവതി യുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.
7. പട്ടികജാതി യുവതി യുവാക്കൾ വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും അനുവദനീയമായ സബ്സിഡി നൽകുന്നതിനും മുൻഗണന നൽകുമ്പോൾ ഗ്രാമപഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കാവുന്നതാണ്.
8. പട്ടികജാതിക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകിയതിന് ശേഷം മാത്രമേ മറ്റ് പ്രോജക്ടുകൾ ഏറ്റെടുക്കാവൂ. ഗ്രാമപഞ്ചായത്തുമായി ചേർന്നാണ് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്.
9. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്നുവരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർതന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി, എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാനങ്ങൾക്ക് സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാൻ മുൻകൈ എടുക്കാവുന്നതാണ്.

## 7.5 എസ്.സി. പ്രൊമോട്ടർമാർ – ചുമതല, ഉത്തരവാദിത്വം

- കോളനികൾ സങ്കേതങ്ങൾ എന്നിവ സന്ദർശിച്ച് പട്ടികജാതി ജനവിഭാഗങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും ത്രിതല പഞ്ചായത്തുകൾ, പട്ടികജാതി വികസന വകുപ്പ്, ഇതര ഏജൻസികൾ എന്നിവ പട്ടികജാതിക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച

വ്യക്തമായ അവബോധം അവരിൽ സൃഷ്ടിക്കുകയും ചെയ്യേണ്ട ഉത്തര വാദിത്വം പ്രൊമോട്ടറുടെ ചുമതലയാണ്.

- വിവിധ ക്ഷേമ പദ്ധതികൾക്ക് അർഹരായ മുഴുവൻ പട്ടികജാതിക്കാർ ക്കും അവ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുകയും ലഭ്യമാകാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
- പട്ടികജാതിക്കാർ അതിക്രമങ്ങൾക്ക് വിധേയരാകുന്ന എന്ന് ശ്രദ്ധയിൽ പ്പെട്ടാൽ യഥാസമയം പോലീസിൽ പരാതി നൽകുന്നതിനും അപ്പോൾ തന്നെ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറെ വിവരം അറിയിക്കു ന്നതിനും, അർഹമായ സഹായം അവർക്ക് ലഭ്യമാക്കുന്നതിനും ആവ ശ്യമായ നടപടി സ്വീകരിക്കുക.
- പ്രൊമോട്ടർമാർ എല്ലാ ബുധനാഴ്ചയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഹാജരാകേണ്ടതും, ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും പ്ര വർത്തന പരിധിയിലുള്ള കോളനികളുമായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹാജരാകേണ്ടതുമാണ്.
- പ്രൊമോട്ടർമാർ ഓരോ മാസവും ചെയ്യു പ്രവർത്തികളെ കാണിക്കുന്ന നിശ്ചിത മാതൃകയിലുള്ള ഒരു വർക്ക് ഡയറി ബ്ലോക്ക് പട്ടികജാതി ഓഫീസർക്ക് നൽകേണ്ടതാണ്.
- പ്രൊമോട്ടർമാർ തയ്യാറാക്കുന്ന സ്ഥിതി വിവര കണക്കുകൾ ഇനം തിരിച്ച് ബ്ലോക്ക് പട്ടികജാതി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 7.6 പട്ടികവർഗ്ഗ ഉപപദ്ധതി

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകം തയ്യാറാക്കുന്നതാണ് പട്ടികവർഗ്ഗ ഉപപദ്ധതി. സംസ്ഥാന ബജറ്റിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കു ന്ന ഓരോ തദ്ദേശ ഭരണ സ്ഥാപനവും വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടി കവർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. (Non-lapsable and Non – divertable) മറ്റ് സ്രോതസ്സുകളിലെ സാദ്ധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം , പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാവണം ഉപപദ്ധ തിയുടെ ലക്ഷ്യം.

## 7.7 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. വ്യക്തികൾക്കും കുടുംബത്തിനും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജ ക്ടുകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു സൗകര്യ വികസനത്തിനാ യുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

2. അഗതിരഹിത കേരളം പദ്ധതി (ആശ്രയ) തയ്യാറാക്കിയിട്ടില്ലെങ്കിലോ, പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിൽ അർഹരായ പട്ടികവർഗ്ഗ അഗതികൾ ഒഴിവായി പോയിട്ടുണ്ടെങ്കിലോ, അവർക്ക് വേണ്ടി പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കേണ്ടതാണ്.

3. 2018-19-ൽ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ വിവരങ്ങൾ കഴിയുന്നിടത്തോളം പുതുക്കി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്.

4. കുറഞ്ഞത് 5 പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികവർഗ്ഗ ഊര് എന്ന് കണക്കാക്കി അവിടെ കുടിവെള്ളം,വൈദ്യുതി, നടപ്പാത എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി, പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

5. വൈദ്യുതി, കുടിവെള്ളം, നടപ്പാത എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ത്തിലധികം പട്ടിക വർഗ്ഗക്കാരാണെങ്കിൽ, ഒരു പ്രോജക്ടിന് പൂർണ്ണമായും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. അതുപോലെ മൊത്തം കൃഷിഭൂമിയുടെ അൻപത് ശതനാനത്തിലധികം പട്ടികവർഗ്ഗ വിഭാഗക്കാരുടേതായിട്ടുള്ള ജലസേചന പ്രോജക്ടിനും പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്താവുന്നതാണ്.

6. മുൻഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം 25% ത്തിൽ താഴെയാണെങ്കിൽ പൂർണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

7. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വെക്കേണ്ടതും ഭൂപടത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും, പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടേയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷിസ്ഥലത്തിന്റെ സ്ഥാനം)

അടയാളപ്പെടുത്തേണ്ടതും, അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടിക വർഗ്ഗ വിഭാഗക്കാരുടെ കൃഷിസ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും, അതിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടത്തിനോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും "ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ" സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും, അത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്തുവാൻ പാടില്ല. എന്നാൽ പട്ടികവർഗ്ഗ ഊരുകൾക്കുള്ളിൽ മൂന്ന് മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും, പട്ടികവർഗ്ഗ ഊരുകളിലേക്ക് എത്തിച്ചേരുന്നത് മൂന്ന് മീറ്റർ വീതിയൽ അധികരിക്കാത്ത നടപ്പാതകളും (Foot -Steps), നടപ്പാലങ്ങളും (Foot Bridges) നിർമ്മിക്കാവുന്നതുമാണ്

9. കൃഷി ഭൂമി ഇല്ലാത്ത പട്ടികവർഗ്ഗ കുടുബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.

10. പട്ടികവർഗ്ഗ യുവതീ യുവാക്കളുടെ വിദ്യാഭ്യാസം വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

11. പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് വ്യക്തിഗതമായും ഗ്രൂപ്പടിസ്ഥാനത്തിലും ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും സബ്സിഡി അനുവദിക്കുന്നതിന് മുൻഗണനയും പ്രധാന്യവും നൽകണം.

12. പട്ടികവർഗ്ഗ ഊരുകളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും, വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തതിന് ശേഷം മാത്രമേ പട്ടികവർഗ്ഗ് ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.

13. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ഉയർന്നുവരുന്ന പ്രതിഭകൾക്ക് വിശേഷിച്ച് ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ ഫലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി എല്ലാ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാവുന്നതാണ്.

14. ജില്ലാ/ യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ് സ്പോർട്ട്സ് കിറ്റ് മറ്റ് ഉപകരണങ്ങൾ നൽകൽ.
15. ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ, യൂണിവെഴ്സിറ്റിതല മത്സരങ്ങൾ എന്നിവിൽ വിജയിച്ച ഒന്നും, രണ്ടും സ്ഥാനങ്ങൾ പട്ടിക വർഗ്ഗ് വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്ന് പ്രവർത്തിക്കാനും, കഴിവ് വികസിപ്പിക്കാനും സഹായകമാകുന്ന തരത്തിൽ പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ടതാണ്.
16. പ്രീ-മെട്രിക് ഹോസ്റ്റൽ നടത്തുക, പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നവയാണ്.

## 7.8 ഊരുകൂട്ടം – പ്രവർത്തനങ്ങൾ

പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രത്യേക ജീവിത രീതികളും സാമൂഹ്യ ഘടനയും കാരണം അവർക്ക് വേണ്ട വികസന-ക്ഷേമ പ്രവർത്തനങ്ങൾ അവർ തന്നെ ചർച്ച നടത്തി അവർ തന്നെ തീരുമാനിച്ച് നടപ്പാക്കണം. അതിനുള്ള വേദിയാണ് ഊരുകൂട്ടങ്ങൾ. ഒരു ഊരിലെ വോട്ടർ പട്ടികയിൽ പേരുള്ള മുഴുവൻ പേരും അടങ്ങുന്നതാണ് ഊരുകൂട്ടം. ഓരോ ഊരിനും ഒരു ഊരുമൂപ്പൻ ഉണ്ടായിരിക്കും.

## 7.9 എസ്.ടി പ്രൊമോട്ടർമാർ – ചുമതല, ഉത്തരവാദിത്വം

- കോളനികൾ സങ്കേതങ്ങൾ എന്നിവ സന്ദർശിച്ച് പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും, ത്രിതല പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഇതര ഏജൻസികൾ എന്നിവ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വ്യക്തമായ അവബോധം അവരിൽ സൃഷ്ടിക്കുകയും ചെയ്യുക
- വിവിധ ക്ഷേമ പദ്ധതികൾക്ക് അർഹരായ മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും അവ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുകയും ലഭ്യമാകാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം തയ്യാറാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് നൽകുക, പ്രോജക്റ്റ് തയ്യാറാക്കാൻ സഹായിക്കുക, മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് പദ്ധതി തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തുക എന്നീ കാര്യങ്ങൾ പ്രോമോട്ടർമാരുടെ ചുമതലയിലായിരിക്കും.
- വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തുകൾ എന്നിവരെ പട്ടികവർഗ്ഗക്കാരുമായി സംവേദിപ്പിക്കാനുള്ള കണ്ണിയായി പ്രവർത്തിക്കുക.

- ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ആവശ്യമായ സഹായവും സേവനവും ലഭ്യമാക്കുക.
- ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സജീവമായി പങ്കെടുത്ത് പ്രയോഗികമായി നിർദ്ദേശങ്ങൾ നൽകുക. പ്രയോജനകരമല്ലാത്തതും, ദോഷകരവുമായ പദ്ധതികൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുക, പദ്ധതികൾക്കാവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ സഹായിക്കുക.
- പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന പദ്ധതികളുടെ നടത്തിപ്പിൽ ഗുണപരമായ ശ്രദ്ധ പതിപ്പിക്കുകയും അവയുടെ പുരോഗതി ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുക. ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തി വീഴ്ചകളുണ്ടെങ്കിൽ മേലുദ്യോഗസ്ഥരെ യഥാസമയം വിവരം ധരിപ്പിക്കുകയും ചെയ്യുക.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും തൊഴിൽ ലഭിച്ചു എന്നും, തൊഴിൽ കാർഡ് എടുത്തു എന്നും, പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ലഭ്യമായി എന്നും ഉറപ്പുവരുത്തുക.
- പട്ടികവർഗ്ഗക്കാർ അതിക്രമങ്ങൾക്ക് വിധേയരാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം പരാതി നൽകുന്നതിനും, അപ്പോൾ തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ വിവരം അറിയിക്കുകയും അർഹമായ സഹായം അവർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- സർക്കാർ ധനസഹായം അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- പ്രൊമോട്ടർമാർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹാജരാകേണ്ടതാണ്.
- പ്രൊമോട്ടർമാർ ഓരോ മാസവും ചെയ്ത പ്രവർത്തികളെ കാണിക്കുന്ന നിശ്ചിത മാതൃകയിലുള്ള ഒരു വർക്ക് ഡയറി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/പ്രോജക്ട് ഓഫീസർ എന്നിവർക്ക് നൽകേണ്ടതാണ്.

# 8
# വയോജന ക്ഷേമം

## ആമുഖം

1957-ൽ അധികാരമേറ്റ ഒന്നാമത്തെ കേരള സർക്കാർ മുതൽ ആരംഭിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്ത കേരളത്തിലെ സാമൂഹ്യ-ക്ഷേമ ആരോഗ്യ പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങളുടെ പ്രതിശീർഷ ആയുസ്സ് വലിയ തോതിൽ ഉയർത്തിയിട്ടുണ്ട്. ഇന്ന് കേരളത്തിലെ പ്രതിശീർഷ ആയുസ്സ് സ്ത്രീകൾക്ക് 77-ഉം പുരുഷന്മാർക്ക് 76-ഉം ആണ്. ഇത് പല വികസിത രാജ്യങ്ങൾക്കും മേലെയാണ്. 2011-ലെ സെൻസസ് അനുസരിച്ച് 60 വയസ്സ് കഴിഞ്ഞവരുടെ ദേശീയ ശരാശരി 8.5% ആയിരിക്കുമ്പോൾ കേരളത്തിൽ അത് 12.6% ആണ്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് നിലവിൽ കേരളത്തിലെ 48 ലക്ഷം ആളുകൾ 60 വയസിനു മുകളിലുള്ളവരാണ്. 18 ശതമാനം പേർ 80 വയസ്സും അതിനുമുകളിൽ ഉള്ളവരുമാണ്. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയിൽ 20% പ്രായമായവർ ആകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് ഒരേസമയം നമുക്ക് നേട്ടവും അതേസമയം അവരുടെ ശരിയായ സംരക്ഷണമെന്ന വെല്ലുവിളിയുമാണ് ഉയർത്തുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സർക്കാരുകൾ കാലാകാലങ്ങളിൽ പല പദ്ധതികളും വൃദ്ധജനങ്ങൾക്കായി രൂപീകരിച്ചിട്ടുണ്ട്.

## 8.1 ഇന്ത്യയുടെ ദേശീയ വയോജന നയം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 41-ൽ മുതിർന്ന പൗരർക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നത് അവരുടെ അവകാശമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വയോജനങ്ങളുടെ അവസ്ഥ പ്രായഭേദമനുസരിച്ച് വ്യത്യാസപ്പെടുന്നതുപോലെ അവരിൽ തന്നെ സ്ത്രീകൾ, ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ, ഭിന്ന ശേഷിക്കാർ, മറ്റ് ദേശക്കാർ, ട്രാൻസ്ജെന്റർ തുടങ്ങിയവരുടെ അവസ്ഥ പൊതുവായ അവസ്ഥയിൽ നിന്നും കൂടുതൽ ദുഷ്കരമായിരിക്കും. മാരകരോഗബാധിതർ, കിടപ്പുരോഗികൾ തുടങ്ങിയവരുടെ ആവശ്യങ്ങൾ ഇതിലേറെ വ്യത്യസ്തവുമായിരിക്കും. വയോജനങ്ങളായ സ്ത്രീകൾ മൂന്ന് വിധത്തിലുള്ള അവ

ഗണനകൾ (Tripple Neglect) അനുഭവിക്കുന്നതായി ദേശീയനയം ചൂണ്ടിക്കാണിക്കുന്നു. വാർദ്ധക്യത്തിലെ വൈധവ്യം മൂന്ന്തരം ദുരിതങ്ങളെ സൂചിപ്പിക്കുന്നു. അതായത് സ്ത്രീ എന്ന നിലയിലുള്ള പരാധീനതകൾ, ദാരിദ്ര്യം, പരിരക്ഷയുടെ അഭാവം എന്നിവ. അതുകൊണ്ട് തന്നെ വയോജനങ്ങളുടെ അവകാശ സംരക്ഷണവും, പ്രശ്ന പരിഹാര ശ്രമങ്ങളും മേൽപറഞ്ഞ വൈജാത്യങ്ങൾ കൂടി കണക്കിലെടുത്ത് കൊണ്ടായിരിക്കണം. അതുകൊണ്ട് തന്നെ പ്രാദേശികമായി വയോജന സൗഹൃദ ഭരണനയം രൂപപ്പെടുത്തുമ്പോൾ അവരിൽ തന്നെ ഭിന്നശേഷിക്കാർ, സ്ത്രീകൾ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവരുടെ പ്രശ്നങ്ങൾക്ക് സവിശേഷമായ ഊന്നൽ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ ആരോഗ്യ പ്രശ്നങ്ങൾ വരുമാനം, സാമൂഹ്യമായ ഒറ്റപ്പെടൽ തുടങ്ങിയവ പരിഹരിക്കുന്നതിനർഹമായ പരിഗണന ഉറപ്പുവരുത്തേണ്ടതാണ്.

ദേശീയ വയോജനനയം 1999 പ്രകാരം വയോജനങ്ങളെ താഴെ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു. ഇതു സൂചിപ്പിക്കുന്നത് 60 വയസ്സ് കഴിഞ്ഞ എല്ലാവരും ഒരേ വിധത്തിൽ അല്ലെന്നും ഓരോ പ്രായ വിഭാഗങ്ങൾക്കും വ്യത്യസ്തമായ പ്രശ്നങ്ങളും ആവശ്യങ്ങളും ഉണ്ടെന്ന് ബോദ്ധ്യപ്പെടുത്തുകയുമാണ്.

| ക്രമ നമ്പർ | വയോജന വിഭാഗം | പ്രായവിഭാഗം | സവിശേഷതകൾ |
|---|---|---|---|
| 1 | യുവ വൃദ്ധർ | 60-69 | ഭേദപ്പെട്ട ആരോഗ്യം, ക്രിയാത്മകമായി ഇടപെടാനും നേതൃത്വം നൽകാനുമുള്ള സാഹചര്യം |
| 2 | വൃദ്ധർ | 70-79 | വാർദ്ധക്യകാല രോഗങ്ങളും ബലക്ഷയവും |
| 3 | വയോവൃദ്ധർ | 80-89 | വാർദ്ധക്യകാല രോഗങ്ങളും ബലക്ഷയവും മറവിയും |
| 4 | മഹാവൃദ്ധർ | 90+ | സങ്കീർണ്ണമായ ശേഷി ശോഷണവും ഓർമ്മക്കുറവുകളും |

കടപ്പാട്: നാഷണൽ പോളിസി ഓഫ് ഓൾഡർ പേഴ്സൺ 1999

## 8.2 മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള കേരള സംസ്ഥാനനയം

ഇന്ത്യാ ഗവൺമെന്റിന്റെ വയോജന നയത്തിന്റെ ചുവടു പിടിച്ച് 2006-ൽ കേരള ഗവൺമെന്റ് ഒരു സംസ്ഥാന വയോജനനയം പ്രഖ്യാപിച്ചിരുന്നു. ഇത് സാമൂഹ്യ നീതി വകുപ്പിന്റെ 6-5-13-ലെ ജി.ഒ(എം.എസ്) നം. 37/2013 പ്രകാരം പരിഷ്ക്കരിച്ചു. 60 വയസ്സിന് മേൽ പ്രായമുള്ള എല്ലാവരുടേയും താൽ

പ്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി സംസ്ഥാന വയോജനനയം അംഗീകരിക്കുന്നു. സംസ്ഥാന വയോജന രേഖ പ്രകാരം 60 വയസ്സ് തികഞ്ഞ വരെയാണ് വയോജനങ്ങൾ എന്ന് വിവക്ഷിക്കുന്നത്. പ്രത്യേക ശ്രദ്ധയും പരി ചരണവും ആവശ്യമുള്ള വയോജനങ്ങൾക്ക് അതായത് 80 വയസ്സിന് മേൽ പ്രായമുള്ളവർ, അവിവാഹിതർ, അനാഥർ തുടങ്ങിയവർക്ക് ക്രിയാത്മക സേവ നങ്ങൾ നൽകണമെന്ന് ഈ നയം വ്യക്തമാക്കുന്നു. ഈ നയം പൂർണ്ണതയിലേ ക്ക് എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾക്കാണ്. ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാദേശിക ആസൂത്രണത്തിനായുള്ള മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 8.3 നയപ്രസ്താവന

- മുതിർന്നവരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളാണ്.
- മുതിർന്നവർ വാർദ്ധക്യാവസ്ഥയിൽ എത്തും മുമ്പ് അനുഷ്ഠിച്ചിട്ടുള്ള സേവ നങ്ങളോട് കടപ്പാട് ഉണ്ടായിരിക്കണം.
- ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവർക്ക് പ്രത്യേക പരിലാളനയും പരിരക്ഷയും ലഭ്യമാക്കേണ്ടതാണ്.
- സ്വഗൃഹത്തിൽ വാർദ്ധ്യകാലം എന്ന നിലപാട് പ്രോത്സാഹിപ്പിക്കും. സ്ഥാപനതല സംരക്ഷണം അവസാന അഭയമായി കണക്കാക്കണം.
- മുതിർന്ന പൗരരെ ചൂഷണത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും സംര ക്ഷിച്ച് ജീവിത ഗുണമേന്മ ഉറപ്പാക്കണം.
- ത്യജിക്കപ്പെടുന്ന പൗരർക്ക് സംരക്ഷണം ഏർപ്പെടുത്തണം.
- അനുയോജ്യമായ ചിലവു കുറഞ്ഞ ആരോഗ്യ പരിപാലന സൗകര്യം ഏർപ്പെടുത്തണം.
- വയോജന സംബന്ധമായ വിഷയങ്ങൾ വിദ്യാഭ്യാസ പാഠ്യപദ്ധതിക ളിൽ ഉൾപ്പെടുത്തണം.
- മുതിർന്ന മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് പെൺമക്കളുടേയും ആൺമക്കളുടേയും തുല്യ ബാദ്ധ്യസ്ഥതയും, ചുമതലയും ആയിരിക്കും.

## 8.4 സുസ്ഥിര വികസന ലക്ഷ്യങ്ങളും വയോജനങ്ങളും

2016 ജനുവരി ഒന്നിന് 17 മുഖ്യലക്ഷ്യങ്ങൾ അടങ്ങുന്ന സുസ്ഥിര വികസന ലക്ഷ്യം (Sustainable Development Goals) ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപി ക്കുകയുണ്ടായി. 'വരും തലമുറകളുടെ സാദ്ധ്യതകൾക്ക് കോട്ടം വരുത്താതെ ഇന്നത്തെ തലമുറയുടെ വികസന ആവശ്യങ്ങൾ സാദ്ധ്യമാക്കുക എന്നതാ ണ് സുസ്ഥിര വികസനത്തിന്റെ പ്രാഥമിക തത്ത്വം'. വികസനം സാദ്ധ്യമാ കണമെങ്കിൽ സാമ്പത്തിക വളർച്ച, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും ഉൾക്കൊള്ളൽ, പരസ്ഥിതി സംരക്ഷണം എന്നീ മൂന്ന് ഘടകങ്ങളും സന്തുലി തമായിക്കൊണ്ട് പോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ വിധത്തിലുമുള്ള പട്ടിണിയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുക എന്നത് സുപ്രധാനമായ

ദൗത്യമാണ്. ഈ ലക്ഷ്യങ്ങൾ ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് ഏറെ വലുതാണ്.

## 8.5 വയോജന സൗഹൃദവുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ

ദാരിദ്ര്യം, പട്ടിണി, സ്വസ്ഥ ജീവിതം, ലിംഗസമത്വം, വികസനം, അസമത്വം, നഗരവത്ക്കരണം, സമാധാനം, നിർവ്വഹണ ശാക്തീകരണം എന്നിവയെല്ലാം വയോജന വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

വയോജനങ്ങൾക്ക് സൗഹൃദപരമായ ഒരു ഭരണ സംവിധാനം സൃഷ്ടിക്കുമ്പോൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പല ഘടകങ്ങളും അതോടൊപ്പം പാലിക്കപ്പെടും.

## 8.6 വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി

ദേശീയ സംസ്ഥാന വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായ പ്രവർത്തനങ്ങളാണ് വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സാമൂഹ്യ കുടുംബ ബന്ധങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ വൃദ്ധജനങ്ങൾക്ക് ഇന്ന് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും വിധം ഒരു വയോജന നയം തദ്ദേശ ഭരണ സ്ഥാപനങ്ങൾ രൂപീകരിക്കേണ്ടതാണ്. അതിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

- വയോജനങ്ങൾക്ക് ഉണ്ടാകുന്ന ഒറ്റപ്പെടലിന് പരിഹാരം
- പ്രായമാകുമ്പോൾ ഉണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധം.
- നിരാശ്രയരായി കഴിയുന്ന വയോജനങ്ങളുടെ അവസ്ഥയ്ക്ക് പരിഹാരം
- വയേജനങ്ങളുടെ സംരക്ഷണം
- ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്.
- ബ്ലോക്ക് പഞ്ചായത്തുകൾ, പൊതുവിഭാഗ വികസന ഫണ്ടിന്റെ 5% ത്തിൽ കുറയാതെയുള്ള തുക വയോജന ക്ഷേമത്തിന് വേണ്ടി മാറ്റിവെക്കേണ്ടതാണ്.
- ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുമായി ചേർന്ന് പകൽവീട് പോലെയുള്ള സമഗ്ര പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.
- വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഏറ്റെടുക്കാവുന്നതാണ്.
- സെക്കന്ററി പാലിയേറ്റീവ് കെയർ നൽകേണ്ട ചുമതല ബ്ലോക്ക് പഞ്ചായത്ത് സി.എച്ച്.സി വഴിയാണ് ചെയ്യേണ്ടത്.

# 9
# മറ്റ് ക്ഷേമ മേഖലകൾ

## 9.1 പെയ്ൻ & പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 23-8-2012-ലെ ജി.ഒ.(എം.എസ്) 228/2012/ തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് എല്ലാ തദ്ദേശസ്വയംഭ രണ സ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ അനിവാര്യ മായി നടത്തേണ്ടതാണ്. ഇതിനാവശ്യമായ തുക വികസന ഫണ്ടിൽ നിന്നും നിർബന്ധമായി വകയിരുത്തണം. എന്നാൽ എസ്.സി.എസ്.പി/ടി.എസ്. പി. ഫണ്ടുകൾ ഇതിനായി വിനിയോഗിക്കാൻ പാടില്ല. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

## 9.2 മത്സ്യത്തൊഴിലാളി ക്ഷേമം

വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒരു പ്രകൃതി വിഭവമാണ് മത്സ്യവി ഭവം. മഹാ ഭൂരിപക്ഷത്തിനും മത്സ്യം എന്നാൽ ഒരു ആഹാര പദാർത്ഥമാണ്. എന്നാൽ ഒരു വിഭാഗം മനുഷ്യർക്ക് അതവരുടെ ജീവനോപാധിയാണ്. ഏറ്റവും സാഹസികവും അപകടകരവുമായ തൊഴിലാണ് മത്സ്യ ബന്ധനം.

കേരളത്തിന്റെ മത്സ്യ മേഖലയെ പ്രധാനമായും രണ്ടായി തിരിക്കാം. കടൽ മേഖലയും ഉൾനാടൻ മത്സ്യ മേഖലയും. ഇതിൽ മത്സ്യബന്ധനം കൂടുതലും കടൽമേഖലയുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. കടലോരത്ത് വസിക്കുന്നവ രുടെ ഉപജീവന മാർഗം മത്സ്യബന്ധനമാണ്. ചില സമുദായങ്ങളെ സംബന്ധി ച്ചിടത്തോളം കുലത്തൊഴിലാണ് മത്സ്യബന്ധനം.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനു ള്ള പ്രവർത്തനങ്ങളുടെ ഭാഗമായി, വിവിധ കാലങ്ങളായി അവരുടെ തൊഴിലും തൊഴിലുപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ഉണ്ടായി. 1953- ലെ ഇൻഡോ - നോർവീജിയൻ പ്രോജക്ടിലൂടെയാണ് മത്സ്യ മേഖലയിൽ യന്ത്രവൽക്കരണം ആരംഭിച്ചത്. എണ്പതുകളിലാണ് പരമ്പരാഗത മേഖ

ലയിൽ മോട്ടോർ വൽക്കരണം ആരംഭിച്ചത്. സാധാരണ വള്ളങ്ങളിൽ (ഉരുക്കൾ) ഔട്ടർ ബോർഡ് എഞ്ചിൻ ഘടിപ്പിച്ച് കൊണ്ട് പരമ്പരാഗത മത്സ്യബന്ധനം യന്ത്രവല്ക്കതമാക്കി. പുതിയ തരം വലകൾ, മത്സ്യാകർഷണ വിളക്കുകൾ എന്നിവയും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി.

യന്ത്രവൽക്കരണം മത്സ്യബന്ധന മേഖലയിൽ വലിയ മാറ്റങ്ങൾക്ക് കളമൊരുക്കി. ട്രോളിംഗ് പേഴ്സിൻ വല എന്നിവയുടെ വരവോട്ടു കൂടി മൽസ്യ ഉത്പാദനം വർധിച്ചു. പേഴ്സിൻ വലകൾ (perseine Boat Operation) സമുദ്രത്തിന്റെ അടിത്തട്ടിലുള്ള മത്സ്യങ്ങളെ പിടിക്കുന്നത് സാധ്യമാക്കി. ചെമ്മീൻ പോലുള്ള മത്സ്യങ്ങളുടെ വിപണനം വൻ ലാഭമുള്ള ബിസിനസ്സായി മാറിയപ്പോൾ വൻകിട ബിസിനസുകാർ മത്സ്യ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. സ്റ്റോറേജ് സൗകര്യങ്ങൾ, ഐസ് പ്ലാന്റുകൾ, മത്സ്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിലും മാർക്കറ്റിങ്ങിലും കുത്തകകൾ വൻ വിജയം നേടി. ഇവരോട് മത്സരിക്കാൻ പാരമ്പര്യ മത്സ്യത്തൊഴിലാളികൾക്ക് കഴിയാതെ വന്നു. ഔട്ടർ ബോർഡ് എഞ്ചിൻ പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനത്തിന്റെ വില വർദ്ധനവിന് ആനുപാതികമായി ഇവർ പിടിക്കുന്ന മത്സ്യത്തിന് വില കിട്ടാതായി. ഇടത്തട്ടുകാർ മത്സ്യത്തിന് വില നിശ്ചയിക്കുന്ന രീതി വന്നു. കുറഞ്ഞ വിലയ്ക്ക് മത്സ്യത്തൊഴിലാളികളിൽ നിന്നും വാങ്ങുന്ന മത്സ്യം അവർ കൂടിയ വിലയ്ക്ക് കമ്പോളത്തിൽ വിറ്റ് ലാഭം കൊയ്തു. സ്റ്റോറേജ് സൗകര്യവും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യവുമില്ലാത്ത സാധാരണ മത്സ്യത്തൊഴിലാളികൾ ചൂഷണത്തിന് വിധേയമായി സാഹചര്യങ്ങളോട് സമരസപ്പെടാൻ നിർബന്ധിതമാകുന്നു.

തൊഴിൽ സുരക്ഷിതത്വമില്ലായ്മ ആണ് മറ്റൊരു പ്രധാന പ്രശ്നം. പ്രതികൂല കാലാവസ്ഥയിൽ കടലിനോട് മല്ലിടേണ്ടി വരുന്ന തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റോ അത് പോലുള്ള സുരക്ഷിത സംവിധാനങ്ങളോ ഇല്ല. അപകടം യഥാസമയം അറിയിക്കാനുള്ള കമ്മ്യൂണിക്കേഷൻ സൗകര്യങ്ങളും ഇല്ല.

ടൂറിസത്തിന്റെ വികസനം, കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങൾ ഇവക്ക് എല്ലാം പുറമെ പ്രാദേശികമായ പ്രശ്നനങ്ങൾ വേറെയും. പരമ്പരാഗത മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രധാനമായും പരിഹാരമുണ്ടാക്കേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നാണ്. എന്നാൽ ചെറുതല്ലാത്തൊരു പങ്ക് പ്രാദേശിക സർക്കാരുകൾക്കുമുണ്ട്. ഇത് കണ്ടറിഞ്ഞുള്ള പ്രവർത്തനമാണ് കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലമായി ജനകീയാസൂത്രണത്തിലൂടെ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാഴ്ച വെയ്ക്കുന്നത്. കേരളത്തിലെ ഒൻപതു ജില്ലകളിലായി കടലോരം വ്യാപിച്ചു കിടക്കുന്നു. ഇതിൽ ഗ്രാമങ്ങളും പട്ടണങ്ങളും ഉൾപ്പെടുന്നു. ഉൾനാടൻ മത്സ്യമേഖല ഏതാണ്ട് എല്ലാ ജില്ലകളിലും ഉണ്ടെന്നു പറയാം. ഈ മേഖലകളിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവരുടെ തൊഴിലും തൊഴിലുപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്നത്.

## 9.3 മത്സ്യത്തൊഴിലാളി ക്ഷേമ പരിപാടികൾ

- മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ ഉപജീവനവും നിലനില്പും ഉറപ്പുവരുത്തുന്നതിനായി രിക്കണം മത്സ്യമേഖലാ വികസനത്തിന്റെ മുഖ്യ ലക്ഷ്യം
- മത്സ്യമേഖല ഉൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും പു നഃരധിവാസത്തിനുമുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

# 10
# സ്ഥാപന മാനേജ്മെന്റ്

## 10.1 സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ, പ്രവർത്തനങ്ങൾ, മാനേജ്മെന്റ് കമ്മറ്റികൾ

പഞ്ചായത്ത് രാജ് ആക്ടിലെ മൂന്ന്, നാല്, അഞ്ച് പട്ടികകൾ പ്രകാരം വിവിധ സേവന – വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ചുമതലകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏല്പിച്ചിട്ടുണ്ട്.

പ്രാദേശിക ഭരണ സ്ഥാപനം എന്ന നിലയിൽ കാര്യക്ഷമമായ ഒരു ഭരണം സാധ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവശ്യം വേണ്ട സംഗതിയാണ് തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഫലപ്രദമായ മാനേജ്മെന്റ്. സ്ഥാപനങ്ങൾ എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള വിവിധ സ്ഥാപനങ്ങളുടെ ഓഫീസുകളും ഉൾപ്പെടുന്നു. അവയിലെ ഉദ്യോഗസ്ഥർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണാധികാരത്തിലാണ്. ഓരോ ഓഫീസും സ്ഥാപനവും നിറവേറ്റേണ്ടതായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ബാദ്ധ്യത ബ്ലോക്ക് പഞ്ചായത്തിനും അതിന്റെ സ്റ്റാന്റിംഗ് കമ്മറ്റികൾക്കുമുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ചുമതലകളായും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളായും തരംതിരിച്ച് പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ആ ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകേണ്ടത് കേരളാ പഞ്ചായത്ത് രാജ് നിയമ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്.

## 10.2 സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ക്ഷേമ കാര്യവുമായി ബന്ധപ്പെട്ട ഘടകസ്ഥാപനങ്ങളുടെ പട്ടിക അദ്ധ്യായം ഒന്നിൽ സൂചിപ്പിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പ് ജനകീയമാക്കുന്നതിനുവേണ്ടി സ്ഥാപന മാനേജിംഗ് സംവിധാനങ്ങൾ അനിവാര്യമാണ്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ ശരിയായി പരിപാലിക്കുന്നതിന് ജനപ്രതിനിധികൾ, ജീവനക്കാർ, രാഷ്ട്രീയ പ്രവർത്തകർ, വിവിധ മേഖലയിലെ വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ, എ.ഡി.എസ്. പ്രതിനിധികൾ, ഗുണഭോക്തൃ പ്രതിനിധികൾ എന്നിവർ അടങ്ങിയ 15 അംഗങ്ങളിൽ കവിയാതെയുള്ള സ്ഥാപന മാനേജ്മെന്റ് സമിതികൾ രൂപീകരിക്കേണ്ടതാണ്.

## 10.3 സുതാര്യത

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ പ്രധാനപ്പെട്ടതാണ് സുതാര്യത (Transparency). നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കാണാനും അറിയാനും കഴിയുന്ന അവസ്ഥയാണ് സുതാര്യത. രഹസ്യമോ നിഗൂഢതകളോ ഇല്ലാത്ത ഭരണമാണ് സുതാര്യ ഭരണം. ജനങ്ങൾക്ക് ഭരണത്തേയും ഭരണാധികാരികളേയും അറിയാനും വിലയിരുത്താനും കഴിയണം. സ്വയം വെളിപ്പെടുത്തുക എന്നതാണ് ഭരണസുതാര്യതയുടെ തത്വം. വിവരാവകാശ നിയമം 2005 അതിനുള്ള നിയമ പിൻബലമാണ്. നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, നടപടിക്രമങ്ങൾ, മാനദണ്ഡങ്ങൾ അർഹതകൾ, പരിപാടികൾ, പ്രവർത്തനങ്ങൾ, ഉത്തരവാദിത്തങ്ങൾ, മേന്മകൾ, ദൗർബല്യങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ എല്ലാം എല്ലാവർക്കും അറിയാവുന്ന അവസ്ഥയുണ്ടാകണം. ശരിയായ ജനപങ്കാളിത്തം സുതാര്യതയുണ്ടാക്കുന്നു.

## 10.4 സുതാര്യതയ്ക്കായി എന്തെല്ലാം ചെയ്യാം?

- ജനകീയ സമിതികളെ ഭരണ-വികസന കാര്യങ്ങളിൽ പങ്കാളികളാക്കുക
- പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക, യഥാസമയം പുതുക്കുക
- വികസന രേഖ പ്രസിദ്ധീകരിക്കുക
- പദ്ധതി രേഖ പ്രസിദ്ധീകരിക്കുക
- സ്ഥാപനങ്ങളിൽ വിവരബോർഡുകൾ സ്ഥാപിക്കുക
- ഗുണഭോക്തൃ ലിസ്റ്റ് (വെബ്സൈറ്റിൽ ഉൾപ്പെടെ) പ്രസിദ്ധീകരിക്കുക
- വാർഷിക ഭരണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുക
- ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭാ ചർച്ചയ്ക്കായി നല്കുക
- സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ഭരണ-വികസന-ക്ഷേമ പ്രവർത്തന വിവരങ്ങൾ പ്രസിദ്ധീകരിക്കുക.
- വിവരാവകാശ നിയമപ്രകാരം പഞ്ചായത്തിന്റെ ഏത് രേഖയും പൊതുരേഖയാകയാൽ ഏതൊരു പൗരനും ആവശ്യപ്പെട്ടാൽ നൽകണം. അതിന് വിമുഖത കാണിക്കാതിരിക്കുക.

- കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമസഭകളിലും കരട് പദ്ധതിരേഖ വികസന സെമിനാറിലും അച്ചടിച്ച് വിതരണം ചെയ്ത് ചർച്ചയ്ക്ക് വിധേയമാക്കുക
- വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ ലിസ്റ്റ് ഗ്രാമസഭയിൽ അച്ചടിച്ച് നൽകുക, ഗ്രാമ കേന്ദ്രങ്ങളിൽ പരസ്യപ്പെടുത്തുക, വെബ്സൈറ്റിൽ ലഭ്യമാക്കുക.

## 10.5 പൗരാവകാശ രേഖ

സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെ സദ്ഭരണം പ്രദാനം ചെയ്യാൻ കെല്പുള്ള പ്രാദേശിക സർക്കാരുകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ 1999-ലെ 13-ാം ഭേദഗതിയിലൂടെ കേരള പഞ്ചായത്തീരാജ് നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പ്രധാന സംവിധാനങ്ങളാണ് അറിയാനുള്ള അവകാശം, പൗരാവകാശരേഖ, ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവ. ഇതോടെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക എന്നത് ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റേയും അനിവാര്യ ചുമതലയായി മാറി.

ഓരോ തദ്ദേശ ഭരണസ്ഥാപനവും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളെയും, അവയുടെ വ്യവസ്ഥകളെയും, അവ ലഭ്യമാക്കുന്ന സമയ പരിധിയെയും സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശ രേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തണമെന്നും, അത് ഓരോ വർഷവും പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണമെന്നും പഞ്ചായത്ത് രാജ് നിയമത്തിലെ 272 എ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു.

## 10.6 സേവനാവകാശ നിയമം

സർക്കാർ വകുപ്പുകളോ തദ്ദേശ സ്വയം ഭരണ വകുപ്പുകളോ നിയമപരമായ മറ്റ് സ്ഥാപനങ്ങളോ പൊതുജനങ്ങൾക്ക് നല്കാൻ ബാദ്ധ്യതപ്പെട്ട സേവനങ്ങൾ നിശ്ചിത സമയത്തിനകം ലഭിക്കേണ്ടത് പൊതുജനത്തിന്റെ അവകാശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നിയമമാണ് 2012-ൽ സംസ്ഥാന സർക്കാർ പാസ്സാക്കിയ സേവനാവകാശ നിയമം. സേവന ലഭ്യതയിൽ തുല്യത ഉറപ്പ് വരുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ നിയമം നിലവിൽ വന്നതോടെ നിശ്ചിത സമയത്തിന് സേവനം ലഭ്യമാക്കുക എന്നത് ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റേയും ബാദ്ധ്യതയായി.

സേവനം എന്നാൽ തൽസമയം നിലവിലുള്ള നിയമത്തിൻ കീഴിലോ അതാതുസമയം പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമോ സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകളിലോ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, മറ്റു നിയമാധിഷ്ഠിത സ്ഥാപനങ്ങളോ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ സേവനങ്ങൾ എന്നാണ് സേവനാവകാശ നിയമത്തിൽ നിർവചിച്ചിരിക്കുന്നത്.

ഈ നിയമപ്രകാരം നിശ്ചിത സമയത്തിനകം സേവനങ്ങൾ ലഭിക്കുന്നില്ലെങ്കിൽ പൗരന്മാർക്ക് രണ്ട് അപ്പീൽ നൽകാനുള്ള വകുപ്പ് അടക്കം ഉൾച്ചേർത്തിട്ടുണ്ട്.

## 10.7 വിവരാവകാശ നിയമം 2005

ഒരു ജനാധിപത്യ ഭരണക്രമത്തിൽ സുതാര്യവും ഉത്തരവാദിത്ത പൂർണ്ണവും അഴിമതി രഹിതവുമായ ഭരണം ഉറപ്പുവരുത്തുന്നതിനുള്ള സുപ്രധാനമായ ഘട കമാണ് പൗരന്മാരുടെ അറിയുവാനുള്ള അവകാശം. സർക്കാരിന്റെ പ്രവർത്തന ങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ ചോദ്യം ചെയ്യുന്നതിനും തിരുത്തിക്കുന്നതിനും പരമാധികാരികളായ പൗരന്മാർക്ക് അവകാശവും കടമയുമുണ്ട്. ഈ ഉത്തരവാദിത്വം നിർവ്വഹിക്കണമെങ്കിൽ ഭരണ തലത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയാനുള്ള സംവിധാനം അത്യന്താ പേക്ഷിതമാണ്.

വിവര സ്വാതന്ത്ര്യ ബിൽ 2000 ന് രൂപം നൽകിക്കൊണ്ടാണ് വിവരാവകാശം ഉറപ്പാക്കുന്നതിനുള്ള തുടക്കം കുറിച്ചത്. ഏറെ ചർച്ചകൾക്കും പരിഷ്കരണങ്ങൾ ക്കും ശേഷം 2005 ൽ ആ പരിശ്രമം സഫലമായി. 2005 മെയ് 11 ന് ലോക് സഭപാസ്സാക്കിയ നിയമത്തിന് 2005 ജൂൺ 15 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. 2005 ഒക്ടോബർ 12 ന് നിയമം പ്രാബല്യത്തിൽ വന്നു. ഈ നിയമ പ്രകാരം വിവരാവകാശമെന്നാൽ പൊതു അധികാരിയുടെ അധീനതയിലോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ഒരു പൗരന് ലഭിക്കാനുള്ള അവകാശ മാണ്.

**ലക്ഷ്യങ്ങൾ:-**

1. ജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിലും ഒരു പൊതു അധികാരിയെ നിയമിക്കും. പൊതു അധികാരിയുടെ നിയന്ത്ര ണത്തിലുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് 30 ദിവസത്തിനുള്ളിൽ പ്രാപ്യമാക്കണം. ജീവനും സ്വത്തിനും ഭീഷണി നൽകുന്ന വിവരങ്ങൾ 48 മണിക്കൂറിനുള്ളിൽ വിവരം നൽകണം. ലഭിച്ച വിവരങ്ങൾ തൃപ്തികര മല്ലെങ്കിൽ അപ്പീൽ നൽകാവുന്നതാണ്.
2. പൊതു അധികാരിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഉത്തര വാദിത്വപരവുമാക്കുക
3. വിവരം നൽകുന്നത് നിയമപരമായ ഉത്തരവാദിത്തമാക്കുക. മറുപടി ലഭിച്ചില്ലെങ്കിൽ 250/- രൂപ മുതൽ 25000/- രൂപ വരം ഉത്തരവാദപ്പെ ട്ടവർ പെനാൽറ്റി നൽകണം.
4. ഭരണകൂട നിഗൂഢത ഇല്ലാതാക്കുക.

## 10.8 പരാതി പരിഹാര സംവിധാനം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്ത നത്തെ സംബന്ധിച്ചും അവിടെ നിന്ന് ലഭ്യമാകുന്ന സേവനത്തെ സംബന്ധി ച്ചും ഭരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും പൊതുഇടപെടൽ ആവശ്യമായ തർക്കങ്ങളെ സംബന്ധിച്ചും ജനങ്ങൾക്ക് പരാതികൾ നൽകുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സുതാര്യവും ജനകീയവും കാര്യക്ഷമവുമായ പരാതി

പരിഹാര സംവിധാനം തദ്ദേശഭരണ സ്ഥാപനതലത്തിലും അതിന്റെ ഓരോ സ്ഥാപന തലത്തിലും ഉണ്ടാകണം. ഇത് പൊതുഭരണ പ്രവർത്തനത്തെ കാര്യ ക്ഷമമാക്കുന്നതിന് ഏറെ സഹായിക്കും.

ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഭരണം നിറവേറ്റപ്പെടണമെങ്കിൽ ഭരണ-സേവന നിർവ്വഹണത്തിനിടയിൽ ഉയർന്നു വരാവുന്ന പരാതികൾ ശ്രവിക്കാൻ ചിട്ടപ്പെടുത്തിയ തർക്ക പരിഹാര സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാ പനങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കും.

പരാതി പരിഹാരത്തിനായി പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതു മുതലുള്ള പ്ര വർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ ഉണ്ട്. തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷൻ സമിതിയുടെ അദ്ധ്യക്ഷനായുള്ള ഒരു പരാതി പരിഹാര സമിതി ഓരോ തദ്ദേശ സ്ഥാപന തലത്തിലും ഉണ്ടായിരിക്കണം. കൂടാതെ തദ്ദേശ സ്ഥാപന തലത്തിലുണ്ടാകുന്ന പരാതികളിൽ അന്വേഷണം നടത്താനും തീർ പ്പാക്കാനും പ്രയോഗിക പരിഹാരം നടപ്പാക്കാനും വേണ്ടി ഓംബുഡ്സ്മാൻ എന്ന സംവിധാനവും കേരള പഞ്ചായത്ത് രാജ് നിയമം ഉറപ്പ് വരുത്തുന്നുണ്ട്.

# 11
# നവകേരള കർമ്മപരിപാടി

## 11.1 ആമുഖം

മാനവ വികസനസൂചിക അനുസരിച്ച് ലോകത്തിലെ മികച്ച പ്രദേശങ്ങളിൽ ഒന്നാണ് കേരളം. ഉയർന്ന സാക്ഷരത, ഉന്നതമായ വിദ്യാഭ്യാസ നിലവാരം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം, അധികാര വികേന്ദ്രീകരണം തുടങ്ങിയ മേഖലകളിലെല്ലാം കേരളം മുന്നിട്ടു നിൽക്കുന്നു.

എന്നാൽ, ഉൽപ്പാദന മേഖലയിലുണ്ടായ മുരടിപ്പ് മൂലം എല്ലാവർക്കും, പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് കേരള സമ്പദ് വ്യവസ്ഥയിൽ സാധ്യമായില്ല. മെച്ചപ്പെട്ട വരുമാനവും ജോലിയും തേടി വിദേശ രാജ്യങ്ങളിൽ പോയവർ അയച്ച പണം ഉൽപ്പാദന രംഗത്ത് വിനിയോഗിക്കുന്നതിലും പരാജയമുണ്ടായി. പ്രവാസികൾ അയച്ച പണം കെട്ടിട നിർമ്മാണത്തിനും റിയൽ എസ്റ്റേറ്റ് ബിസിനസ്സിലുമാണ് കേന്ദ്രീകരിക്കപ്പെട്ടത്. അമിതമായ പ്രകൃതിവിഭവ ചൂഷണത്തിലൂന്നിയ വികസന രീതിയിലേക്കാണ് ഇത് നയിച്ചത്. മണ്ണിനും ജലത്തിനുമുണ്ടായ ശോഷണം, മദ്യപാനവും ജീവിത ശൈലീരോഗങ്ങളും, ആത്മഹത്യാ പ്രവണതയും വളർന്നു വന്നു. പലവിധ കാരണങ്ങളാൽ ജലനിർഗ്ഗമനം തടസ്സപ്പെട്ടതും വലിച്ചെറിയലുകൾ കൂടിയതും മൂലം മാലിന്യ പ്രശ്നം അതിരൂക്ഷമായി. ഇത് പകർച്ച വ്യാധികൾ വീണ്ടും പടർന്നു പിടിക്കുന്നതിന് കാരണമാകുന്നു.

എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം പ്രാപ്തമായെങ്കിലും പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് കൂടുതൽ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ജീവിത ഗുണത ഉയർത്തുകയും എല്ലാവർക്കും സുരക്ഷിതമായ താമസ സൗകര്യം ഉണ്ടാക്കേണ്ടതും അടിയന്തിരമായ ആവശ്യമായിരുന്നു. നേടിയ ജീവിതഗുണനിലവാരം പിടിച്ചു നിർത്തുന്നതിനും എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പു വരുത്തുന്നതിനും ഗ്രാമ തലത്തിലെ ആരോഗ്യ സേവനങ്ങൾ പൊളിച്ചെഴുതുന്ന പ്രക്രിയ അടിയന്തിരമായി ആരംഭിക്കേണ്ടതും ആവശ്യമായിരുന്നു. ഇനിയും ഗുരുതരമായി ബാക്കിയായിരുന്ന പാർപ്പിട പ്രശ്നവും അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ടായിരുന്നു. വികസനത്തിന്റെ

ഈ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായാണ് കേരളത്തിലെ അടിസ്ഥാന വികസന പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ നാല് മിഷനുകൾ പ്രഖ്യാപിക്കപ്പെട്ടത്. ഹരിത കേരള മിഷൻ കൃഷി, മണ്ണ്-ജല സംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ ഊന്നുന്നു. ആർദ്രം മിഷൻ ആരോഗ്യ മേഖലയിലും ലൈഫ് മിഷൻ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കേരളത്തിന്റെ വിദ്യാഭ്യാസം ഉയർത്തുന്നതിനാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിരിക്കുന്നത്. ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഉറച്ച തീരുമാനമാണ് നവകേരള മിഷനുകളുടെ പ്രവർത്തനത്തിന് ഊർജ്ജം പകരുന്നത്.

## 11.2 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ

ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്എന്നിങ്ങനെ നാല് മിഷനുകൾ ആണ് കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ശുചിത്വം, മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നതാണ് ഹരിത കേരള മിഷൻ.
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ എന്നതാണ് ആർദ്രം മിഷൻ മുന്നോട്ടു വയ്ക്കുന്നത്.
3. പൊതുവിദ്യാലയങ്ങളുടെ മികവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും ആണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ടു വയ്ക്കുന്നത്.
4. എല്ലാവർക്കും പാർപ്പിടം എന്നതാണ് ലൈഫ് മിഷനിലെ ലക്ഷ്യം.

## 11.3 ഹരിതകേരള മിഷൻ

വൃത്തി, വെള്ളം, വിളവ് എന്നിവയെ മുൻനിർത്തിക്കൊണ്ട് മൂന്ന് ഉപ മിഷനുകളായാണ് ഹരിതകേരളം രൂപീകരിച്ചിരിക്കുന്നത്. ഒന്നാമത്തേത് ശുചിത്വവും മാലിന്യ സംസ്കരണവും രണ്ടാമത്തേത് ജലസംരക്ഷണവും, മൂന്നാമത്തേത് ജൈവരീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിവികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

### 11.3.1 ശുചിത്വം, മാലിന്യ സംസ്കരണം

#### 11.3.1.1 ലക്ഷ്യങ്ങൾ

- എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം - അനുകൂല മനോഭാവങ്ങളും ശീലങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുക
- സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കുക.

- ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥിരം സംവിധാനമാക്കുക

### 11.3.1.2 പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൈവ മാലിന്യങ്ങൾ | ഉറവിട മാലിന്യ സംസ്കരണം | വീടുകളും സ്ഥാപനങ്ങളും |
| അജൈവ മാലിന്യങ്ങൾ | തരംതിരിച്ച് വൃത്തിയാക്കി ശേഖരിക്കൽ | ഹരിതകർമ്മ സേന |
| ദ്രവ മാലിന്യം | വികേന്ദ്രീകൃത പരിപാലന സംവിധാനങ്ങൾ | വീടുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ |
| വലിയ നഗര മാലിന്യം | കേന്ദ്രീകൃത സംവിധാനങ്ങൾ | നഗരസഭ |
| പൊതുസ്ഥലങ്ങൾ | സ്ഥലത്തിന് യോജിച്ച സംവിധാനം | തദ്ദേശ ഭരണ സ്ഥാപനങ്ങൾ |
| ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തടയൽ | നിയമ പരിപാലനം | തദ്ദേശ ഭരണസ്ഥാപനങ്ങൾ |

### 11.3.1.3 ജലസംരക്ഷണം

സുസ്ഥിരമായ ജലസംരക്ഷണ-വിനിയോഗ സംസ്കാരം ഉയർത്തിക്കൊണ്ട് വരികയും അതിനെ ജനജീവിതത്തിന്റെ ഭാഗമാക്കുകയും അതു വഴി ജലസുരക്ഷയും പരിസ്ഥിതി സംരക്ഷണവും നടത്തുകയുമാണ് മിഷൻ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി, ജലസ്രോതസ്സുകളുടെ നവീകരണം, ശുദ്ധീകരണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

### 11.3.1.4 കാർഷിക വികസനം

പച്ചക്കറി, നെല്ല്, പഴവർഗ്ഗങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം അടിയന്തിര സ്വഭാവത്തോടെ കൈവരിക്കണം. കൃഷിയെ മാത്രം ആശ്രയിക്കുന്ന കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തണം. ഭൂ-ജല വിഭവങ്ങളെ സംയോജിതമായി ഉപയോഗപ്പെടുത്തിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകിയും വിപണന സൗകര്യങ്ങൾ വികസിപ്പിച്ചും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. ഇതിനായി വകുപ്പുതല പദ്ധതികളുടെ ഫലപ്രദമായ സംയോജനം, കാർഷിക കർമ്മസേനകളെ ശക്തിപ്പെടുത്തൽ, സഹകരണമേഖലയുമായി സഹകരിച്ച് വായ്പ

വിപണന സൗകര്യങ്ങൾ ഒരുക്കൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും അവയുടെ പ്രചാരണവും ഏറ്റെടുത്തിട്ടുണ്ട്.

## 11.4 ആർദ്രം മിഷൻ

സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനായാണ് ആർദ്രം മിഷനിലൂടെ ശ്രമിക്കുന്നത്. പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഒരു കുടുംബത്തിലെ എല്ലാ പ്രാഥമിക ആരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി മോണിറ്റർ ചെയ്യാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടംഘട്ടമായി മാറ്റിക്കൊണ്ടിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന പ്രദേശത്തുള്ള ഓരോ വ്യക്തിക്കും സമഗ്രമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കാലോചിത മാറ്റങ്ങളോടെ പരിഷ്കരിക്കുന്നു.

ഇതോടൊപ്പം ജില്ലാ-താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടു കൂടിയ സൗകര്യങ്ങൾ ഒരുക്കുന്ന നടപടികളും പൂർത്തീകരിച്ചു വരികയാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ആദിവാസി ആരോഗ്യ പരിപാടി നടപ്പാക്കുക എന്നീ പ്രവർത്തനങ്ങളും തുല്യ പ്രാധാന്യത്തോടെ നടന്നു വരുന്നു. സമകാലിക ആരോഗ്യ പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും, പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനു മിഷൻ ലക്ഷ്യമിടുന്നു. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മികച്ച പ്രവർത്തനം, ജീവിതശൈലി രോഗങ്ങളിൽനിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്ന് ലഭ്യമാക്കുക, മികച്ച നഴ്സിംഗ് വിദ്യാഭ്യാസം, ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ തദ്ദേശ സ്ഥാപങ്ങൾക്ക് വർധിച്ച ചുമതലകൾ എന്നിവയും മിഷന്റെ സവിശേഷതകളാണ്..

## 11.5 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഈ മിഷന്റെ ലക്ഷ്യം. മികവ് എന്നാൽ അക്കാദമിക്ക് മികവാണ്. ഇതിനായാണ് ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുന്നത്. കേരളീയ സമൂഹം പൊതു വിദ്യാലയങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ ബോധവും അതിനനുസരിച്ച ജനാധിപത്യ മൂല്യങ്ങളും.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എറ്റെടുത്ത പ്രവർത്തനങ്ങളെ താഴെ പറയുന്നതു പ്രകാരം മനസ്സിലാക്കാം.

- പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഒരോ ക്യാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക
- വായനശാല, ലാബോറട്ടറി എന്നിവ ആധുനികവൽക്കരിക്കുക
- വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക
- പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന ഉറപ്പാക്കുക
- ക്ലാസ് മുറികൾ ഹൈടെക് ആക്കുക
- സ്മാർട്ട് ക്ലാസ് റൂമുകൾ, ലബോറട്ടറികൾ എന്നിവ സജ്ജീകരിക്കുക.
- സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

അക്കാദമികമായി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്നു കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അധ്യാപകർ, രക്ഷാകർതൃസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം, ഭരണനിർവ്വഹണ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിക്കലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സവിശേഷത.

## 11.6 ലൈഫ് മിഷൻ

കേരളത്തിലെ ഭൂരഹിതരും ഭവന രഹിതരുമായ മുഴുവൻ കുടുംബത്തിനും വീടുകൾ ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണ് ലൈഫ് മിഷൻ. സാമൂഹിക വികസനം വേഗത്തിലാക്കുന്നതിന് അടിസ്ഥാനമായ അനിവാര്യമായ ഘടകം എന്ന നിലയിലാണ് എല്ലാവർക്കും വീട് എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

അഞ്ച് വർഷം കൊണ്ട് ഏകദേശം 4.30 ലക്ഷം ഭവനരഹിതർക്ക് വീട് വച്ച് നൽകുക എന്ന ലക്ഷ്യവുമായാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. വിവിധ കാരണങ്ങളാൽ മുൻകാലത്ത് ഭവനപദ്ധതികളിൽ നിന്ന് ഒഴിവായിപ്പോയിരുന്ന 1.60 ലക്ഷം കുടുംബങ്ങളും ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

ഭവന നിർമ്മാണത്തോടൊപ്പം കുടുംബങ്ങൾക്ക് അവരുടെ ഉപജീവനസൗകര്യങ്ങൾ ഒരുക്കുക വഴി സാമ്പത്തിക ശക്തീകരണം ഉറപ്പ് വരുത്തലാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രധാന ഊന്നൽ. വീട് വയ്ക്കാൻ സ്വന്തമായി ഭൂമിയുള്ളവർക്ക് ഉറപ്പുള്ള വീടുകൾ നിർമ്മിച്ച് നൽകുക, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് താമസ സൗകര്യം ഒരുക്കുക എന്നതാണ്

പരിപാടി. ഇതോടൊപ്പം ഉപജീവനത്തിനുള്ള പദ്ധതികളും പ്രാഥമിക ആരോഗ്യം, വയോജനങ്ങൾക്കുള്ള പിന്തുണാ പരിപാടികൾ, വിദഗ്ധ ജോലി കൾക്കുള്ള പരിശീലനം എന്നിവ നൽകുകയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഭൂമി കണ്ടെത്തുന്നതും പദ്ധതിക്കുള്ള അധിക സാമ്പ ത്തിക ബാധ്യത നിറവേറ്റുന്നതും വിവിധ സംഘടനകളുടേയും പൊതുജനങ്ങളു ടേയും സഹകരണത്തോടെയാണ്.

ഒരു നിശ്ചിത കാലയളവിൽ സമയബന്ധിതമായി ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടി യെടുക്കുന്നതിനുള്ള കർമ്മ പരിപാടിയാണ് നവകേരള മിഷനിലൂടെ മുന്നോട്ട് വച്ചത്. പഴയ കേരളം പുതുക്കി പണിയലല്ല, പുതിയൊരു കേരളത്തിന്റെ നി ർമ്മിതിയാണ് ഈ പരിപാടിയിലൂടെ സാധ്യമാവുക.

## 11.7 ഗുണഭോക്താക്കൾ

- സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ
- ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനെ തുടർന്ന് ഭവനരഹിതരാ യി തുടരുന്നവർ
- വാസയോഗ്യമല്ലാത്ത വീടുള്ളവർ
- പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽ ക്കാലിക ഭവനമുള്ളവർ
- ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരെയാണ് മിഷൻ ലക്ഷ്യമാ ക്കുന്നത്

## 11.8 പ്രവർത്തന സമീപനം

- സ്ഥല ലഭ്യതയുള്ളവർക്ക് നഗരസഭകൾ/ പഞ്ചായത്തുകൾ മുഖേന ധന സഹായം
- ഭൂമിയില്ലാത്തവർക്ക് ബ്ലോക്ക് / നഗരസഭ അടിസ്ഥാനത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുക
- പാർപ്പിട സൗകര്യത്തോടൊപ്പം ഉൽപാദന സേവന മേഖലകളിൽ സ്വയം തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ഉപജീവന സുരക്ഷ (Livelyhood Security) ഉറപ്പുവരുത്തുന്ന സേവനങ്ങൾ ലഭ്യമാക്കു കയും ചെയ്യുക
- പാർപ്പിട സ്ഥലത്ത് വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, പാചക ഇന്ധനം എന്നീ സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക

# 12
# പ്രളയാനുഭവങ്ങളും കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമവും

വികസനത്തിന്റെ കേരള മാതൃക ഏറെ ചർച്ച ചെയ്യപ്പെടുന്നതാണ്. സാമൂഹിക വികസന സൂചികകളിൽ കേരളം ആർജിച്ച നേട്ടങ്ങൾ വികസിത രാജ്യങ്ങളിലേതുമായി താരതമ്യം ചെയ്യാവുന്ന നിലയിലുള്ളതാണ്. വിദ്യാഭ്യാസം, ആരോഗ്യരക്ഷ, ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, ജനസംഖ്യാനിയന്ത്രണം എന്നിവയിലെ മികവിനൊപ്പം കുറഞ്ഞ ഭൗതിക സൗകര്യങ്ങളുടേയും ഉൽപാദന വളർച്ചയുടേയും നടുവിലും ഉയർന്ന നിലവാരത്തിലുള്ള സാമൂഹിക ആസ്തികളും, സൂചികകളും ഒട്ടേറെ പഠന വിധേയമായിട്ടുണ്ട്. നാം ആർജ്ജിച്ച മികച്ച സാമൂഹിക നേട്ടങ്ങളുടെ സൂചികകളും, മാനവിക വികസന സൂചികയും അടിസ്ഥാനമായി ചൂണ്ടിക്കാണിക്കപ്പെടുന്ന ഘടകങ്ങളിൽ ആരോഗ്യരംഗം, രാഷ്ട്രീയബോധം, സാർവത്രിക വിദ്യാഭ്യാസം, സംസ്ഥാന നയങ്ങളും, നവോത്ഥാന മൂല്യങ്ങളും, മെച്ചപ്പെട്ട കൂലി ഘടന എന്നിവ ഏറെ പ്രാധാന്യമർഹിക്കുന്നു.

എങ്കിലും നാം ആർജ്ജിച്ച മികച്ച നേട്ടങ്ങളും, സാമൂഹ്യ മുന്നേറ്റങ്ങളും നിലനിർത്താനും മുന്നേറാനും കഴിയേണ്ടതുണ്ട്. പാരിസ്ഥിതികവും ഭൗതികവുമായ പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ സമീപകാല അനുഭവങ്ങളായ പ്രളയം, കോവിഡ് പോലുള്ള പ്രതിസന്ധികളേയും, ദേശീയവും സാർവ്വദേശീയവുമായ സാഹചര്യങ്ങളെയും വിലയിരുത്തി കൊണ്ടുള്ള നയവും പരിപാടികളും ആവിഷ്കരിച്ച് മുന്നേറേണ്ടിയിരിക്കുന്നു.

## 12.1 2018 –19 ലെ പ്രളയാനുഭവങ്ങൾ

1924-ന ശേഷം ആദ്യമായാണ് 2018-ൽകേരളം വലിയ തോതിലുള്ള ഒരു വെള്ളപ്പൊക്കം നേരിടുന്നത്. ജൂൺ 1 മുതൽ ആഗസ്റ്റ് 19 വരെ നീണ്ട പേമാരി പ്രളയത്തോടൊപ്പം പലയിടങ്ങളിലും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമായി. ആൾനാശം, ജീവസന്ധാരണ മാർഗ്ഗങ്ങൾക്കുണ്ടായ നാശം, സ്വത്ത് നാശം, പശ്ചാത്തല സൗകര്യങ്ങളുടെ കേടുപാടുകൾ, തുടങ്ങി പ്രളയം കൊണ്ട്

ഉണ്ടായ കെടുതികൾ ഏറെയാണ്. സംസ്ഥാനത്തെ സാമൂഹികവും സാമ്പത്തി കവുമായ സ്ഥാപനങ്ങളുടെ ചട്ടക്കൂട്ടുകൾ പിടിച്ചുലക്കുകയും ചെയ്തു. 2019-ലും (2018-ലെ അത്ര തന്നെ രൂക്ഷമായിട്ടല്ലെങ്കിലും) പ്രളയവും തന്മൂലമുള്ള കെടുതി കളും സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ടു.

2018 ജൂൺ 1 മുതൽ ആഗസ്റ്റ് 19 വരെയുള്ള കാലയളവിൽ സാധാരണ പ്രതീക്ഷി ക്കുന്ന 1649.5 mm മഴയ്ക്ക് പകരം 2345.6mm (അതായത് അത് 42 ശതമാന ത്തോളം അധികം) ആണ് സംസ്ഥാനത്ത് വർഷിച്ചത്. സാധാരണ നിരക്കിൽ നിന്ന് അധികമായി ജൂണിൽ 15 ശതമാനവും ജൂലൈയിൽ 17 ശതമാനവും ആഗസ്റ്റ് 19 വരെയുള്ള കാലയളവിൽ 164 ശതമാനവുമാണ്അധികം മഴ ലഭി ച്ചത്.അതായത് ജൂൺ-ജൂലൈ മാസങ്ങളിലെ അധിവർഷത്തിൽ ജലസംഭ രണികളും പുഴകളും നിറഞ്ഞിരിയ്ക്കുന്ന അവസ്ഥയിലേക്കാണ് ആഗസ്റ്റിൽ 164 ശതമാനം അധികമഴ പെയ്തിറങ്ങിയത്. സംസ്ഥാനത്തെ ആകെ 1664 വില്ലേജു കളിൽ 1259 എണ്ണവും പ്രളയ ബാധിതമായി. ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നീ ഏഴ് ജില്ലകളിൽ മുഴവനായും പ്രളയ ബാധിതമായി പ്രഖ്യാപിക്കേണ്ടി വന്നു. ജൂലൈ അവസാനത്തോടെ 35 അണക്കെട്ടുകൾ സംഭരണശേഷി കവിഞ്ഞതിനാൽ തുറന്നു വിടേണ്ടി വന്നു. 26 വർഷങ്ങൾക്കു ശേഷമാണ് ഇടുക്കി അണക്കെട്ടിന്റെ അഞ്ചു ഗേറ്റുകളും ഒന്നിച്ചു തുറക്കേണ്ടി വന്നത്. വേമ്പനാട് കായലിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടേയും സംഭരണശേഷിയിലുള്ള പരിമിതി കുട്ടനാട് മേഖലയിലെ പ്രശ്നം സങ്കീർണ്ണമാ ക്കി. കബനി, പെരിയാർ, ചാലക്കുടി, പമ്പ, എന്നീ സബ് - ബേസിനുകളാണ് കാര്യമായി പ്രളയത്തിന് ഇരയായത്. മിക്കയിടങ്ങളിലും വെള്ളപ്പൊക്കം രണ്ടാ ഴ്ചയോളം നിലനിന്നു. 65188 ഹെക്ടർ സ്ഥലമാണ് വെള്ളത്തിനടിയിൽ ആയത്. 10 ജില്ലകളിലായി 341 മണ്ണിടിച്ചിലുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതിൽ 143-ഉം ഇടുക്കി ജില്ലയിൽ ആയിരുന്നു.

അതായത് സംസ്ഥാന ജനസംഖ്യയുടെ ആറിൽ ഒന്നോളം പേരെ പ്രളയം നേരിട്ട് ബാധിച്ചു. 498 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 12.47 ലക്ഷം ആളുകളെ അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് ക്യാമ്പുകളിലേക്ക് മാറ്റേണ്ടി വന്നു. ആകെ 3274 ക്യാമ്പുകൾ പ്രവർത്തിച്ചു. 2019-ലെ പ്രളയത്തിൽ രണ്ട് ലക്ഷം പേരെയാണ് 1318 ക്യാമ്പുകളിലായി മാറ്റി പാർപ്പിക്കേണ്ടി വന്നത്. 2019 ആഗസ്റ്റിൽ രണ്ട് ദിവസംകൊണ്ട് എൺപതോളം മണ്ണിടിച്ചിൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രളയത്തിലും മണ്ണിടിച്ചിലിലും 121 പേർക്ക് ജീവഹാനി യുണ്ടായി.

ഈ രണ്ടു പ്രളയ അവസരങ്ങളിലും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയു ടെ മേൽനോട്ടത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റികളും, ജില്ലാ ഭരണകൂ ടങ്ങളുമാണ് രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏകോ പിപ്പിച്ചത്. റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, ആരോഗ്യവകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ സർക്കാർ സംവിധാനങ്ങൾക്കൊപ്പം പൊതുസമൂഹവും ഒറ്റക്കെട്ടാ

യി രക്ഷാപ്രവർത്തനങ്ങളിലും തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പ്രവർത്തിച്ചു എന്നതാണ് എടുത്തുപറയേണ്ട പ്രത്യേകത. കേന്ദ്രസേനകളായ നാഷണൽ ഡിസാസ്റ്റർ റെസ്ക്യൂ ഫോഴ്സ്, കരസേന, നാവികസേന, വായുസേന, കോസ്റ്റ് ഗാർഡ് എന്നിവയും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.

പ്രളയ സമയത്തെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വെച്ചവരാണ് നമ്മുടെ തീരദേശ മത്സ്യത്തൊഴിലാളികൾ. വെള്ളം നിറഞ്ഞു കിടക്കുന്ന പ്രളയ പ്രദേശങ്ങളിൽ 669 മത്സ്യബന്ധന യാനങ്ങളുമായി4537 മത്സ്യത്തൊഴിലാളികളാണ് രക്ഷാപ്രവർത്തനത്തിന് തികച്ചും സ്വയം സന്നദ്ധരായി ഇറങ്ങിത്തിരിച്ചത്. പലയിടങ്ങളിലായി കുടുങ്ങിക്കിടന്ന 65,000-ത്തിലധികം ആളുകളെയാണ്ഇവർ രക്ഷിച്ച് സുരക്ഷ സങ്കേതങ്ങളിൽ എത്തിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ച സംഘടനാ സംവിധാനമാണ് കുടുംബശ്രീ. ദുരിതത്തിൽപെട്ടു വലയുന്നവർക്ക് ഭക്ഷണവും മരുന്നുകളും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിച്ചു നൽകുന്നതിൽ കുടുംബശ്രീയുടെ സംഘടനാ സംവിധാനം വലിയൊരു പങ്കാണ് നിർവഹിച്ചത്. അതേപോലെ കേരളത്തിന് പുറത്തുള്ള നല്ലൊരു പങ്ക് ആളുകൾ, പ്രത്യേകിച്ച് വിവരസാങ്കേതികവിദ്യ പരിജ്ഞാനമുള്ളവർ രക്ഷാപ്രവർത്തനത്തിന്റേയും ദുരിതാശ്വാസത്തിന്റെയും ഏകോപനം ഇന്റർനെറ്റ് ഉപയോഗിച്ച് വളരെ മികച്ചതാക്കി. പൊതുസമൂഹത്തിന്റെ, പ്രത്യേകിച്ച് യുവജനങ്ങളുടെ വലിയ തോതിലുള്ള പങ്കാളിത്തം ദുരിതാശ്വാസ പ്രവർത്തനത്തെ വേറിട്ടൊരു അനുഭവമാക്കിയതോടൊപ്പം ദുരന്തബാധിതർക്ക് വളരെയധികം ആത്മവിശ്വാസം നൽകി. എല്ലാ ജില്ലകളിലും ഭക്ഷണം, മരുന്ന്, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ ആവശ്യത്തിലധികം ഈ കൂട്ടായ്മയുടെ ഫലമായി സംഭരിക്കാൻ കഴിഞ്ഞു. ഇവയുടെ കാര്യക്ഷമമായ വിതരണത്തിലും പ്രളയാനന്തര ശുചീകരണ പ്രവർത്തനനത്തിലും തികഞ്ഞ ഏകോപനത്തോടെയുള്ള സന്നദ്ധ പ്രവർത്തനം സാധ്യമായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഏകദേശം 1400കോടി രൂപയാണ് 2018-ൽ സംഭാവനയായി കിട്ടിയത്. പ്രധാനമന്ത്രി 600 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് പ്രഖ്യാപിച്ചത്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1800 കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി.

2018-ലെ പ്രളയത്തിനുശേഷം കേരള സർക്കാർ എ.ഡി.ബി. വേൾഡ് ബാങ്ക് എന്നിവയിലെ വിദഗ്ധരുടെ സഹായത്തോടെ നടത്തിയ നഷ്ടത്തിന്റെ കണക്കെടുപ്പ് പ്രകാരം 26718 കോടി രൂപയുടെ നേരിട്ടുള്ള നഷ്ടം വിലയിരുത്തുന്നു. കൂടാതെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് 31000 കോടി രൂപ വേണ്ടി വരുമെന്നും വിലയിരുത്തുന്നു. മൊത്തം സാമ്പത്തിക നഷ്ടം സംസ്ഥാനത്തിന്റെ ജി.ഡി.പി.യുടെ 2.6 ശതമാനം വരുമെന്ന് കണക്കാക്കപ്പെടുന്നു. 2019-ൽ തീവ്രത അല്പം കുറവായിരുന്നുവെങ്കിലും പ്രളയവും മണ്ണിടിച്ചിലും ഈ നഷ്ടക്കണക്കുകൾ വീണ്ടും വർദ്ധിപ്പിച്ചു.

ഈ രണ്ടു വർഷങ്ങളിലെയും ദുരന്തങ്ങളിൽ നിന്ന് നാം പഠിക്കേണ്ടതുണ്ട്. വളരെ വ്യക്തമായി മനസ്സിലാക്കാവുന്ന കാര്യം ആദ്യം നമ്മുടെ സാമൂഹിക സംഘാടന

തലത്തിന്റെ കെട്ടുറപ്പാണ്. അധികാര വികേന്ദ്രീകരണവും ശക്തമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശൃംഖലയും ദുരന്താനന്തര പൂർവ്വ സ്ഥിതി പ്രാപിയ്ക്കാൻ എളുപ്പമാക്കി. എന്നാൽ, മറ്റെല്ലാ തലത്തിലും ഇങ്ങനെയുള്ള ദുരന്തങ്ങൾ നേരിടാൻ നാം പ്രാപ്തമല്ല എന്നുള്ളതും തിരിച്ചറിയേണ്ടതുണ്ട്. സംഭരണികളുടെ ശേഷി, അണക്കെട്ടുകളുടെ പ്രവർത്തനത്തിലെ പോരായ്മകൾ, നദികളുടേയും മറ്റു ജലസ്രോതസ്സുകളെയും ശോഷണം, തികച്ചും ആസൂത്രിതമല്ലാത്ത വികസന രീതി, ഗുണമേന്മയില്ലാത്ത കെട്ടിട നിർമ്മാണം, ഭൂവിനിയോഗത്തിലെ പാളിച്ചകൾ എന്നീ ഘടകങ്ങൾ നമ്മുടെ പാളിച്ചകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭൂവിനിയോഗത്തിലെ അശ്രദ്ധയും വികസനത്തിലെ ആസൂത്രണം ഇല്ലായ്മയും കാരണം വളരെ കൂടിയ അനുപാതത്തിൽ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമാണ് ഈ ദുരന്തങ്ങൾക്ക് ഇരയായതെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

## 12.2 കേരളത്തിന്റെ പുനർനിർമ്മാണ ഉദ്യമം

2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങൾ സംസ്ഥാനം മുമ്പ് കണ്ടിട്ടില്ലാത്ത അത്രയും വ്യാപകവും വിനാശകരവും ആയിരുന്നു. ഈ ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഘടനാപരമായ പരിമിധികളും വെളിപ്പെടുത്തി. പല സ്ഥാപനങ്ങളുടെയും കാര്യശേഷിക്കുറവ് ഇതുപോലെയുള്ള അതിതീവ്രതയുള്ള സംഭവങ്ങളെ നേരിടുന്നതിൽ സംസ്ഥാനത്തെ അപര്യാപ്തമാക്കി. ഉദാഹരണത്തിന് കൃഷി, ജലം, റോഡ്, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നിലവിലുള്ള ഒന്നിലധികം സ്ഥാപനങ്ങളുടെ പരസ്പരധാരണയില്ലായ്മ മൂലം പ്രകൃതി വിഭവങ്ങളുടെ വികസനത്തിനും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിലും, പൊതു സേവനങ്ങൾ നല്കുന്നതിലും സംയോജിതവും ശാസ്ത്രീയവുമായ ആസൂത്രണവും വികസനവും അസാധ്യമാക്കിത്തീർത്തു. ഈ വിഷയ മേഖലകളെ സമഗ്രമായി സമീപിക്കുന്നതിന് സ്ഥാപനങ്ങളുടെ ഏകീകരണം, ഏകോപനം, കാര്യശേഷി വർധിപ്പിക്കൽ എന്നീ കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. കൃഷി, ജലവിഭവം, ഗതാഗതം, ദുരന്തനിവാരണം, നാഗരിക സേവനങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിലെങ്കിലും സമഗ്രമായ കാഴ്ചപ്പാട് ഉറപ്പുവരുത്തുന്ന നയരൂപീകരണവും പ്രസ്തുത നയം നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമസംവിധാനവും ഒരുക്കേണ്ടതുണ്ട്.

മറ്റൊരു പ്രധാന അപര്യാപ്തതയാണ് നഗരങ്ങളുടെ സ്ഥലപരവും മേഖല തിരിച്ചുള്ളതുമായ ആസൂത്രണത്തിന്റെ കുറവും ദുരന്ത നിവാരണ മാർഗങ്ങൾ മുഖ്യധാരയുടെ ഭാഗമാകാതിരിക്കുന്നതും. അപകടസാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നഗരാസൂത്രണം സംസ്ഥാനത്ത് നിലവിലില്ല എന്നുതന്നെ പറയാം. നിലവിലുള്ള മാസ്റ്റർ പ്ലാനുകളുടെ പോലും ദുർബലമായ നടപ്പിലാക്കൽ കാരണം ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിന് നമുക്കായിട്ടില്ല. പ്രളയകാലത്ത് ഇത്തരത്തിലുള്ള നിർമ്മാണങ്ങൾക്ക് വ്യാപകമായി കേടുപാടുകൾ പറ്റി. നിലവിൽ ഭൂവിനിയോഗം നിയന്ത്രിക്കപ്പെടുന്നത് പരസ്പരബന്ധമില്ലാത്ത വിവിധ നിയമങ്ങളുടെയും ചട്ടങ്ങളുടെയും

അടിസ്ഥാനത്തിലാണ്. ഇത് ഒരു ഏക ഭ്രൂവിനിയോഗത്തിൽ അനുസൃതമാക്കി എടുക്കേണ്ടതുണ്ട്. ഇങ്ങനെയൊരു ഏകോപനം ഭ്രൂവിനിയോഗ നയത്തിന് ഉണ്ടാക്കിയെടുക്കുന്നത് ദുരന്തങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഫലപ്രദമായിരിക്കും.

ദുരന്ത നിവാരണത്തിനും ദുരന്ത പൂർവ്വ പ്രവർത്തനങ്ങൾക്കും സംസ്ഥാനം ഇപ്പോൾ ആശ്രയിക്കുന്നത് ദുരന്തത്തിനു ശേഷമുള്ള ബഡ്ജറ്റ് മുൻഗണനകൾ മാറ്റുന്നത് ഉൾപ്പെടെയുള്ള വിവിധ മാർഗങ്ങളാണ്. ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് സാമ്പത്തിക ഒരുക്കങ്ങൾ ചെയ്യുന്ന ഇൻഷ്വറൻസ് പദ്ധതികളെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. കൂടാതെ ദുരന്തങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള പശ്ചാത്തല മേഖലയിലുള്ള നിക്ഷേപങ്ങളും നൂതനമായ വരുമാന മാർഗങ്ങളും ഒരുപരിധി വരെ ദുരന്തപൂർവ്വ വിഭവസമാഹരണം എളുപ്പമാക്കും.

അപകട സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നഗരാസൂത്രണം, നഗര പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, കെട്ടിടങ്ങളുടെ സംരക്ഷണവും നിർമ്മാണവും എന്നിവ സംസ്ഥാനത്തിന് അവശ്യമാണ്. കാലപ്പഴക്കം ചെന്നതും ശരിയായി പരിപാലിക്കപ്പെടാത്തതുമായ പൊതു നിർമ്മിതികൾ അപകടസാധ്യത ഉയർത്തുന്നു. പൊതു നിർമ്മിതികളുടെ ദുരന്തങ്ങളെ അതിജീവിക്കാൻ തക്ക ശേഷിയില്ലാത്ത നിർമ്മാണവും, മോശം പരിപാലനവും ദുരന്തങ്ങളുടെ ആഘാതം വർധിപ്പിച്ചു. ഈ നിർമ്മിതികൾക്ക് ദുരന്തങ്ങളെ അതിജീവിക്കുന്നതിനുതകുന്ന തരത്തിലുള്ള പൊതുവായ സംരക്ഷണ, നിർമ്മാണ മാർഗ്ഗരേഖകൾ അവ നടപ്പിലാക്കാനുള്ള മാർഗങ്ങൾ എന്നിവ വികസിപ്പിക്കണം..

ദുരന്ത സാധ്യതകളെപ്പറ്റിയുള്ള വിവരശേഖരണത്തിന്റെയും വിശകലനത്തിന്റെയും അപര്യാപ്തതയാണ് സംസ്ഥാനം നേരിടുന്ന മറ്റൊരു വെല്ലുവിളി. ജലസംക്രമണത്തെപ്പറ്റിയോ, കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റിയോ വിശ്വസനീയവും പര്യാപ്തവുമായ വിവരശേഖരം നമുക്കില്ല. തുടർച്ചയായി ബന്ധപ്പെട്ട ഘടകങ്ങൾ അളന്നു രേഖപ്പെടുത്തുകയും ചെയ്താലേ ദുരന്ത സാധ്യതകൾ മുൻകൂട്ടി കാണാനും ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനു ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാനും കഴിയൂ. ആരോഗ്യം, വിദ്യാഭ്യാസം, ആവാസ കേന്ദ്രങ്ങളുടെ പരസ്പരബന്ധം എന്നീ മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ കേരളത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ പാകിയിട്ടുണ്ട്. എന്നാൽ നമ്മുടെ പശ്ചാത്തല മേഖലയുടെയും പൊതു സേവനങ്ങളുടെയും ദുരന്തങ്ങളെ നേരിടാനുള്ള ശേഷിക്കുറവും ദുരന്തത്തിനു ശേഷം പൂർവ്വ സ്ഥിതി പ്രാപിയ്ക്കുന്നതിനുള്ള കഴിവിന്റെ അപര്യാപ്തതയും ഈ പ്രളയം അടയാളപ്പെടുത്തുന്നു.

ഈ വിശകലനത്തിൽ നിന്ന് മനസ്സിലാക്കാവുന്നത് നഷ്ടപ്പെട്ട അതേ രീതിയിൽ പുനർ നിർമിക്കുന്നത് ദീർഘകാലയളവിൽ ഒരു ഗുണവും ചെയ്യില്ല എന്നുള്ളതാണ്. ദുരന്ത സാധ്യതകൾ മുൻകൂട്ടിക്കണ്ട്, ഭാവിയിൽ ഇത്തരത്തിലുള്ള വ്യാപക നാശനഷ്ടങ്ങൾ ഒഴിവാക്കുന്ന വിധത്തിലായിരിക്കണം സംസ്ഥാനം പുനർനിർമ്മിയ്ക്കേണ്ടത്. നാം നേരിട്ട ദുരന്താനുഭവങ്ങൾ ഒരു വെല്ലുവിളിയായി എടുത്ത് സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവർക്കും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവ

രുത്തുന്നതിനുള്ള ഒരു നവകേരള നിർമ്മാണത്തിനുള്ള അവസരമായി നമുക്ക് ഇതിനെ പ്രയോജനപ്പെടുത്താം. ഈ പശ്ചാത്തലത്തിലാണ് സർക്കാർ സമഗ്രവും ഏകോപിതവുമായി എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന ബൃഹത്തും സുസ്ഥിരവുമായ വികസനപാത പിന്തുടരുന്നതുമായ ഒരു പദ്ധതിയായി Rebuild Kerala Development Programme (RKDP) മുന്നോട്ടുവയ്ക്കുന്നത്. ദുരന്തങ്ങളുടെ ആഘാതത്തിൽ നിന്നും മോചിതമായി ഒരു നവകേരളം കെട്ടിപ്പടുക്കുന്ന കേരളത്തിന്റെ കാഴ്ചപ്പാടാണ് Rebuild & Kerala Initiative (RKI)-നെ നയിക്കുന്നത്. ദുരന്തങ്ങളെ നേരിടാൻ കെല്പുള്ളതും ഭാവി ദുരന്തങ്ങളുടെ ആഘാതങ്ങളിൽ നിന്ന് എളുപ്പം മോചിതമാവുന്നതുമായ പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തുന്ന പശ്ചാത്തല സൗകര്യങ്ങളോടു കൂടിയതുമായ ഒരു ഹരിത കേരളമാണ് Rebuild & Kerala Initiative ലക്ഷ്യമിടുന്നത്. ഈ കാഴ്ചപ്പാടിന്റെ പൂർത്തീകരണത്തിന് മുൻഗണനകൾ നിശ്ചയിക്കുക, നിക്ഷേപ ആവശ്യങ്ങൾ കണ്ടെത്തുക, സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുക, കാര്യക്ഷമമായി തീരുമാനങ്ങൾ എടുക്കുന്നതിനുള്ള പ്രക്രിയ എന്നിവ Rebuild & Kerala Initiative-ന്റെ ഭാഗമാണ്.

### 12.3 പങ്കാളിത്ത പ്രക്രിയ

ദുരന്തനിവാരണവും ദുരന്തപൂർവ്വ പ്രവർത്തനങ്ങളും പൂർണ്ണമായും സാമൂഹിക അടിത്തറ ആവശ്യമുള്ളതും പങ്കാളിത്തം ആവശ്യപ്പെടുന്നതുമാണ്. സർക്കാർ സംവിധാനത്തിന്റെ ഏകോപന പരിചയവും സാങ്കേതിക പരിജ്ഞാനവും ആവശ്യം തന്നെയെങ്കിലും സൂക്ഷ്മതലത്തിലുള്ള ധാരണയും, വിഭവസമാഹരണവും സാമൂഹിക പങ്കാളിത്തത്തിൽ അധിഷ്ഠിതമാണ്. ഒരു ദുരന്തം കൈകാര്യം ചെയ്യുന്നതിന് പൊതുവേ നാല് ഘടകങ്ങളാണുള്ളത്.

- ദുരന്തം സംഭവിച്ച് കൊണ്ടിരിക്കുമ്പോൾ അടിയന്തരമായി ആളുകളെ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറ്റൽ
- ദുരന്ത ബാധിതരായ ആളുകൾക്ക് ആവശ്യ സൗകര്യങ്ങളും വസ്തുക്കളും എത്തിക്കൽ
- ദുരന്തപൂർവ്വ ശുചീകരണവും പൂർവ്വസ്ഥിതി പ്രാപിക്കലും
- ദുരന്തനിവാരണ ആസൂത്രണം

ഈ നാലു ഘട്ടങ്ങളിലും ആവശ്യമായ പൊതുജനപങ്കാളിത്തം എങ്ങനെ എന്ന് പരിശോധിക്കാം.

ദുരന്തം സംഭവിച്ച് കൊണ്ടിരിക്കുമ്പോൾ നടത്തുന്ന രക്ഷാപ്രവർത്തനം മിക്കപ്പോഴും സാങ്കേതിക പരിജ്ഞാനവും മുൻപരിശീലനവും ആവശ്യമുള്ളതാണ്. എങ്കിലും ഈ രക്ഷാപ്രവർത്തനങ്ങളിൽ തദ്ദേശീയമായ സൂക്ഷ്മതലത്തിലുള്ള അറിവ് പ്രധാനമാണ്. ഉദാഹരണത്തിന് വെള്ളം മൂടിക്കിടക്കുന്ന ഒരു പ്രദേശത്ത് വെള്ളത്തിനടിയിലുള്ള തടസ്സങ്ങൾ തദ്ദേശീയർക്ക് മാത്രമേ അറിയൂ. പരിശീലനം നേടിയ രക്ഷാപ്രവർത്തകർക്കും ഇക്കാര്യത്തിൽ ഉപദേശനിർദേശങ്ങൾ ആവശ്യമുണ്ട്. അതേപോലെ വാർത്താവിനിമയ സൗകര്യങ്ങൾ നഷ്ടപ്പെട്ടു കഴിഞ്ഞാൽ ഒറ്റപ്പെട്ടു കിടക്കുന്ന ആളുകൾക്ക് പുറം ലോകവുമായി

സംവദിയ്ക്കാനോ അഭ്യർത്ഥനകൾ നടത്താനോ ആകാതെ വരും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ (ആളുകൾ ഒറ്റപ്പെട്ടിരിയ്ക്കാൻ സാധ്യതയുള്ളവ)ചൂണ്ടിക്കാണിക്കാനാവും. അതേപോലെ മുന്നൊരുക്കങ്ങൾ കുറവുള്ള സന്ദർഭങ്ങളിൽ സുരക്ഷിതമായ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും സൗകര്യപ്പെടുത്തുവാനും പൊതുജനപങ്കാളിത്തം ആവശ്യമാണ്. നേരിട്ടുള്ള രക്ഷാപ്രവർത്തനത്തിലും ഈ പങ്കാളിത്തത്തിന് അവസരമുണ്ട്. എന്നാൽ രക്ഷാദൗത്യത്തിന് ആവശ്യമായ മുന്നൊരുക്കങ്ങളും പരിശീലനവും ഇറങ്ങിപ്പുറപ്പെടുന്നവർക്ക് ഉണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടതുണ്ട്. പ്രത്യേകിച്ച് വൈദ്യുതി, വിഷ ജന്തുക്കളുടെ സാന്നിദ്ധ്യം ജീവിതത്തിന് ഭീഷണി ഉയർത്തുന്ന മറ്റു ഘടകങ്ങൾ നിലനിൽക്കുന്ന സാഹചര്യങ്ങൾ എന്നിവ കൂടി പരിഗണിക്കുമ്പോൾ കഴിഞ്ഞ പ്രളയകാലത്തെ മത്സ്യത്തൊഴിലാളികളുടെ ഇടപെടൽ ഇതിന് നല്ലൊരു ഉദാഹരണമാണ്. ജലസാന്നിദ്ധ്യത്തിൽ നിലനിൽക്കാനുള്ള പരിശീലനവും, യാനങ്ങൾ നിയന്ത്രിക്കാനുള്ള കഴിവുമാണ് അവരെ ഇത്രയധികം രക്ഷാപ്രവർത്തനം പറയത്തക്ക പരിക്കുകളില്ലാതെ നിർവഹിക്കുവാൻ സഹായിച്ചത്. എന്നാൽ ശരിയായ പരിശീലനമോ ശാരീരിക ശേഷിയോ ഇല്ലാത്തവർ അമിതാവേശത്തിൽ രക്ഷാവർത്തനങ്ങളിൽ ഏർപ്പെടുന്നത് മൊത്തത്തിലുള്ള അപകടസാധ്യത വർദ്ധിപ്പിക്കുവാനേ ഉപകരിക്കൂ. ഇത്തരത്തിൽ വിവേകപൂർണമായ പൊതുജനപങ്കാളിത്തവും പരിശീലനം നേടിയ രക്ഷാപ്രവർത്തകരെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങളുമാണ് പൊതു പ്രവർത്തകരിൽ നിന്നും ഉണ്ടാകേണ്ടത്.

ദുരന്ത ബാധിതരായ ആളുകളെ സുരക്ഷിത കേന്ദ്രങ്ങളിലെത്തിച്ചു കഴിഞ്ഞാൽ ഒരുപാട് സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത് വ്യവസ്ഥാപിത സർക്കാർ സംവിധാനത്തിന്റെ പരിമിതികൾക്കപ്പുറമാണ്. ഇവിടെ തദ്ദേശീയമായ ഇടപെടലുകൾ അനിവാര്യമാണ്. പൂർണമായും പൊതുജന പങ്കാളിത്തത്തോടെ മാത്രമേ ഈ ഘട്ടം മറികടക്കാനാകൂ. 2018-19 ലെ പ്രളയകാല അനുഭവങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശീയ നേതൃത്വത്തിന്റെയും പങ്ക് എടുത്തുകാണിയ്ക്കുന്നതാണ്. എന്നാൽ സർക്കാർ സംവിധാനത്തിൽ നിന്ന് ലഭ്യമാകുന്ന സഹായങ്ങളെല്ലാം ദുരന്തബാധിതർക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക കൂടി ചെയ്യേണ്ടതുണ്ട്. അപ്പഴപ്പോഴത്തെ സാഹചര്യം വിലയിരുത്തിക്കൊണ്ടും ആവശ്യങ്ങൾ കണ്ടറിഞ്ഞും നിറവേറ്റി കൊണ്ടുമിരിക്കുന്നത് പൊതുജന പങ്കാളിത്തം കൊണ്ട് മാത്രമേ സാധ്യമാകൂ. ആവശ്യ സാധനങ്ങൾക്കൊപ്പം തന്നെ സമൂഹം നമ്മോടൊപ്പമുണ്ടെന്ന സന്ദേശം കൂടി ദുരന്തബാധിതർക്ക് ലഭിക്കുന്നത് അവരെ വലിയ അളവിൽ സമാധാനിപ്പിക്കയും സംതൃപ്തരാക്കുകയും ചെയ്യും. ഇതോടൊപ്പം തന്നെ പ്രധാനമാണ് വൈദ്യസഹായവും, വിവരവിനിമയവും, ദുരിതബാധിതർക്ക് ആവശ്യമായ വൈദ്യസഹായവും മറ്റു പ്രദേശങ്ങളിൽ ഒറ്റപ്പെട്ടുപോയ കുടുംബാംഗങ്ങളുമായുള്ള സമ്പർക്കവും സാധ്യമാക്കുന്നതിനും പ്രാദേശിക ഇടപെടലുകൾ വളരെ പ്രധാനപ്പെട്ടതാണ്.

അതുപോലെ പൊതുജന പങ്കാളിത്തം ആവശ്യപ്പെടുന്ന ഒന്നാണ് ദുരന്തപൂർവ്വ പുനർനിർമ്മാണം. അടിയന്തര സാഹചര്യങ്ങൾ ഒഴിവായാൽ ഉടൻ തന്നെ

ആളുകളെ കഴിയുന്നതും അവരവരുടെ സ്ഥലങ്ങളിലേക്ക് തിരിച്ചെത്തിയ്ക്കേണ്ട താണ്. ഇതിനുള്ള മുന്നൊരുക്കങ്ങൾ, വീടുകളും പരിസരവും ശുദ്ധീകരിക്കുക, അത്യാവശ്യം കേടുപാടുകൾ തീർക്കുക മുതലായ കാര്യങ്ങൾ പെട്ടെന്നും സമ യബന്ധിതമായും നടക്കണമെങ്കിൽ ഒരുപാട് ആളുകളുടെ സന്നദ്ധ പ്രവർത്ത നം ആവശ്യമാണ്. കൂടാതെ, ദുരന്ത സമയത്തേപോലെ സാങ്കേതിക പരിശീ ലനമുള്ള ആളുകളുടെ സേവനം ഈ അവസരത്തിൽ വല്യതായി വേണ്ടിവരില്ല. സർക്കാർ സംവിധാനത്തിന്റെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം വൻതോതിലുള്ള പൊതുജന പങ്കാളിത്തവും സന്നദ്ധ സേവനവും ഉണ്ടായാലേ ഈ ഘട്ടം തരണം ചെയ്യാനാകൂ. കേരളത്തിലെ പ്രളയ അനുഭവങ്ങളിൽ തന്നെ ഇത് അനുഭവിച്ചറിഞ്ഞതാണ്. കുടുംബശ്രീ അടക്കമുള്ള സർക്കാരിതര സന്ന ദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് ദുരന്തപൂർവ്വ കേരളത്തെ വളരെ പെട്ടെന്ന് സാധാരണ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നത്.

നാലാമത്തെ ഘട്ടമാണ് ദുരന്തനിവാരണത്തിനുള്ള മുന്നൊരുക്കങ്ങളും ആസൂ ത്രണവും. സാധാരണ നിലയിൽ ഒരു ദുരന്തമുണ്ടാകുന്നതിനുമുമ്പ് നടക്കേണ്ട പ്രക്രിയയാണ് ഇതെങ്കിലും നിർഭാഗ്യവശാൽ 2018, 2019 വർഷങ്ങളിലെ പ്ര ളയവും അനുബന്ധ കെടുതികളും വേണ്ടിവന്നു നമ്മെ ഈ വിഷയത്തോട് അടു പ്പിക്കുവാൻ. ദുരന്തനിവാരണ ആസൂത്രണം തികച്ചും താഴേ തട്ടിൽ നടക്കേണ്ട ഒരു പ്രക്രിയയാണ്. കാരണം സാമാന്യവല്ക്കരിച്ചു കൊണ്ടുള്ള ഒരു സമീപനം ഒരിക്കലും പ്രായോഗികമായി പ്രയോജനം ചെയ്യില്ല. പ്രാദേശികമായി സൂക്ഷ്മത ലത്തിലുള്ള അറിവ് ദുരന്തനിവാരണത്തിനും മുന്നൊരുക്കങ്ങൾക്കും പ്രയോജന പ്പെടുത്തുന്നത് വളരെ പ്രധാനമാണ്. സംസ്ഥാനതലത്തിലും, ജില്ലാ തലത്തിലും ലഭ്യമായ അടിസ്ഥാനവിവരങ്ങൾ, കാലാവസ്ഥ റിപ്പോർട്ടുകൾ എന്നിവ പ്ര യോജനപ്പെടുത്താമെങ്കിലും തദ്ദേശീയമായ ഇടപെടലുകൾ ആസൂത്രണത്തിൽ അനിവാര്യമാണ്. പ്രദേശത്തിന്റെ ഭൂപ്രകൃതി, അപകട സാധ്യതയുള്ള മേഖല കൾ, ഈ മേഖലകളിലുള്ള ജനവാസത്തിന്റെ തോത് അതിൽ തന്നെയുള്ള വിവിധ തരത്തിലുള്ള അവശതകൾ അനുഭവിയ്ക്കുന്നവർ, ഈ പ്രദേശങ്ങളിൽ നിന്നും സുരക്ഷിത കേന്ദ്രങ്ങളിലേക്കുള്ള യാത്രാ മാർഗ്ഗങ്ങൾ, സുരക്ഷിത കേന്ദ്ര ത്തിലുള്ള സൗകര്യങ്ങൾ, രക്ഷാപ്രവർത്തനം വേണ്ടി വന്നാൽ അതിന് ആവ ശ്യമായ ഉപകരണങ്ങൾ, മറ്റു സാമഗ്രികൾ,യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവയു ടെ പ്രാദേശിക ലഭ്യത, ഇക്കാര്യത്തിലുള്ള പ്രാദേശിക തൊഴിൽ മികവ് തുടങ്ങി പ്രാദേശിക പ്രസക്തമായ വിവരങ്ങളുടെ ക്രോഡീകരണവും വിശകലനവും ദുര ന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമാണ്. ആയതിനാൽ ഏതു ദുരന്ത നിവാരണ പദ്ധതിയും താഴെത്തട്ടിൽ നിന്നുള്ള വിവരശേഖരണത്തിന്റേ യും വിശകലനത്തിന്റേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരേണ്ടതാണ്.

## 12.4 വിവിധ വകുപ്പുകളും പ്രവർത്തന പദ്ധതിയും

2018, 2019 വർഷങ്ങളിലെ പ്രളയ അനുഭവങ്ങളിൽനിന്ന് ദുരന്തബാധിതമായ തും സംസ്ഥാനത്തിന്റെ പരിസ്ഥിതിപരവും സാമ്പത്തികവുമായ തിരിച്ചുവരവി ന് പ്രധാനവുമായ മേഖലകളെ തിരിച്ചറിഞ്ഞ് നയരൂപീകരണം നടത്തിയി

രിക്കുന്നു. അങ്ങനെ പ്രധാനമെന്ന് തിരിച്ചറിഞ്ഞ മേഖലകളാണ് ജലവിഭവ വികസനം, ജലവിതരണം, ശുചിത്വം, നാഗരികം, നിരത്തുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗ പരിപാലനവും ക്ഷീര വികസനവും, മത്സ്യബന്ധനം, ഉപജീവനം, ഭൂരേഖ എന്നിവ.

## 12.5 ജലവിഭവ വികസനം

പ്രതിവർഷം ഏകദേശം 300mm മഴ ലഭിക്കുന്ന കേരളത്തിൽ,90 ശതമാനം മഴ ലഭിക്കുന്നത് 6 മാസങ്ങളിലായാണ്. മഴയുടെ കാലവ്യതിയാനവും കുറഞ്ഞ ദൂരത്തിൽ വളരെയധികം വ്യത്യസ്തത കാണിക്കുന്ന ഭൂപ്രകൃതിയും സംസ്ഥാനത്ത് പ്രളയ സാധ്യത വർധിപ്പിക്കുന്നു. 2018-ലെ പ്രളയത്തിൽ വലുതും ഇടത്തരവുമായ അണക്കെട്ടുകൾ ഒഴികെ ജലസംഭരണത്തിനും നീർവാഴ്ച്ച ഉറപ്പാക്കുന്നതിനുമുള്ള സംവിധാനങ്ങൾക്ക് എല്ലാംതന്നെ കേടുപാടുകൾ പറ്റി. ഇതെല്ലാം സമഗ്രമായ ജലവിഭവ മാനേജ്മെന്റിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു. ഈ മേഖലയിൽ 2018-ലെ പ്രളയാനന്തര പഠനത്തിൽ പ്രധാനമായും ശ്രദ്ധിക്കപ്പെട്ട പോരായ്മകൾ - കുന്നിൻ പ്രദേശങ്ങളിലെ മോശമായ നീർത്തട പരിപാലനം, ഭൂവിനിയോഗത്തിലെ അപാകത മൂലം ജലനിർഗമന മാർഗ്ഗങ്ങളിൽ ചെളി അടിയുന്നത്, ഭൂവിനിയോഗ നിയന്ത്രണത്തിന്റെ അഭാവത്തിൽ ജലസംഭരണികൾ വിസ്തൃതി കുറഞ്ഞത്, അണക്കെട്ടുകളുടെ പരിപാലനത്തിലെ പോരായ്മകൾ, ദുരന്തസാധ്യത മുന്നറിയിപ്പിനുള്ള കാലതാമസം, പുഴകളിലെ മാലിന്യനിക്ഷേപങ്ങൾ കാരണം കുറഞ്ഞ ജലസംഭരണശേഷി എന്നിവയാണ്. സ്ഥാപനങ്ങളുടെ കാര്യശേഷി കുറവ്, വിവരശേഖരണത്തിനും വിശകലനത്തിലുമുള്ള പോരായ്മകൾ, നിക്ഷേപ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള വീഴ്ചകൾ എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. Rebuild & Kerala Initiative-ന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങളാണ് നടപ്പിലാക്കേണ്ടത്.

- 2008-ലെ ജലനയമനുസരിച്ച് രൂപീകരിക്കേണ്ട River Basin Mangement Authority യുടെ രൂപീകരണം .
- ഈ മേഖലയിൽ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള തന്ത്രരൂപീകരണം.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജലമാനേജ്മെന്റ് പദ്ധതികൾ തയ്യാറാക്കൽ
- ജലം, പരിസ്ഥിതി എന്നിവ നിരന്തരം നിരീക്ഷിക്കുന്നതിനും വിവരശേഖരണവും വിശകലനവും നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കൽ.
- ജലവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവേഷണം, പഠനം, ആസൂത്രണം എന്നീ കാര്യങ്ങൾ ചെയ്യുന്നതിനുള്ള സംവിധാനം.
- വ്യക്തമായി പങ്കും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചുകൊണ്ട് അണക്കെട്ട് സുരക്ഷാ അതോറിറ്റി (Dam safety authority)യെ ശക്തിപ്പെടുത്തൽ
- ജലസേചന വകുപ്പിനെ റിവർ ബേസിൻ അടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കൽ

## 12.6 ജലവിതരണം

സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 78 ശതമാനവും, നഗരപ്രദേശങ്ങളിൽ 50 ശതമാനവും ആളുകളുടെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. 28 ശതമാനം ആളുകൾക്ക് മാത്രമേ ജലവിതരണ ശൃംഖല വീട്ടിലെത്തുന്നുള്ളൂ. പ്രളയം നന്നായി ബാധിച്ച ഒരു മേഖലയാണ് ജലവിതരണം. 2018-ലെ പ്രളയത്തിൽ മാത്രം ഈ മേഖലയിൽ 492.3 കോടി രൂപയുടെ കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കുന്നു. ഈ മേഖലയുടെ പുനരുദ്ധാരണത്തിന് 766 കോടി രൂപ ആവശ്യമാണ്. മാത്രമല്ല, നിലവിൽ 95 ശതമാനം ജലസ്രോതസ്സുകളും മലിനമാണെന്ന് കണ്ടെത്തിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ജലവിതരണത്തിന് വളരെ കാര്യക്ഷമമായ നയവും സ്ഥാപനങ്ങളും ഉണ്ടാവേണ്ടതുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന വിവിധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു സംവിധാനം Rebuild Kerala-യുടെ ഭാഗമായി നിലവിൽ വരും. പൊതുജന പങ്കാളിത്തത്തോടെ ജലലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമൊരുക്കും. കിണറുകളിൽ നിന്നും, മറ്റു സ്രോതസ്സുകളിൽ നിന്നുമുള്ള ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു പങ്കാളിത്ത പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

## 12.7 ശുചിത്വം

കേരളം 2016-ൽ ഗ്രാമപ്രദേശങ്ങളും 2018-ൽ നഗരപ്രദേശങ്ങളും വെളിയിട വിസർജ്ജന മുക്തമായെങ്കിലും മലിനജലം, കക്കൂസ് മാലിന്യം എന്നിവ ശേഖരിച്ച് നീക്കം ചെയ്യുന്നതിലും സംസ്കരിക്കുന്നതിലും ഏറെ പുറകിലാണ്. 2018-ലെ പ്രളയത്തിൽ മാത്രം ഏകദേശം ഒരു ലക്ഷത്തിനടുത്ത് കക്കൂസുകൾക്കാണ് കാര്യമായ കേടുപാടുകൾ പറ്റിയത്. ഇതിന്റെ നേരിട്ടുള്ള കെടുതി, മലിനമാകുന്ന കുടിവെള്ള സ്രോതസുകളിലാണ്. കൂടാതെ നിലവിൽ സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്നതും മാലിന്യം നീക്കം ചെയ്യുന്നതും സ്വകാര്യ അസംഘടിത മേഖലയാണ്. അതിനാൽ തന്നെ മാലിന്യം ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നുവെന്നും ജലസ്രോതസ്സുകളിൽ എത്തുന്നില്ലെന്നും ഉറപ്പുവരുത്താൻ മാർഗ്ഗമില്ല. RKI-യുടെ ഭാഗമായി വിവിധ തരത്തിലുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്. മാലിന്യസംസ്കരണ നയം രൂപീകരിക്കൽ, മാലിന്യ ശേഖരണത്തിനും നീക്കം ചെയ്യലിനും മാനദണ്ഡങ്ങൾ രൂപീകരിക്കൽ, സംസ്കരണ പ്ലാന്റുകളുടെ നിർമാണവും പരിപാലനവും തുടങ്ങിയ കാര്യങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## 12.8 നഗരകാര്യം

വളരെ വേഗത്തിൽ നഗരവല്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെങ്കിലും നഗര വികസന രംഗത്ത് നമ്മുടെ സ്ഥാപനങ്ങൾ ദുർബലമാണ്. നിലവിലെ ആസൂത്രണ മാർഗ്ഗരേഖകൾ കൂടുതൽ വർഷങ്ങൾ വേണ്ടിവരുന്ന വൻതോതിലുള്ള നിക്ഷേപം നഗര വികസന രംഗത്ത് കൊണ്ടുവരാൻ പര്യാ

പ്തമല്ല. നഗരങ്ങളുടെ വാർഷിക പദ്ധതിയും, മാസ്റ്റർ പ്ലാനും, ജില്ലാ വികസന പദ്ധതിയും തമ്മിൽ പറയത്തക്ക ബന്ധങ്ങളൊന്നുമില്ല. ഇത് മധ്യ ദീർഘകാല ആസൂത്രണത്തെ സാരമായി ബാധിക്കുന്നു. കൂടാതെ പ്രകൃതി ദുരന്ത സാധ്യതകളെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകളുടെ അഭാവവും ഒരു വെല്ലുവിളിയാണ്. നമ്മുടെ നഗരസഭകൾക്ക് പല മേഖലകളിലും വൈദഗ്ധ്യമുള്ള ആളുകളുടെ ഗുരുതരമായ കുറവുണ്ട്. പ്രളയാനന്തര പഠനങ്ങളിൽ അറിയാൻ കഴിഞ്ഞ ഒരു കാര്യം നമ്മുടെ പൊതു നിർമ്മിതികളുടെ ഗുണമേന്മയില്ലായ്മയാണ്. ഇത് മറികടക്കുന്നതിന് സാങ്കേതിക മാർഗ്ഗരേഖകളും മതിയായ പരിശീലനവും ഒരുക്കേണ്ടതുണ്ട്. മറ്റൊരു പ്രധാന പ്രശ്നം സാമ്പത്തിക സ്രോതസ്സുകളാണ്. നമ്മുടെ നഗരസഭകൾ ഒന്നും തന്നെ സാമ്പത്തികമായി സ്വയം പര്യാപ്തമല്ല. നാഗരിക സേവനങ്ങളുടെ ചെലവ് പോലും പലപ്പോഴും തിരിച്ചുപിടിക്കാനാവുന്നില്ല. ഈ മേഖലയിലെ ഇടപെടലുകൾ 1) നഗരാസൂത്രണം, സേവനങ്ങൾ നൽകുന്നതിലെ സംവിധാനങ്ങൾ, ഭരണമികവ് എന്നിവ ശക്തിപ്പെടുത്തുക, 2) തദ്ദേശതലത്തിലും ജില്ലാതലത്തിലുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക 3) നഗര ശുചിത്വം പോലുള്ള മുൻഗണനാ വിഷയങ്ങൾക്ക് നിക്ഷേപ സഹായം എന്നീ മൂന്ന് പ്രമുഖ വിഷയങ്ങളിൽ ഊന്നിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

### 12.8.1 നിരത്തുകളും പാലങ്ങളും

2018-ലെ പ്രളയത്തിനുശേഷം ഏറ്റവും കൂടുതൽ പുനർനിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന മേഖലയാണ് നിരത്തുകളും പാലങ്ങളും. ഈ മേഖലയിൽ മാത്രം പുനർനിർമാണ പ്രക്രിയയ്ക്ക് 8557 കോടി രൂപ ആവശ്യമാണ്. സംസ്ഥാനത്തിന്റെ ഭൂവിനിയോഗത്തിന്റെ പ്രത്യേകതകൾ കാരണം ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഗതാഗത രീതിയാണ് നിരത്തുകൾ വഴിയുള്ള ഗതാഗതം. നമ്മുടെ നിരത്ത് സാന്ദ്രത ദേശീയ ശരാശരിയേക്കാൾ കൂടുതൽ ആണെങ്കിലും നിരത്തുകളുടെ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാര്യക്ഷമതയിലും ഗുണനിലവാരത്തിലും നാം ഏറെ പിന്നിലാണ്. അതിനാൽ പുനർനിർമ്മിക്കപ്പെടുന്ന നിരത്തുകളുടെയും പാലങ്ങളുടെയും അതിജീവനശേഷിയും നിർമ്മാണ ഗുണനിലവാരവും ഉയർത്തുന്നതിനുള്ള ശ്രമമാണ് RKI-ൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തെ റോഡ് വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, നിലവിലുള്ള ആസ്തി പരിപാലനത്തിന് ഒരു മാർഗ്ഗരേഖ, പ്രവർത്തന മികവിൽ അധിഷ്ഠിതമായ പരിപാലന കരാറുകൾ, സമഗ്രമായ അപകടസാധ്യതാ നിർണയം, ബദൽ കരാർ രീതികൾ വികസിപ്പിക്കൽ, ആസൂത്രണത്തിൽ ആധുനിക സങ്കേതങ്ങളുടെ ഉപയോഗം, സ്ഥാപനങ്ങളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുന്നത്.

### 12.8.2 ഗതാഗതം

1588 കിലോമീറ്റർ റെയിൽപാത, 2.29 ലക്ഷം കിലോമീറ്റർ റോഡുകൾ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, 18 തുറമുഖങ്ങൾ, 585 തീരദേശ പാതകൾ, 1687 കിലോമീറ്റർ ഉൾനാടൻ ജലപാതകൾ എന്നിവ ഉൾക്കൊള്ളുന്നതാണ്

കേരളത്തിന്റെ ഗതാഗത ശൃംഖല. പ്രളയാനന്തര പഠനങ്ങൾ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലപാതകൾ പോലെയുള്ള ബദലുകൾ ഉപയോഗിക്കുന്നതിന്റെയും പ്രാധാന്യം ചൂണ്ടികാണിക്കുന്നു. ഗതാഗതത്തിന്റെ ഊർജ്ജക്ഷമതയും ഒരു ഘടകമാണ്. ഈ മേഖലയിൽ സ്ഥാപനങ്ങൾ ശക്തി പ്പെടുത്തുന്നപദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## 12.9 വനം

സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനത്തോളം (2524.41സ്ക്വയർ കിലോമീറ്റർ) വനമേഖലയാണ്. പ്രളയത്തോടനുബന്ധിച്ച് വനമേഖലയിൽ മണ്ണൊലിപ്പ്, മേൽമണ്ണ് നഷ്ടപ്പെടൽ, നദീതീര സസ്യജാലങ്ങൾക്കുള്ള കേടു പാടുകൾ, എന്നിവ കൂടുതലായി അനുഭവപ്പെട്ടു. കൂടാതെ തീരദേശ കണ്ടൽകാടു കൾ, ചതുപ്പുകൾ, കാവുകൾ തുടങ്ങിയ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പരി പാലനത്തിന്റെ ആവശ്യകതയും പ്രളയാനന്തര പഠനങ്ങളിൽ വ്യക്തമാണ്. നിലവിലുള്ള പരിസ്ഥിതിലോല പ്രദേശങ്ങളും വനസമ്പത്തും കർശനമായി നി ലനിർത്തേണ്ടപ്പെടേണ്ടതിന് ആവശ്യമായ നിയമനടപടികൾ, വനഭൂമി മറ്റൊ രാവശ്യത്തിനും പരിവർത്തനം ചെയ്യാതിരിക്കാനുള്ള നടപടികൾ എന്നി വയിലൂന്നിയിട്ടുള്ള പഠനങ്ങളും നയരൂപീകരണവുമാണ് ഈ മേഖലയിൽ നിർദേശിച്ചിരിക്കുന്നത്.

## 12.10 കൃഷി

കേരളത്തിന്റെ 52 ശതമാനം ഭൂവിസ്തൃതിയും കാർഷികമേഖലയാണ്. പ്രളയം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടാക്കിയ ഒരു മേഖലയാണ് ഇത്. വെള്ളപ്പൊ ക്കം 2886650 ഹെക്ടർ സ്ഥലത്തെ കൃഷിയെ പ്രതികൂലമായി ബാധിച്ചപ്പോൾ മണ്ണിടിച്ചിൽ കാരണം 51194 ഹെക്ടർ ഭൂമി കൃഷിയോഗ്യമല്ലാതായി. 3,15,000 കർഷകരെയാണ് ഇത് നേരിട്ട് ബാധിച്ചത്. പ്രളയത്തിൽ 2723 കോടി രൂപയുടെ കേടുപാടുകളും 3550 കോടി രൂപയുടെ നാശനഷ്ടവും കണക്കാക്കുന്നു. പൂർവസ്ഥിതി പ്രാപിക്കുന്നതിന് 4194 കോടി രൂപയുടെ നിക്ഷേപം ആവശ്യമാ യിവരും. കാർഷിക മേഖലയിൽ നിലവിലുള്ള ഒരുപാട് ദൗർബല്യങ്ങൾ മന സ്സിലാക്കി അവയ്ക്കു കൂടി പരിഹാരമാകുന്ന ഒരു പുനർനിർമ്മാണ പ്രക്രിയയാണ് RKI വിഭാവനം ചെയ്യുന്നത്. സ്ഥാപനങ്ങളുടെ പുന:ക്രമീകരണം, സാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം, കാർഷിക അടിസ്ഥാനത്തിലുള്ള കച്ചവട സാധ്യതകൾ ആരായൽ, ഉൽപന്നങ്ങളുടെ മൂല്യവർധന എന്നീ കാര്യങ്ങളിലൂ ന്നിയുള്ള കാർഷിക വികസനമാണ് ലക്ഷ്യമിടുന്നത്.

## 12.11 മൃഗപരിപാലനവും ക്ഷീരവികസനവും

പ്രളയം മൂലം മൃഗങ്ങളുടെ ജീവഹാനി, കാലിത്തീറ്റ, കൃഷിനാശം, ഉപകരണ ങ്ങൾക്കും നിർമ്മിതികൾക്കുമുണ്ടായ കേടുപാടുകൾ എന്നിങ്ങനെ വിവിധ നഷ്ട ങ്ങൾക്ക് കാരണമായി. നിലവിലുള്ള ദൗർബല്യങ്ങൾ കൂടി മറികടക്കുന്ന ഒരു പുനർനിർമ്മാണ പ്രക്രിയയാണ് RKI-യിൽ ഉദ്ദേശിക്കുന്നത്. സ്ഥാപനങ്ങളുടെ

പുന:ക്രമീകരണം, മൃഗസംരക്ഷണ വകുപ്പിന്റേയും ക്ഷീര വികസന വകുപ്പിന്റേയും പുന:സംഘടന, മുഴുവൻ സമയവും മൃഗപരിപാലന സേവനങ്ങൾ ഉറപ്പുവരുത്തുക, മൃഗങ്ങളുടെയും പക്ഷികളുടെയും ശാസ്ത്രീയമായ പ്രജനനവും പരിപാലനവും ഉറപ്പുവരുത്തുക, ഗവേഷണവും പഠനവും, ഉൽപന്നങ്ങളുടെ മൂല്യവർധന, പങ്കാളിത്ത മാതൃകയിലുള്ള വികസനം തുടങ്ങിയ കാര്യങ്ങളിലാണ് ഊന്നൽ നൽകിയിരിക്കുന്നത്.

## 12.12 മത്സ്യബന്ധനം

സംസ്ഥാനത്തിന് വളരെയധികം സാധ്യതകൾ ഉള്ള ഒരു മേഖലയാണ് മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളും. എന്നാൽ പ്രളയത്തിനു മുമ്പുതന്നെ വളരെ അധികം വെല്ലുവിളികൾ നേരിട്ടിരുന്ന ഒരു മേഖലയായിരുന്നു ഇത്. പ്രളയത്തോടനുബന്ധിച്ചുള്ള നാശനഷ്ടങ്ങൾ സ്വതവേ ദുർബലമായ സംവിധാനത്തെ ഗുരുതരമായി തന്നെ ബാധിച്ചു. ഈ ദൗർബല്യങ്ങളെ കൂടി മറികടക്കാൻ തക്ക പുനരധിവാസ പദ്ധതിയാണ് RKI മുന്നോട്ടുവയ്ക്കുന്നത്. വ്യക്തമായ കാഴ്ചപ്പാടും അതിജീവനത്തിലും സ്ഥായിയായ വികസനത്തിലും ഊന്നിയുള്ള തന്ത്രപരമായ നിക്ഷേപവും പരിഷ്കരിക്കപ്പെട്ട ഭരണസംവിധാനവും ഈ മേഖലയിലെ മൂല്യ വർദ്ധനയെ ഉയർന്ന തോതിൽ സാധ്യമാക്കും. കടലിൽ നിന്നുള്ള മത്സ്യബന്ധനം (പ്രത്യേകിച്ച് കാലാവസ്ഥവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ) ശാസ്ത്രീയമാക്കുക, ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുക, ഈ മേഖലയിൽ ഉണ്ടാകുന്ന ഉണർവ്വ് സാമൂഹിക വികസനത്തിനുതകുന്നതാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളാണ് ഈ മേഖലയിൽ പുനർനിർമാണ പ്രക്രിയയ്ക്കുള്ളത്.

## 12.13 ഉപജീവനം

പരമ്പരാഗത വ്യവസായങ്ങൾ, വിനോദസഞ്ചാരം, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, ഗ്രാമീണ/കുടുംബശ്രീ സംരംഭങ്ങൾ, കൃഷി, മൃഗപരിപാലനം തുടങ്ങിയവയാണ് കേരളത്തിലെ ഭൂരിഭാഗം ആളുകളുടേയും ഉപജീവനോപാധി. പ്രളയാനന്തരം ഈ മേഖലകളിലൊക്കെ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്കുപുറമെയാണ് തൊഴിൽ നഷ്ടം, ഇത് പ്രളയകാലത്തേക്ക് മാത്രമല്ല, പൂർവസ്ഥിതി പ്രാപിക്കുന്നതു വരെ തുടരും എന്നു കൂടി കാണേണ്ടതുണ്ട്. തികച്ചും പാവപ്പെട്ട തൊഴിൽ വൈദഗ്ധ്യം കുറഞ്ഞ ആളുകൾ ഉപജീവനത്തിനായി ആശ്രയിച്ചു പോരുന്ന തൊഴിൽ മേഖലകളാണ് ഇവയെല്ലാം. അതിനാൽ ഈ മേഖലകളിലെല്ലാം തന്നെ പുനർനിർമാണ പ്രക്രിയയിലെ ഒരു പ്രധാന ഘടകമാണ് തൊഴിൽ ഉറപ്പാക്കലും നിപുണന പരിശീലനവും.

## 12.14 ഭൂവിനിയോഗം

സംസ്ഥാനത്തെ ഭൂരേഖകളുടെ സ്ഥിതി വളരെ മോശമാണ്. പ്രളയം നേരിട്ട് ബാധിച്ച 981 വില്ലേജുകളിൽ 399-നും നൂറിലധികം വർഷം പഴക്കമുള്ള, കടലാസിലും തുണിയിലും സൂക്ഷിച്ചിരിക്കുന്ന, കാലഹരണപ്പെട്ട ഭൂരേഖകളാണുള്ളത്. വ്യക്തവും, വിശ്വസനീയവുമായ ഭൂരേഖ സംവിധാനം ഭരണസംവിധാന

ത്തിന്റെ അനിവാര്യതയാണ്. സുരക്ഷിതമായ ഭൂമിയുടെ ഉടമസ്ഥാവകാശങ്ങൾ ഉറപ്പുനൽകുന്നതിനും ഇത്തരം ഭൂരേഖകൾ അത്യാവശ്യമാണ്. പ്രളയാനന്തര പുനർനിർമാണത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇത്തരത്തിൽ ഭൂമിയിലുള്ള ഉടമസ്ഥാവകാശങ്ങൾ ഉറപ്പു വരുത്തുക എന്നത്. ഇതിന്റെ അഭാവത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഭൂഉടമസ്ഥത നഷ്ടപ്പെടാനുള്ള സാധ്യത വളരെയധികമാണ്. ഈ പശ്ചാത്തലത്തിലാണ് RKI യുടെ ഭാഗമായി ഭൂരേഖകൾ മുഴുവൻ കൃത്യതയോടെ പുനർനിർമ്മിച്ച് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഡിജിറ്റൽ രേഖകളാക്കി സൂക്ഷിക്കുന്നത്. കൂടാതെ, ഇതോടൊപ്പം പുഴകൾ, മറ്റു ജലസംഭരണികൾ തുടങ്ങിയ പ്രകൃതി വിഭവങ്ങളും മാപ്പ് ചെയ്യപ്പെടുന്നത് അപകടസാധ്യതകൾ വിശകലനം ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ഉപകരിക്കും. ഇത് വളരെ ബൃഹത്തും വൻതോതിൽ വിഭവങ്ങൾ ആവശ്യപ്പെടുന്നതുമായ ഒരു പദ്ധതിയാണെങ്കിലും ദീർഘകാല നിക്ഷേപമെന്ന നിലയിൽ സംസ്ഥാനത്തെ മൊത്തം വികസനത്തിന്റെയും ദുരന്തനിവാരണത്തിന്റെയും പശ്ചാത്തലത്തിൽ ഒഴിവാക്കാനാവാത്തതാണ്.

## 12.15 എംപവേർഡ് കമ്മിറ്റി (Empowered Committee)

Rebuild Kerala Initiative-ന്റെ സംഘാടനവും നിയന്ത്രണവും താഴെ പറയുന്ന വിധം നാല് തലങ്ങളിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

മന്ത്രിസഭ

↓

ഉപദേശക സമിതി

↓

High Level Empowered Committee (HLEC)

↓

RKI – Implementation Committee (RKI-IC)

നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതും നിയമസഭയിലേക്കാവശ്യമായ ശുപാർശകൾ നൽകുന്നതിനും പുറമേ പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുന്നതും മന്ത്രിസഭയാണ്. മുഖ്യമന്ത്രി നേതൃത്വം നൽകുന്ന ഉപദേശകസമിതിയിൽ വിഷയത്തിൽ വിദഗ്ധരും യുവ വ്യവസായികളും മറ്റു പ്രമുഖ വ്യക്തികളും ഉൾപ്പെടെ 20 അംഗങ്ങളുണ്ട്. RKDP-യിൽ വരുന്ന എല്ലാ പദ്ധതി നിർദ്ദേശങ്ങൾക്കും വേണ്ട ഉപദേശവും മാർഗ്ഗനിർദ്ദേശങ്ങളും ഈ സമിതി നൽകുന്നു.

RKI – Implementation Committee യിൽ മുൻചീഫ് സെക്രട്ടറി അധ്യക്ഷനും, റവന്യൂ-ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയും, മുഖ്യമന്ത്രിയുടെ സെക്രട്ടറിയും അംഗങ്ങളുമാണ്. RKDP-യുടെ നടത്തിപ്പും, ഏകോപനവും, റിപ്പോർട്ടിംഗും RKI - ICയുടെ ചുമതലയാണ്. പ്രധാന സർക്കാർ വകുപ്പുകളെ RKI നടപ്പിലാക്കുന്നതിന്

സഹായിക്കുക, High level Empowered Committee (HLEC) യുടെ തീരുമാനങ്ങൾക്കനുസൃതമായ നയരൂപീകരണത്തിലും സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലും ഉൾപ്രേരകമായി പ്രവർത്തിക്കുക, സംസ്ഥാനത്തുള്ള വിവിധ തല്പരകക്ഷികളും വികസന പങ്കാളികളുമായി ബന്ധപ്പെടുക, HLEC -യും ഉപദേശകസമിതിക്കും മന്ത്രിസഭക്കും റിപ്പോർട്ട് ചെയ്യുക എന്നതും RKI – Implementation Committee യുടെ ചുമതലയാണ്.

HLEC-ക്ക് നേതൃത്വം നൽകുന്നത് ചീഫ് സെക്രട്ടറിയാണ്. ജലവിഭവം, തദ്ദേശ സ്വയംഭരണ പൊതുമരാമത്ത്, കൃഷി,ധനകാര്യം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സർവേയും, ഭൂരേഖയും, രജിസ്ട്രേഷൻ, കേരള ജല അതോറിറ്റി, ജലനിധി, റവന്യൂ-ദുരന്തനിവാരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ വകുപ്പ് സെക്രട്ടറിമാരും RKI-IC അംഗങ്ങളും ഈ കമ്മിറ്റിയിൽ അംഗങ്ങളാണ്. നയപരമായ ശുപാർശകൾ പരിശോധിച്ച് ഉറപ്പുവരുത്തുക, പദ്ധതി അംഗീകാരം, പദ്ധതി നടത്തിപ്പിന് മേൽനോട്ടം, വകുപ്പുകളും മറ്റ് ഏജൻസികളും തമ്മിലുള്ള കാര്യങ്ങൾ HLEC - യുടെ അധികാരപരിധിയിൽ വരുന്നു.

സ്ഥിരം അംഗങ്ങൾ കൂടാതെ സർക്കാറിന് യുക്തമെന്നു തോന്നുന്ന പക്ഷം മറ്റു പ്രമുഖ വ്യക്തികളെ HLEC-യിൽ ഉപദേശകരായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള ഉപദേശകർ HLEC-യിലെ അനൗദ്യോഗിക അംഗങ്ങളായിരിക്കും. ഗവണ്മെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ Rebuild Kerala Initiative-ന്റെ Chief Executive Officer ആയി നിയമിക്കുന്നതാണ്. CEO ആയിരക്കും HLEC-യുടെ മെമ്പർ സെക്രട്ടറി.

HLEC-യുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.

- ഉപദേശക സമിതിയിലും മന്ത്രിസഭയ്ക്ക് മുൻപിലും അവതരിപ്പിക്കുന്നതിന് RKI–IC സമർപ്പിക്കുന്ന പദ്ധതി രൂപരേഖകളുടെ അംഗീകാരം.
- ആവശ്യമെന്നു തോന്നുന്നപക്ഷം നേരിട്ട് പദ്ധതി രൂപരേഖകൾ തയ്യാറാക്കി മന്ത്രിസഭയിൽ സമർപ്പിക്കൽ
- മന്ത്രിസഭ അംഗീകരിച്ച പദ്ധതി രൂപരേഖകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് അംഗീകരിക്കൽ.
- മന്ത്രിസഭ അംഗീകരിച്ച RKI–യുടെ കീഴിലുള്ള വിവിധ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിനായി മേൽനോട്ടം വഹിക്കുക.
- RKDP നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം
- RKDP-ക്ക് ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്ന കാര്യത്തിൽ സർക്കാരിനെ ഉപദേശിക്കുക.

HLEC നൽകിയ ഭരണാനുമതികളുടെ പട്ടിക അടുത്ത മന്ത്രിസഭാ യോഗത്തിൽ അറിവിലേക്കായി സമർപ്പിക്കേണ്ടതാണ്. ഭരണപരമായ കാര്യങ്ങൾക്കായി CEO-ക്ക് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ പദവികൂടി ഉണ്ടായിരിക്കും.

കാര്യക്ഷമമായും വേഗത്തിലും തീരുമാനങ്ങളെടുക്കുന്നതിന് HLEC-യുടെ തീരുമാനമെടുക്കൽ പ്രക്രിയ ഒരു ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവരുന്നതാണ്.

## 12.16 റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാം (RKDP)

2018-ലെ പ്രളയാനുഭവത്തിൽ നിന്ന് പാഠമുൾക്കൊണ്ട് ദുരന്ത സാധ്യതകൾ കുറച്ചുകൊണ്ടും അപകടസാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടുമുള്ള ഒരു നവകേരള നിർമ്മാണത്തിനാണ് കേരള റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. 14 ജില്ലകളിലായി വിവിധ മേഖലകളിൽ വ്യാപിച്ചു കിടക്കുന്ന പുനർ നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, സ്ഥാപനങ്ങളുടെ പുനസംഘടനയും, ഗവേഷണവും, പഠനവും, പുനക്രമീകരണവും, നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണവും നയരൂപീകരണവും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കൽ, സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും കാര്യശേഷി വർധിപ്പിക്കൽ, നിക്ഷേപ ആസൂത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കൽ തുടങ്ങി വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു. ആസ്തികൾ ഭാവി അപകടങ്ങളെ ചെറുക്കാൻ പര്യാപ്തമാണെന്ന് ഉറപ്പുവരുത്തുക, അതായത് പുതിയ നിർമ്മിതികൾ കൃത്യമായ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്തങ്ങളെ നേരിടാൻ പര്യാപ്തമായ രീതിയിൽ നിർമ്മിക്കുക, പുനർനിർമ്മിക്കുമ്പോൾ നിലവിലുണ്ടായിരുന്ന പഴയ സംവിധാനങ്ങളുടെ ദൗർബല്യങ്ങൾ ഒഴിവാക്കിയും അനുകരിക്കേണ്ട മെച്ചപ്പെട്ട അടിസ്ഥാന പഠനങ്ങൾ ഉറപ്പുവരുത്തിയും മുമ്പുണ്ടായിരുന്നതിനേക്കാൾ നല്ലനിലയിൽ നിർമ്മിക്കുക, ആധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക, നിർമ്മിതികളുടെ ദീർഘകാല നിലനിൽപ്പിനും പരിപാലന ചെലവുകൾ നിയന്ത്രിക്കുന്നതിനും സഹായകമായിരിക്കുന്ന ന്യായവും നീതിയുക്തവുമായ പുനരധിവാസ പദ്ധതികൾ നടപ്പാക്കുക, ഒരു ദുരന്തത്തിനിരയായതുകൊണ്ട് ആരും പാർശ്വവൽക്കരിക്കപ്പെടാതിരിക്കുവാൻ ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ ആവശ്യമാണ്.

പുനർനിർമ്മാണ പ്രക്രിയയുടെ ഒപ്പം തന്നെ അവ നടപ്പാക്കുന്ന സ്ഥാപനങ്ങളുടെ കാര്യശേഷിയും വർധിപ്പിച്ചില്ലെങ്കിൽ പുരോഗതി ഉറപ്പുവരുത്താൻ ആവില്ല. കഴിയുന്നത്രയും ആളുകളുടെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആയിരിക്കും ആർ.കെ.ഡി.പി യിലേക്ക് പദ്ധതികൾ തെരഞ്ഞെടുക്കുന്നത്. മേഖല പ്രാദേശികാടിസ്ഥാനത്തിൽ മാധ്യമ പിന്തുണയോടെ വികസന സെമിനാറുകൾ നടത്തി ആശയങ്ങൾ സ്വീകരിക്കുന്നതാണ്. എംഎൽഎമാരും എംപിമാരും ഈ ചർച്ചകൾക്ക് നേതൃത്വം നൽകുന്നതാണ്. ഇങ്ങനെ ഉയർന്നുവരുന്ന ആശയങ്ങൾ സംസ്ഥാനതലത്തിൽ വിദഗ്ധരടങ്ങുന്ന സമിതി പരിശോധിച്ച് യുക്തമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക മേഖലകളിൽ ചർച്ചകൾ സംഘടിപ്പിക്കുന്നതും ആശയങ്ങൾ ഉരുത്തിരിഞ്ഞു വരുന്നതിന് സഹായിക്കും. കേരളത്തിലെ 14 ജില്ലകളിലും ദുരന്തബാധിതമായ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകൾക്ക് കൂടുതൽ പരിഗണന നൽകി കൊണ്ട് പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

## 12.17 "നമ്മൾ നമുക്കായി"

കേരള ഡെവലപ്മെൻറ് പ്രോഗ്രാമിന്റെ ഭാഗമായി ആശയങ്ങൾ സൃഷ്ടിക്കുന്നതിനും ജനകീയ അഭിപ്രായങ്ങൾ ആരായുന്നതിനും ആയി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സജ്ജമാക്കുന്നതായി കഴിഞ്ഞ ഭാഗത്ത് പ്രതിപാദിച്ചിരുന്നു. അതാണ് "നമ്മൾ നമുക്കായി" എന്ന വെബ്സൈറ്റ് പേജ്. പ്രകൃതി സൗഹൃദമായ പുനർനിർമ്മാണം ജനകീയ പങ്കാളിത്തത്തോടെ എന്ന ലക്ഷ്യമാണ് നമ്മൾ നമുക്കായി എന്ന കർമ്മ പദ്ധതി പ്രാദേശികമായി വരുത്തേണ്ട മാറ്റങ്ങൾ ജനങ്ങൾ തന്നെ വിലയിരുത്തുകയും നമ്മൾ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് നമ്മൾ തന്നെ അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഈ അഭിപ്രായങ്ങൾ പഞ്ചായത്ത് / നഗരസഭ ക്രോഡീകരിച്ച് സംസ്ഥാനതലത്തിലേക്ക് കൈമാറുന്നു. സംസ്ഥാനതലത്തിൽ ഈ നിർദേശങ്ങൾ വിദഗ്ധർ ചർച്ച ചെയ്തു തയ്യാറാക്കുന്നു. രാജ്യാന്തര സെമിനാർ ചർച്ച ചെയ്തു ഭാവിപരിപാടികൾ നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരട് നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തി പ്രത്യേക നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന് ഇപ്രകാരം മാറ്റംവരുത്താൻ ലക്ഷ്യമിട്ടുള്ള മൂന്ന് ഘടകങ്ങൾ ഉള്ള പ്രക്രിയയാണ് "നമ്മൾ നമുക്കായി". ഒരു മാസത്തിനുള്ളിൽ സംസ്ഥാനത്ത് രണ്ട് ലക്ഷം പേർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അതിന്റേതായ ഒരു ദുരന്ത മാനേജ്മെൻറ് പ്ലാൻ തികച്ചും ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കുക എന്ന ഒരു ദൗത്യം നമ്മൾ നമുക്കായി ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

## 12.18 ജനകീയ പങ്കാളിത്ത പദ്ധതി

2020-21 ലേക്കുള്ള വാർഷിക പദ്ധതിയിൽ ദുരന്തനിവാരണത്തിനും നവകേരള സൃഷ്ടിയ്ക്കും മുൻതൂക്കം നൽകണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാതലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലും കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നി പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായും പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നതാണ് ലക്ഷ്യം. പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്. അതിവൃഷ്ടിയും മഴക്കെടുതിയും കാരണം തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

2020-21 വർഷത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒപ്പം തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദുരന്ത മാനേജ്മെൻറ് പ്ലാനുകളും

തയ്യാറാക്കേണ്ടതുണ്ട്. ദുരന്ത മാനേജ്മെൻറ് പ്ലാനിന്റെ കരട് രൂപരേഖ 2020-21 വർഷത്തെ പദ്ധതി ആസൂത്രണത്തിനുള്ള വാർഡ്/ ഗ്രാമസഭ യോഗങ്ങളിൽ ചർച്ച ചെയ്യണം. തുടർന്ന് വാർഷിക പദ്ധതി വികസന സെമിനാറിനു മുമ്പായി ദുരന്തനിവാരണ പ്ലാൻ ചർച്ച ചെയ്യുന്നതിന് പ്രത്യേക വികസന സെമിനാറും സംഘടിപ്പിക്കേണ്ടതുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21-ലെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് ദുരന്ത മാനേജ്മെൻറ് പ്ലാൻ കൂടി കണക്കിലെടുത്തുകൊണ്ട് വേണം.

ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനും, കാലാകാലങ്ങളിൽ അത് പരിഷ്കരിക്കുന്നതിനും, ദുരന്ത ലഘൂകരണത്തിനും, ദുരന്തനിവാരണത്തിനും, ദുരന്ത മുന്നൊരുക്കങ്ങളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഒരു ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരന്തനിവാരണം, കാലാവസ്ഥ വ്യതിയാനം, മണ്ണ്-ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിച്ചവർ, വൈദഗ്ധ്യമുള്ളവർ, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിച്ചവർ, ജനകീയാസൂത്രണം റിസോഴ്സ് പേഴ്സൺമാർ, അധ്യാപകർ, സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ പരിശീലന ടീം അംഗങ്ങൾ, കിലയിൽ നിന്നും പരിശീലനം നേടിയവർ, അക്കാദമിക് സ്ഥാപനപ്രതിനിധികൾ, പഞ്ചായത്തിന്റെ ഭൂപ്രകൃതി നന്നായി അറിയുന്നവർ തുടങ്ങിയവരിൽ നിന്ന് ചുരുങ്ങിയത് 20 പേരെങ്കിലും ഉള്ള ഗ്രൂപ്പാണ് രൂപീകരിക്കേണ്ടത്. ഈ ഗ്രൂപ്പിന്റെ ഉത്തരവാദിത്തങ്ങൾ സർക്കാർ ഉത്തരവ് മുഖേന വ്യക്തമാക്കിയിട്ടുണ്ട്.

## 12.19 ദുരന്ത മാനേജ്മെൻറ്

വാർഷിക പദ്ധതിയുമായി കൂട്ടിയിണക്കുന്ന ഒരു സ്കീം ആണ് സർക്കാർ മുന്നോട്ടു വെക്കുന്നത്. ദുരന്ത മാനേജ്മെൻറ് കൈകാര്യം ചെയ്യുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് പൊതുവായ ചർച്ചകളിലൂടെയും, ട്രാൻസെക്ട് വാക്ക് പോലെയുള്ള ഫീൽഡ് പരിശോധനകളിലൂടെയും മുമ്പുണ്ടായ ദുരന്താനുഭവങ്ങളുടെ വെളിച്ചത്തിലും തയ്യാറാക്കുന്ന പദ്ധതിനിർദേശങ്ങൾ വാർഡ്/ ഗ്രാമസഭതലത്തിൽ ചർച്ച ചെയ്തു ശേഷം "ദുരന്ത മാനേജ്മെൻറ് പ്ലാൻ" ചർച്ച ചെയ്യുന്നതിനു വേണ്ടി പ്രത്യേകം വിളിച്ചുചേർക്കുന്ന വികസന സെമിനാറിൽ അവതരിപ്പിക്കുന്നു. പല വിഷയങ്ങളിലുള്ള വിദഗ്ധർ അടക്കം പങ്കെടുക്കുന്ന ഈ വികസന സെമിനാറിൽ നടക്കുന്ന ചർച്ചകളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് അന്തിമമാക്കുന്നു. ദുരന്ത മാനേജ്മെൻറ് പ്ലാൻ നിർദ്ദേശങ്ങളാണ് വാർഷിക പദ്ധതിയിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പരിഗണിക്കേണ്ടത്. ദുരന്ത മാനേജ്മെൻറ് പ്ലാനിലെ നിർദ്ദേശങ്ങൾ ഒരു പ്രത്യേക വിഷയമേഖലയായല്ല പരിഗണിക്കേണ്ടത്. ഈ പ്ലാനിൽ ഉൾപ്പെടുന്ന നിർദ്ദേശങ്ങൾ പല വിഷയ ഗ്രൂപ്പുകളിലും വരുന്നതാകാം. തദ്ദേശസ്വയംഭരണ സ്ഥാപനതല ദുരന്തനിവാരണ പദ്ധതി ഉൾപ്പെട്ട വാർഷിക പദ്ധതി തദ്ദേശസ്വയം ഭരണ സമിതി ചർച്ചയ്ക്ക് വിധേയമാക്കുകയും അംഗീകാരം നൽകുകയും ചെയ്തു ശേഷം ദുരന്ത നിവാരണ പദ്ധതി ഉൾപ്പെടെ

പദ്ധതിരേഖ ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. ഇങ്ങനെ ദുരന്തനിവാരണ പദ്ധതി കൂടി ഉൾപ്പെട്ട വാർഷിക പദ്ധതികളാണ് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത്. അതിനുശേഷം ദുരന്തനിവാരണ പദ്ധതി അറിവിലേക്കും അംഗീകാരത്തിനുമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറുന്നു.

## 12.20 Disaster Risk Management Plan

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തിനുമുള്ള ദുരന്ത മാനേജ്മെൻറ് പ്ലാൻ അതാത് പ്രദേശത്തെ ജനകീയ കൂട്ടായ്മയിലൂടെ അതത് പ്രദേശങ്ങളുടെ തനത് പ്രത്യേകതകൾ മനസ്സിലാക്കികൊണ്ട് തയ്യാറാക്കുന്നതായിരിക്കണം. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന ഒരു രേഖ ദുരന്ത അപകടസാധ്യത ലഘൂകരണത്തിനാവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിന് ഉപകരിക്കുന്നത് കൂടാതെ ദുരന്തബാധിത സമയത്ത് ഉടൻ തീരുമാനങ്ങൾ എടുക്കുന്നതിന് ഉള്ള ഒരു അടിസ്ഥാന രേഖയായി ഉപകാരപ്പെടും. ഏഴ് അധ്യായങ്ങളിലായാണ് ദുരന്ത മാനേജ്മെൻറ് പ്ലാൻ തയ്യാറാക്കേണ്ടത്. ഒന്നാം അധ്യായത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളാണ് ഉൾക്കൊള്ളേണ്ടത്.

ദുരന്തം മുന്നൊരുക്ക-ലഘൂകരണ-സമൂഹ ശാക്തീകരണ നടപടികളാണ് രണ്ട്, മൂന്ന്, നാല് അധ്യായങ്ങളിൽ പ്രതിപാദിക്കേണ്ടത്. ദുരന്ത മുന്നൊരുക്കങ്ങൾ എന്നാൽ ഒരു ദുരന്തം സംഭവിക്കുകയാണെങ്കിൽ അത് നേരിടാൻ വേണ്ട സൗകര്യങ്ങൾ വിലയിരുത്തലും നിലവിലുള്ള സൗകര്യങ്ങളുമായി താരതമ്യപ്പെടുത്തി വിടവുകൾ കണ്ടെത്തി, ഈ വിടവുകൾ ഒഴിവാക്കാനാവശ്യമായ നടപടികൾ നിർദ്ദേശിക്കലുമാണ്.

അധ്യായം അഞ്ചിൽ ശേഷികളും വിഭവങ്ങളും വിശദീകരിക്കുന്നു. ഒരു പ്രദേശത്തിന് ദുരന്തം നേരിടാൻ ആവശ്യമായ ശേഷികളും വിഭവങ്ങളും ഈ അധ്യായത്തിൽ വിശദമായി വിശകലനം ചെയ്യപ്പെടണം. ദുരന്തരക്ഷാ പ്രവർത്തനങ്ങൾക്കും അതിനുശേഷവും ആവശ്യം വരുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ (അവയുടെ ലഭ്യത ഉൾപ്പെടെ) എന്നിവ പട്ടികപ്പെടുത്തണം. പ്രാദേശികമായി ലഭ്യമായ മനുഷ്യവിഭവശേഷി (ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവർ, ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർ, സന്നദ്ധ സേവനരംഗത്ത് പ്രവർത്തിക്കുന്നവർ) വിശദമായി മാപ്പ് ചെയ്യേണ്ടതുണ്ട്.

അധ്യായം ഏഴിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചുമതലപ്പെട്ടവരുടെയും വിവരങ്ങൾ ഫോൺ നമ്പർ സഹിതം എളുപ്പം മനസ്സിലാകത്തക്ക രീതിയിൽ പട്ടികയിൽ ഉൾപ്പെടുത്തണം.

# 13
# കേന്ദ്രാവിഷ്കൃത പദ്ധതികൾ

## 13.1 പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ)

2009-10 സാമ്പത്തിക വർഷം മുതൽ സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു. ഈ നീർത്തട പരിപാലന പരിപാടിയാണ് ഇപ്പോൾ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) എന്ന ബൃഹത് പദ്ധതിയുടെ വാട്ടർഷെഡ് കമ്പോണന്റായി പുനരാവിഷ്കരിച്ചിരിക്കുന്നത്. മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, മണ്ണിന്റെ ശോഷണം തടയുക, ഭൂഗർഭ ജലവിതരണം ക്രമാനുഗതമായി ഉയർത്തുക, കാർഷിക അനുബന്ധ മേഖലകളിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക, ജീവനോപാധി പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുക എന്നിവ നീർത്തട പരിപാലന പരിപാടിയുടെ മുഖ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. ആസൂത്രണത്തിലും നിർവ്വഹണത്തിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള വികേന്ദ്രീകൃത സംഘടനാ സംവിധാനം, ശരിയായ രീതിയിലുള്ള സാങ്കേതിക പിൻബലം എന്നിവ ഈ പദ്ധതിയുടെ സവിശേഷതകളാണ്. പദ്ധതി നടത്തിപ്പിനായി ഉദ്യോഗസ്ഥരും ജനപ്രതിനികളും അടങ്ങിയ വിപുലമായ സംഘടനാ സംവിധാനം നിലവിലുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ജില്ലകളിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറന്മാർ കൺവീനർമാരായിട്ടുള്ള വാട്ടർഷെഡ് സെൽ (Watershed Cell cum Data Centre - WCDC) രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്കു തലത്തിൽ ബ്ലോക്ക് പഞ്ചായത്തുകളാണ് നിർവ്വഹണ ഏജൻസികൾ. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് സാങ്കേതിക വിദഗ്ധർ അടങ്ങിയ നീർത്തട വികസന ടീം ഉണ്ടായിരിക്കും. ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനും വി.ഇ.ഒ സെക്രട്ടറിയുമായി നീർത്തട കമ്മിറ്റികളാണ് പ്രവർത്തിക്കുന്നത്.

സംസ്ഥാന തലത്തിൽ കാർഷിക ഉൽപാദന കമ്മീഷണർ ചെയർമാനും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ- ചെയർമാനും, ഗ്രാമ വികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി സംസ്ഥാന തല നോഡൽ ഏജൻസിയും (SLNA) ഏജൻസിയെ സഹായിക്കാൻ സാങ്കേതിക വിദഗ്ധരും നിലവിലുണ്ട്.

## 13.2 സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ)

ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുന:സംഘടിപ്പിച്ചുകൊണ്ട് 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി)
- ശേഷി വികസനം
- കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്
- ഖരദ്രവ മാലിന്യ സംസ്കരണം (ആസ്തി സൃഷ്ടിക്കൽ)
- ഭരണ ചെലവ്

കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളുടെ നിർമ്മിതിക്ക് 2 ലക്ഷം രൂപയും (60% കേന്ദ്രം, 30% സംസ്ഥാനം, 10% ഉണഭോക്താവും) ഖരദ്രവ മാലിന്യ പരിപാലന പദ്ധതികൾക്ക് പരമാവധി ഒരു ഗ്രാമ പഞ്ചായത്തിന് 20 ലക്ഷം രൂപയും (60% കേന്ദ്രം, 40% സംസ്ഥാനം) ഐ.ഇ.സി, ശേഷി വികസനം എന്നിവയ്ക്കായി പ്രോജക്ടായി 5% തുകയും ഭരണ ചെലവിന് 2% തുകയും (കേന്ദ്രം 60%, സംസ്ഥാനം 40%) ലഭിക്കുന്നു.

## 13.3 പ്രധാന മന്ത്രി ഗ്രാമ സടക് യോജന (PMGSY)

ഗ്രാമ പ്രദേശങ്ങളിൽ അഞ്ഞൂറിലധികം ജനസംഖ്യയുള്ളതും റോഡു ബന്ധമില്ലാത്തതുമായ ആവാസ കേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ റോഡുമായി ബന്ധപ്പെട്ടു കിടക്കുന്ന ഏതെങ്കിലും ആവാസ കേന്ദ്രവുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുന്ന പദ്ധതിയാണ് പി.എം.ജി.എസ്.വൈ. നൂറ് ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന ഈ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് ശരാശരി 30 ലക്ഷം രൂപ ലഭിക്കുന്നതാണ്. ഈ പദ്ധതിയിൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക ജില്ലാ പഞ്ചായത്താണ് തയ്യാറാക്കേണ്ടത്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള കോർ നെറ്റ് വർക്ക് ഓഫ് റൂറൽ റോഡ്സ് ആണ് പി.എം.ജി.എസ്.വൈ.-ൽ തെരഞ്ഞെടുക്കേണ്ട റോഡുകളുടെ അടിസ്ഥാന രേഖ. ഈ പദ്ധതിയുടെ സംസ്ഥാന തല നിർവ്വഹണത്തിനായി തദ്ദേശ സ്വയം ഭരണ വകുപ്പിനെ നോഡൽ വകുപ്പായും കെ.എസ്.ആർ.ആർ.ഡി-യെ നോഡൽ ഏജൻസിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 13.4 ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (RIDF)

ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (നബാർഡ്) ഗ്രാമ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 1995-96 ൽ ആരംഭിച്ചതാണ് ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (RIDF) പദ്ധതി. നബാർഡ് സഹായം ലഭിക്കുന്ന വകുപ്പുകൾക്ക് അവരുടെ വിഹിതം സംസ്ഥാന തല എംപവേർഡ് കമ്മറ്റി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്റ്റുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും വാങ്ങി സർക്കാരിന്റെ അനുമതിക്ക് നൽകുന്നു. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികൾ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തുന്നു. പ്രധാനമായും കൃഷിയും അനുബന്ധ വിഭാഗങ്ങളും, സാമൂഹിക വിഭാഗം, ഗ്രാമീണ ഗതാഗത സൗകര്യങ്ങൾ എന്നീ മേഖലകളിലാണ് പ്രവൃത്തികൾ അനുവദിക്കുക. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം ത്രിതല പഞ്ചായത്തുകൾക്കാണ്.

## 13.5 നാഷണൽ റൂർബൻ മിഷൻ (NRuM)

രാജ്യത്ത് 300 ഗ്രാമീണ റൂർബൻ ക്ലസ്റ്ററുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യം വെച്ചു കൊണ്ട് കേന്ദ്ര ക്യാബിനറ്റ് 2015 സെപ്റ്റംബർ 16 ന് അംഗീകരിച്ചു നടപ്പിലാക്കാൻ തുടങ്ങിയ പദ്ധതിയാണ് നാഷണൽ റൂർബൻ മിഷൻ (NRuM) എന്ന പേരിലറിയപ്പെടുന്ന ശ്യാമ പ്രസാദ് മുഖർജി റൂർബൻ മിഷൻ. ഗ്രാമീണ മേഖലയിൽ സാമൂഹികമായും, സാമ്പത്തികമായും, ഭൗതികമായും സുസ്ഥിരമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് ഈ പദ്ധതിയുടെ, സമീപനമാണ്. ഈ പദ്ധതിക്കു വേണ്ടി കേന്ദ്ര സർക്കാർ 5142.08 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

### 13.5.1 നാഷണൽ റൂർബൻ മിഷന്റെ കാഴ്ചപ്പാട് :-

- നഗരങ്ങളിൽ ദൃശ്യമാകുന്ന തരത്തിൽ ഗുണമേന്മയുള്ള സൗകര്യങ്ങൾ ഉൾപ്പെടെ പ്രാദേശിക വികസനത്തിന്റെ ഗുണഫലം എല്ലാ ജനങ്ങൾക്കും ലഭ്യമാകുന്ന തരത്തിൽ സമത്വത്തിനും ഉൾച്ചേർക്കലിനും ഊന്നൽ കൊടുത്തു കൊണ്ട് ഗ്രാമീണ ജനതയുടെ ജീവിതത്തെ കരുപിടിപ്പിക്കുന്നതിനു വേണ്ടി ഗ്രാമങ്ങളുടെ ഒരു ക്ലസ്റ്റർ വികസിപ്പിക്കുക.
- അടിസ്ഥാന സൗകര്യ വികസനവും, പ്രാദേശിക സംരംഭകത്വവും കാര്യശേഷിയും വർദ്ധിപ്പിക്കൽ, മറ്റ് സാമ്പത്തിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കൽ
- ഇതിനു വേണ്ടി നിലവിലുള്ള പദ്ധതികളുടെ സംയോജനം പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഈ മിഷന്റെ ഭാഗമായി ഒരു ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടിംഗ് കൂടി നൽകുന്നുണ്ട്.

### 13.5.2 റൂർബൻ മിഷന്റെ ലക്ഷ്യങ്ങൾ:-

- പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക
- അടിസ്ഥാന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക
- കൃത്യമായി ആസൂത്രണം ചെയ്യപ്പെട്ട റൂർബൻ ക്ലസ്റ്ററുകൾ രൂപീകരിക്കുക.

### 13.5.3 റൂർബൻ ക്ലസ്റ്റർ:-

പ്രവർത്തന സൗകര്യത്തിന് വേണ്ടി ഒരു ബ്ലോക്ക് പഞ്ചായത്തിൽ അല്ലെങ്കിൽ ഒരു താലൂക്കിൽ 25,000 മുതൽ 50,000 വരെ ജനസംഖ്യ വരുന്നതും അടുത്തടുത്ത് കിടക്കുന്നതുമായ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളെ ചേർത്താണ് ഒരു റൂർബൻ ക്ലസ്റ്റർ രൂപീകരിക്കുന്നത്.

### 13.5.4 റൂർബൻ മിഷന്റെ അനന്തര ഫലം :-

1. സാമ്പത്തിക, സാങ്കേതിക സൗകര്യങ്ങളിലും സേവനങ്ങളിലും ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കുക
2. ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഊന്നൽ കൊടുത്തു കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തെ ഉത്തേജിപ്പിക്കുക.
3. എല്ലാ മേഖലകളിലേക്കും വികസനം വ്യാപിപ്പിക്കുക.
4. ഗ്രാമീണ മേഖലയിൽ നിക്ഷേപം ആകർഷിക്കുക.

### 13.5.5 റൂർബൻ മിഷന്റെ ഫണ്ട് ലഭ്യത:-

റൂർബൻ ക്ലസ്റ്റർ ഉൾപ്പെടുന്ന പ്രദേശത്തിന്റെ ആവശ്യകതക്കനുസരിച്ച് ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കി സംസ്ഥാന തല എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലെ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതി (Integrated Cluster Action Plan-ICAP) യിൽ ഉൾപ്പെട്ടതാണ് ഒരു റൂർബൻ ക്ലസ്റ്ററിന്റെ ചെലവ്. അതിൽ കഴിയുന്നിടത്തോളം കേന്ദ്ര - സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ സംയോജന സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുകയും ഫണ്ട് കണ്ടെത്തുകയും വേണം. കൂടാതെ സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതിയിലെ മൊത്തം മൂലധന ചെലവിന്റെ 30 ശതമാനം അഥവ പരമാവധി 30 കോടി രൂപ ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 60 : 40 അനുപാതത്തിൽ ലഭ്യമാക്കും.

### 13.5.6 സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതി (Integrated Cluster Action Plan-ICAP)

ക്ലസ്റ്റർ പഞ്ചായത്തുകളുടെ പ്രാദേശിക ആവശ്യങ്ങളും സാധ്യതകളും പഠന വിധേയമാക്കി ആവശ്യമായ ഇടപെടലുകൾ ഉൾക്കൊള്ളിച്ച് തയാറാക്കുന്ന ഒരു അടിസ്ഥാന വികസന രേഖയാണ് സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതി. സംസ്ഥാന സർക്കാർ, ജില്ലാ കലക്ടർ, ജില്ലാ പഞ്ചായത്ത്, ബന്ധപ്പെട്ട പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എന്നിവരുമായുള്ള ചർച്ചയിലൂടെ മുഴുവൻ ഉപഭോക്താക്കളുടെയും പങ്കാളിത്തത്തോടെയാണ് സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതി (ICAP) തയാറാക്കുന്നത്.

**സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതിയിലെ അഭിലഷണീയ ഘടകങ്ങൾ:-**

കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള താഴെ പറയുന്ന 21 അഭിലഷണീയ ഘടകങ്ങൾ അടിസ്ഥാനമാക്കി സമഗ്ര ക്ലസ്റ്റർ കർമ്മ പദ്ധതിയിൽ പ്രോജക്റ്റുകൾ ഉണ്ടായിരിക്കും.

1. ദിവസവും 24 മണിക്കൂറും പൈപ്പ് വഴിയുള്ള ജലവിതരണം
2. ശുചിത്വം
3. ഖര ദ്രവ മാലിന്യ സംസ്കരണം
4. അഴുക്ക ചാലുകളോട് കൂടിയ ഗ്രാമീണ പാതകൾ
5. ഗ്രാമീണ വൈദ്യുതീകരണവും തെരുവ് വിളക്കുകളും
6. ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ
7. പൊതു ഗതാഗത സൗകര്യങ്ങൾ
8. സ്വയം സഹായ സംഘങ്ങളുടെ രൂപീകരണവും തൊഴിൽ സൃഷ്ടിക്കലും
9. സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഉതകുന്ന നൈപുണ്യ വികസന പരിശീലനം (Skill Development Training Linked to Economic activities)
10. കാർഷിക സേവനങ്ങളും കാർഷിക വിഭവ സംസ്കരണവും
11. വിദ്യാഭാസം
12. പൊതുജനാരോഗ്യം
13. ഡിജിറ്റൽ സാക്ഷരത
14. ജന സേവന കേന്ദ്രങ്ങൾ (Citizens Service Centres)
15. പരിസ്ഥിതി
16. എൽ.പി.ജി.ഗ്യാസ് കണക്ഷൻ
17. ടൂറിസം
18. സ്പോർട്സ് അടിസ്ഥാന സൗകര്യം
19. സാമൂഹ്യ അടിസ്ഥാന സൗകര്യം
20. ഗ്രാമീണ വീടുകൾ
21. സാമൂഹ്യ ക്ഷേമം

ഈ ഘടകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കുന്ന ഐക്യാപ്പ്(ICAP) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന എമ്പവേർഡ് കമ്മിറ്റി അംഗീകരിച്ച് കേന്ദ്ര ഗ്രാമ വികസന സെക്രട്ടറി അദ്ധ്യക്ഷനായ എമ്പവേർഡ് കമ്മിറ്റിക്ക് അനുമതിക്കായി നൽകുന്നു. എമ്പവേർഡ് കമ്മിറ്റി പ്രസ്തുത ഐക്യാപ്പ് അംഗീകരിച്ചാൽ ആദ്യ ഘഡു (CGF ന്റെ 30 ശതമാനം) പണം അനുവദിക്കുന്നു. ഇതിന് ശേഷം റൂർബൻ ക്ലസ്റ്ററുകൾ പദ്ധതികളുടെ ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന എമ്പവേർഡ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി പദ്ധതി നടപ്പാക്കാം. ഡി. പി. ആർ. അംഗീകാരം സംബന്ധിച്ച വിവരം

എമ്പവേർഡ് കമ്മിറ്റിയെ അറിയിച്ചാൽ അടുത്ത ഘഡു (CGF ന്റെ 30 ശതമാനം) അനുവദിക്കും. അവസാന ഘഡു അനുവദിക്കണമെങ്കിൽ 60 ശതമാനം ചെല വാക്കിയതിന് യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

### 13.5.7 കേരളത്തിനനുവദിച്ച റൂർബൻ ക്ലസ്റ്റർ:-

കേന്ദ്ര സർക്കാർ മൂന്ന് ഘട്ടങ്ങളായി 12 റൂർബൻ ക്ലസ്റ്ററുകൾ കേരളത്തിനു അനു വദിച്ചു.

| ക്രമ നമ്പർ | ഘട്ടം | ജില്ല | റൂർബൻക്ലസ്റ്റർ | ഗ്രാമ പഞ്ചായ ത്തുകൾ |
|---|---|---|---|---|
| 1 | ആദ്യ ഘട്ടം | കണ്ണൂർ | മാങ്ങാട്ടിടം – കോട്ടയം റൂർബൻ ക്ലസ്റ്റർ | മാങ്ങാട്ടിടം കോട്ടയം |
| 2 | | ഏറണാകളം | പുത്തൻവേലിക്കര -കുന്നുകര റൂർബൻ ക്ലസ്റ്റർ | പുത്തൻവേ ലിക്കര കുന്നുകര |
| 3 | | കോട്ടയം | പുതുപ്പള്ളി – മണ ർകാട് റൂർബൻ ക്ലസ്റ്റർ | പുതുപ്പള്ളി മണർകാട് |
| 4 | | തിരുവനന്ത പുരം | വെള്ളനാട് – ആര്യനാട് റൂർബൻ ക്ലസ്റ്റർ | വെള്ളനാട് ആര്യനാട് |
| 5 | രണ്ടാം ഘട്ടം | കണ്ണൂർ | ചെമ്പിലോട് – പേരളശ്ശേരി റൂർബൻ ക്ലസ്റ്റർ | ചെമ്പിലോട് പെരളശ്ശേരി |
| 6 | | മലപ്പുറം | എടപ്പാൾ - വട്ടംകു ളം റൂർബൻ ക്ലസ്റ്റർ | എടപ്പാൾ വട്ടംകുളം |
| 7 | | തൃശ്ശൂർ | പുന്നയൂർക്കുളം – വടക്കേക്കാട് റൂർബൻ ക്ലസ്റ്റർ | പുന്നയൂർക്കുളം വടക്കേക്കാട് |
| 8 | | ആലപ്പുഴ | കഞ്ഞിക്കുഴി – മാരാരിക്കുളം റൂർബൻ ക്ലസ്റ്റർ | കഞ്ഞിക്കുഴി മാരാരിക്കുളം |

| | | | | |
|---|---|---|---|---|
| 9 | മൂന്നാം ഘട്ടം | കൊല്ലം | നെടുമ്പന – തൃക്കോവിൽവട്ടം റൂർബൻ ക്ലസ്റ്റർ | നെടുമ്പന തൃക്കോവിൽവട്ടം |
| 10 | | മലപ്പുറം | താനാളൂർ – നിറമരുതൂർ റൂർബൻ ക്ലസ്റ്റർ | താനാളൂർ നിറമരുതൂർ |
| 11 | | പാലക്കാട് | പുതുക്കോട് – കാവശ്ശേരി റൂർബൻ ക്ലസ്റ്റർ | പുതുക്കോട് കാവശ്ശേരി |
| 12 | | കണ്ണൂർ | പിണറായി – വേങ്ങാട് റൂർബൻ ക്ലസ്റ്റർ | പിണറായി വേങ്ങാട് |

## 13.6 സൻസദ് ആദർശ് ഗ്രാമ യോജന

സ്വയം പര്യാപ്ത ഗ്രാമങ്ങൾ കെട്ടിപ്പടുക്കുക എന്ന മഹാത്മാ ഗാന്ധിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ സൻസദ് ആദർശ് ഗ്രാമ യോജന എന്ന പദ്ധതിക്ക് രൂപം കൊടുത്തത്. 2014 ആഗസ്റ്റ് 15-ലെ സ്വാതന്ത്ര്യ ദിന സന്ദേശത്തിൽ ഇത്തരമൊരു പദ്ധതി തുടങ്ങുന്നതിനുള്ള പ്രതിജ്ഞാബദ്ധത പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ അറിയിക്കുകയും, 2014 ഒക്ടോബർ 11-ന് പദ്ധതി ഔപചാരികമായി തുടക്കം കുറിക്കുകയും ചെയ്തു. സമഗ്ര വികസന സാധ്യതകളെ പരമാവധി വിനിയോഗിച്ച് മാതൃകാ ഗ്രാമങ്ങളായി മാറിയ മഹാരാഷ്ട്രയിലെ ഹിവാരി ബസാർ, തെലുങ്കാനയിലെ ഗംഗാദേവിപ്പള്ളി, ഗുജറാത്തിലെ പുൻസാരി എന്നിവയുടെ ചുവടു പിടിച്ച് നമ്മുടെ രാജ്യത്ത് അനവധി മാതൃകാ ഗ്രാമങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളാൽ കേന്ദ്രീകൃതമായ പദ്ധതിയല്ല സൻസദ് ആദർശ് ഗ്രാമ യോജന. മറിച്ച്, ഗ്രാമത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ പാർലമെൻറ് അംഗവും (രാജ്യ സഭാംഗവും, ലോക സഭാംഗവും) 2019 - ഓടെ മൂന്ന് ഗ്രാമ പഞ്ചായത്തുകളെ ആദർശ ഗ്രാമാക്കി തീർക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.

### 13.6.1 ഉദ്ദേശ്യങ്ങൾ:

സൻസദ് ആദർശ് ഗ്രാമയോജനയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ താഴെ പറയുന്നവയാണ്

1. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര വികസനത്തിലേക്കു നയിക്കുന്ന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.

2. എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെയും ജീവിത നിലവാരവും ഗുണമേന്മയും താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ വർദ്ധിപ്പിക്കുക
3. മികച്ച അടിസ്ഥാന വികസന സൗകര്യങ്ങൾ
4. ഉയർന്ന ഉല്പാദന ക്ഷമത
5. ഉയർന്ന മനുഷ്യ ശേഷി വികസനം
6. മെച്ചപ്പെട്ട ഉപജീവന അവസരങ്ങൾ
7. അസമത്വം ഇല്ലാതാക്കുക
8. അവകാശങ്ങളും അർഹതയും ഉറപ്പാക്കുക
9. വികസന ആസൂത്രണത്തിൽ സാമൂഹ്യ പങ്കാളിത്തം
10. ഉയർന്ന സാമൂഹ്യ മൂലധനം
11. പ്രാദേശിക വികസനത്തിന്റെയും കാര്യക്ഷമമായ പ്രാദേശിക ഭരണ നിർവ്വഹണത്തിന്റെയും മാതൃകകൾ സൃഷ്ടിക്കുക.
12. തിരഞ്ഞെടുക്കപ്പെട്ട ആദർശ ഗ്രാമങ്ങളെ, മറ്റു ഗ്രാമ പഞ്ചായത്തുകൾക്ക് പരിശീലനം നൽകാനുള്ള പ്രാദേശിക വികസന പാഠശാലകളായി വളർത്തുക.

### 13.6.2 ആദർശ് ഗ്രാമത്തിന്റെ തെരഞ്ഞെടുപ്പ്

ആദർശ് ഗ്രാമ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന ഘടകം ഗ്രാമ പഞ്ചായത്താണ്. പദ്ധതി മാനദണ്ഡമനുസരിച്ച് സമതല പ്രദേശങ്ങളിൽ 3000 ത്തിനും 5000 ത്തിനുമിടയിലും, മലമ്പ്രദേശങ്ങൾ പട്ടികവർഗ്ഗ മേഖലകൾ ദുർഘട പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 1000 ത്തിനും 3000 ത്തിനുമിടയിലും ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തുകളെ ആദർശ ഗ്രാമമായി മാറ്റുന്നതിന് തെരഞ്ഞെടുക്കാം. ഇത്തരം യൂണിറ്റുകൾ ലഭ്യമല്ലാത്ത ജില്ലകളിൽ ആവശ്യമായ ജനസംഖ്യയ്ക്ക് അടുത്തു നിൽക്കുന്ന ഗ്രാമപഞ്ചായത്തിനെ ആദർശ ഗ്രാമമായി തെരഞ്ഞെടുക്കാവുന്നതാണ്.

ഓരോ പാർലമെൻറംഗത്തിനും അദ്ദേഹത്തിന്റെ സ്വന്തം ഗ്രാമമോ, ജീവിത പങ്കാളിയുടെ ഗ്രാമമോ, ഒഴിച്ചുള്ള അനുയോജ്യമായ ഏതു ഗ്രാമ പഞ്ചായത്തും ആദർശ ഗ്രാമമാക്കാൻ തെരഞ്ഞെടുക്കാവുന്നതാണ്. ലോക സഭാംഗത്തിന് തന്റെ നിയോജക മണ്ഡലത്തിലെയും, രാജ്യ സംഭാംഗത്തിന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ ഏതൊരു ജില്ലയിലെയും ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കാവുന്നതാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ട പാർലമെൻറംഗങ്ങൾക്ക് രാജ്യത്തെ ഏതൊരു ജില്ലയിലെയും ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളില്ലാത്ത നഗരനിയോജക മണ്ഡലങ്ങളുടെ കാര്യത്തിൽ, പാർലമെൻറംഗത്തിന് അടുത്തുള്ള നിയോജക മണ്ഡലത്തിൽ നിന്നും ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുക്കാവുന്നതാണ്.

### 13.6.3 സമീപനം

സൻസദ് ആദർശ് ഗ്രാമ യോജനയിൽ താഴെപ്പറയുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

1. മാതൃകാ ഗ്രാമ പഞ്ചായത്തുകൾ വികസിപ്പിക്കാൻ പാർലമെൻറ് അംഗങ്ങളുടെ നേതൃത്വ പാടവവും കഴിവും പ്രതിബദ്ധതയും ഊർജ്ജവും ഉപയോഗപ്പെടുത്തുക.
2. പ്രാദേശിക പങ്കാളിത്ത വികസനത്തിനായി മുഴുവൻ ജനങ്ങളേയും ഒരുമിച്ച് കൂട്ടുകയും പ്രവർത്തന നിരതരാക്കുകയും ചെയ്യുക
3. ജനങ്ങളുടെ ആവശ്യങ്ങൾക്കും പ്രാദേശിക സാധ്യതകൾക്കും അനുയോജ്യമായ സമഗ്ര വികസനം നേടാനായി വിവിധങ്ങളായ സർക്കാർ പദ്ധതികളെയും സ്വകാര്യ, സന്നദ്ധ സംഘടനകളെയും സംയോജിപ്പിക്കുക.
4. സന്നദ്ധ സംഘടകളുമായും സഹകരണ സ്ഥാപനങ്ങളുമായും പഠന, ഗവേഷണ സ്ഥാപനങ്ങളുമായും പങ്കാളിത്തം കെട്ടിപ്പടുക്കൽ
5. സുസ്ഥിരമായ വികസന നേട്ടങ്ങൾക്ക് മുൻഗണന

### 13.6.4 പ്രവർത്തന തന്ത്രം

തെരഞ്ഞെടുക്കപ്പെട്ട ഗ്രാമത്തെ ആദർശ ഗ്രാമമാക്കി മാറ്റുന്നതിന് സാദ്ധ്യമായ പ്രവർത്തനരീതികൾ :-

1. പ്രദേശത്തെ ജനങ്ങളെ ഗുണപരമായ പൊതു പ്രവർത്തനത്തിന് സജ്ജരാക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ
2. ജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും വികേന്ദ്രീകൃത രീതിയിൽ തിരിച്ചറിയാനുള്ള പങ്കാളിത്ത ആസൂത്രണ പ്രക്രിയ
3. കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സാധ്യമായ തലത്തിലുള്ള സംയോജനം.
4. നിലവിലുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ പരമാവധി പുനരുദ്ധരിക്കുകയും, പുതിയവ നിർമ്മിക്കുകയും ചെയ്യുക
5. ഗ്രാമ പഞ്ചായത്തുകളെയും മറ്റ് ജനകീയ സംവിധാനങ്ങളേയും ശക്തിപ്പെടുത്തുക.
6. സുതാര്യതയും ഉത്തരവാദിത്വ ബോധവും പ്രചരിപ്പിക്കുക

### 13.6.5 പദ്ധതി ആസൂത്രണം

തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമ പഞ്ചായത്തിനും ഒരു ഗ്രാമ വികസന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. എല്ലാ ഗ്രാമീണ ദരിദ്ര കുടുംബങ്ങളേയും ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ പര്യാപ്തമായ പ്രവർത്തനങ്ങളിലായിരിക്കണം ഗ്രാമീണ വികസന പദ്ധതിയുടെ ഊന്നൽ.

വികസന പദ്ധതിയുടെ ആസൂത്രണം തുടങ്ങുന്നതിന് മുമ്പ്, അതിനാവശ്യമായ സാഹചര്യമൊരുക്കുന്നതിനു വേണ്ടി പ്രദേശത്തെ ജനങ്ങളെ ഒത്തൊരുമിപ്പി

ക്കുന്നതിന് പാർലമെൻറംഗത്തിന്റെ നേതൃത്വത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം പൂർണ്ണമായി ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്. ഇതിനായി പരിഗണിക്കാവുന്ന പ്രവർത്തന ങ്ങൾ താഴെ പറയുന്നവയാണ്.

- ഗ്രാമസഭ, മഹിളാസഭ, ബാലസഭ എന്നിവയുമായുള്ള ചർച്ചകൾ
- യുവജന ക്ലബ്ബുകളടക്കമുള്ള പ്രാദേശിക സംഘടനകളുമായും തൊഴിൽ സംഘങ്ങളുമായും ചർച്ചകൾ
- സാംസ്കാരിക, കായിക മേളകൾ സംഘടിപ്പിക്കൽ
- ചുവരെഴുത്തുകൾ, പദ യാത്രകൾ, തെരുവു നാടകങ്ങൾ
- ഗ്രാമത്തെ എങ്ങിനെ മാതൃകാ ഗ്രാമമാക്കാമെന്നതിനെക്കുറിച്ചുള്ള ചിത്ര രചനാ, സാഹിത്യ മത്സരങ്ങൾ.
- ഗ്രാമ വികസനത്തിലെ മികച്ച മാതൃകകളുടെ പ്രദർശനം

ഗ്രാമം എന്തായിത്തീരണമെന്നതിനെ കുറിച്ചുള്ള വിശാലമായ പൊതു കാഴ്ച പ്പാട് ഇത്തരം പ്രവർത്തനങ്ങളുണ്ടാക്കുകയും ഗ്രാമീണരെ ഉത്സാഹഭരിതരാക്കു കയും ചെയ്യുന്നു. പിന്നീട് രണ്ടു ഘട്ടങ്ങളുള്ള പങ്കാളിത്ത ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നു. ഇതിൽ പാർലമെൻറംഗം ഗ്രാമ പഞ്ചായത്തിനോടൊപ്പം ഫെ സിലിറ്റേറ്ററുടെ പങ്ക് വഹിക്കുന്നു. ആവശ്യമായ പ്രൊഫഷണൽ സൗകര്യവും, ഏകോപന പിന്തുണയും ജില്ലാകളക്ടറാണ് നൽകേണ്ടത്.

ആദ്യഘട്ടത്തിൽ, സാമൂഹ്യ മാറ്റങ്ങളിലൂടെയും പെരുമാറ്റങ്ങളിലൂടെയും ജനങ്ങ ൾക്കു സ്വയം ചെയ്യാവുന്നതും പരസ്പര സഹായം, ശ്രമദാനം, പ്രാദേശിക സം ഭാവനകൾ എന്നിവയിലൂടെ ചെയ്യാവുന്നതുമായ പ്രാദേശിക വിഭവങ്ങളും തിരി ച്ചറിയേണ്ടതുണ്ട്.

ഗ്രാമത്തിലെ ഒരൊറ്റ കുടുംബം പോലും ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിക്കാത്ത രീതിയിലുള്ള സാമ്പത്തിക ഉയർച്ച ലക്ഷ്യമാക്കി തദ്ദേശീയ സമൂഹം ഒത്തൊ രുമിച്ച് പ്രവർത്തിക്കുമെന്ന് ജനപ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥന്മാരും കൂട്ടായ പ്രതിജ്ഞ എടുക്കുക.

- ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളും മൗലിക കർത്തവ്യ ങ്ങളും ചേർത്ത് വായിക്കുകയും അവയിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കു കയും ചെയ്യുക.
- ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക
- ശുചിത്വ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക
- മൃഗ പരിപാലന ക്യാമ്പുകൾ സംഘടിപ്പിക്കുക
- സേവന വിതരണത്തിന്റെ ഗുണമേന്മയും കുട്ടികളുടെ ഹാജർനിലയും മെ ച്ചപ്പെടുത്താൻ അങ്കണവാടികളിൽ ഇടപെടലുകൾ നടത്തുക.
- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്താനും, കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്താനും വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണ

മേന്മ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക വിദ്യാലയങ്ങളിൽ ഇടപെടലുകൾ നടത്തുക.

- മരങ്ങൾ വെച്ചുപിടിപ്പിക്കുക
- സ്വയം സഹായ സംഘങ്ങളെ സംഘടിപ്പിക്കലും പുനരുജ്ജീവിപ്പിക്കലും
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 'തൊഴിൽ ദിനം' സംഘടിപ്പിക്കുക
- പൊതു വിതരണ സംവിധാനം മെച്ചപ്പെടുത്തുക
- ജില്ലാ കളക്ടറുടെയും പൊതു വിതരണ, സാമൂഹ്യ ക്ഷേമ, ഭൂനികുതി വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പരാതി പരിഹാര ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയവ.

ഈ ഘട്ടത്തിൽ എല്ലാ തരം പ്രവർത്തനങ്ങളും, പ്രത്യേകിച്ചും വ്യക്തിപരവും, സാമൂഹികവും, പാരിസ്ഥിതികവും, വികസനപരവും സദ്ഭരണ സംബന്ധിയുമായവ കഴിയാവുന്നത്ര ഏറ്റെടുക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ സമൂഹം പദ്ധതി അതിന്റെ പരിപൂർണ്ണതയിൽ നടപ്പിലാക്കാനുള്ള സമ്മതം പ്രകടിപ്പിക്കുകയും അടുത്ത ഘട്ടത്തിന്റെ നിർവ്വഹണം ത്വരിതപ്പെടുകയും ചെയ്യുന്നു.

രണ്ടാമത്തെ ഘട്ടത്തിൽ പ്രദേശത്തിന്റെ നിലവിലുള്ള സാഹചര്യം വിലയിരുത്തലും ആദർശ ഗ്രാമമാക്കി മാറ്റുന്നതിനുള്ള ഗ്രാമ വികസന പദ്ധതി തയ്യാറാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യുന്നു.

**1. സാഹചര്യം വിലയിരുത്തൽ**

ആദ്യത്തെ ഘട്ടത്തിൽ തന്നെ ആരംഭിച്ചിട്ടുള്ള ഈ പ്രവർത്തനത്തിൽ ഒരേ സമയത്ത് ഏറ്റെടുക്കേണ്ട രണ്ടു തരം പ്രക്രിയകളുണ്ട്.

**ബേസ് ലൈൻ സർവേ :** - ഇതിലൂടെ വിവിധ പ്രദേശങ്ങളിലെ വികസനത്തിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുകയും, അടിസ്ഥാന സൗകര്യങ്ങളിലും സേവനങ്ങളിലുമുള്ള വിടവുകളെയും കുറവുകളെയും ഭാവിയിലെ സാമ്പത്തിക, മാനവിക വികസനത്തിനുള്ള സാധ്യതകളെയും കുറിച്ചുള്ള അടിസ്ഥാന വിവരശേഖരണം നടത്തുകയും ചെയ്യുന്നു. ഇത് ഒരു വിദഗ്ധ ഏജൻസി വഴിയോ അല്ലെങ്കിൽ, ഒരു അക്കാദമിക സ്ഥാപനം വഴി പരിശീലനം ലഭിച്ച വിദഗ്ധരുടെ സംഘത്തെ ഉപയോഗപ്പെടുത്തിയോ ചെയ്യാവുന്നതാണ്.

**ജന പങ്കാളിത്തത്തോടെ സാഹചര്യം വിലയിരുത്തൽ :-** പങ്കാളിത്ത ഗ്രാമ വിശകലന പ്രക്രിയ ഉപയോഗിച്ച് പ്രദേശത്തെ ജനങ്ങളോടൊപ്പം അവിടുത്തെ നിലവിലുള്ള സാഹചര്യം വിലയിരുത്തേണ്ടതാണ് പ്രധാനപ്പെട്ട പങ്കാളിത്ത ഗ്രാമ വിശകലന ഉപാധികൾ താഴെ നൽകുന്നു:

**സാമൂഹിക ഭൂപടം :-** വ്യത്യസ്ത വിഭാഗങ്ങൾ, പ്രധാനപ്പെട്ട സ്ഥാപനങ്ങൾ, ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടി

സ്ഥാനത്തിൽ വീടുകളെ രേഖപ്പെടുത്തുന്ന ഈ ഭൂപടം തയ്യാറാക്കുന്നത് പ്രദേശത്തെ ജനങ്ങൾ , പ്രത്യേകിച്ച് സ്ത്രീകൾ തന്നെയാണ്. സാമൂഹ്യ സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആശുപത്രികൾ / പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, വില്ലേജ് ഓഫീസ്, ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള ജനങ്ങളോടടുത്ത് നിൽക്കുന്ന സ്ഥാപനങ്ങൾ രേഖപ്പെടുത്തണം.

**വിഭവ ഭൂപടം :-** പ്രാദേശികമായ പ്രകൃതി, ഭൗതികവിഭങ്ങൾ മനസ്സിലാക്കാൻ ഈ ഭൂപടം സഹായിക്കും. ഈ ഭൂപടവും തയ്യാറാക്കുന്നത് പ്രദേശത്തെ ജനങ്ങളെല്ലാം ചേർന്നാണ്. അതിൽ ഭൂമിയുടെ ഉപയോഗം, ജലാശയങ്ങൾ, ജലസേചന സംവിധാനങ്ങൾ, ഭൂമിയുടെ ഭൗതികമായ പ്രത്യേകതകൾ, ചരിവുകൾ, ഉയർച്ച-താഴ്ചകൾ, ജലനിർഗ്ഗമനക്രമം മുതലായവ ഉണ്ടായിരിക്കും. വിഭവ ഭൂപടം സൂക്ഷ്മ നീർത്തടങ്ങളെ വേർതിരിച്ച് രേഖപ്പെടുത്തുകയും, കാർഷിക വികസനത്തിനും പ്രകൃതി വിഭവ പരിപാലനത്തിനുമുള്ള സാദ്ധ്യതകൾ വേർത്തിരിച്ചെടുക്കുകയും ചെയ്യുന്നു.

**പഠന പര്യടനം :-** സാമൂഹ്യ ഭൂപടവും, വിഭവ ഭൂപടവും അടിസ്ഥാനമാക്കി ലഭ്യമായ വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിന് ഗ്രാമ പ്രദേശം മുഴുവൻ ജനങ്ങളോടൊപ്പം നടന്ന് പരിശോധിക്കുന്ന പ്രക്രിയയാണ് പഠന പര്യടനം. പ്രദേശത്തിന്റെ അവസ്ഥ കൃത്യമായി മനസ്സിലാക്കി ആസൂത്രണത്തിൽ ഇടപെടാൻ ഈ പ്രക്രിയ സഹായിക്കും

നീഡ്സ് മാട്രിക്സ് :- ഗ്രാമത്തിന്റെ പൊതുവായ ആവശ്യങ്ങളും മുൻഗണനകളും യുക്തിപൂർവ്വമായി തിട്ടപ്പെടുത്താൻ പ്രദേശത്തെ ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു ഗ്രൂപ്പിന്റെ സഹായത്തോടെ ഇത് തയ്യാറാക്കുന്നു.

സാഹചര്യം വിലയിരുത്തലിലൂടെ ശേഖരിച്ച വിവരങ്ങൾ ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ സൂക്ഷിക്കേണ്ടതാണ്.

### 2. ഗ്രാമതല വികസന പദ്ധതിയുടെ കരട് തയ്യാറാക്കൽ

ജനങ്ങൾ തീരുമാനിച്ച മുൻഗണനകളുടെ അടിസ്ഥാനത്തിൽ ഗ്രാമ വികസന പദ്ധതിയുടെ കരട് തയ്യാറാക്കാൻ ഉദ്യോഗസ്ഥരും പുറത്തു നിന്നുള്ള വിദഗ്ദ്ധരും അടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പിന് ജില്ലാ കളക്ടർ രൂപം നൽകണം. ആദ്യത്തെ ഘട്ടത്തിലെ പ്രവർത്തനങ്ങളും നേട്ടങ്ങളും സംഭാവനകളും ഗ്രാമ വികസന പദ്ധതിയിൽ ഇടം പിടിക്കേണ്ടതുണ്ട്. പദ്ധതിയിൽ പ്രതീക്ഷിത ഫലങ്ങളും നേട്ടങ്ങളും സമയക്രമവും പ്രസ്താവിക്കേണ്ടതാണ്. ചർച്ചകൾക്കും അംഗീകാരത്തിനുമായി ഗ്രാമ വികസന പദ്ധതിയുടെ കരട് ഗ്രാമസഭയ്ക്ക് നൽകേണ്ടതുണ്ട്.

### 3. ഗ്രാമതല വികസന പദ്ധതി അംഗീകരിക്കൽ

ജില്ലാ കളക്ടർ നയിക്കുന്ന ജില്ലാ തല കമ്മിറ്റിയാണ് പാർലമെൻറ് അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉചിതമായ രീതിയിൽ പരിഗണിച്ച് ഗ്രാമ വികസന പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നത്. മൂന്നുമാസം, ആറു മാസം, ഒമ്പതു മാസം, ഒരു വർഷവും അതിനപ്പുറവും

എന്ന കണക്കിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങളുള്ള വിവിധഘടകങ്ങൾ ഘട്ടം ഘട്ടമായി നിർവ്വഹിക്കുന്ന രീതി സുവ്യക്തമായി നിശ്ചയിച്ചാണ് കമ്മിറ്റി ഗ്രാമ വികസന പദ്ധതി അംഗീകരിക്കേണ്ടത്.

**4. പ്രൊജക്റ്റ് രൂപീകരണവും അനുമതിയും**

അംഗീകരിക്കപ്പെട്ട പദ്ധതിയുടെ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ പ്രൊജക്റ്റുകളാക്കുകയും അതത് പദ്ധതികളുടെ മാർഗ്ഗരേഖയ്ക്കനുസൃതമായ രീതിയിൽ ഭരണ,സാമ്പത്തിക, സാങ്കേതിക അനുമതി നേടുകയും ചെയ്യേണ്ടതുണ്ട്. ഈ പ്രക്രിയ സമയ ബന്ധിതവും സുഗമവുമാക്കാൻ ജില്ലാ കളക്ടർ നേരിട്ടു തന്നെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ട്. ഇതിനായി ജില്ലാ കളക്ടറെ സഹായിക്കേണ്ടത് ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്.

സൻസദ് ആദർശ് ഗ്രാമ യോജന നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതി ഫണ്ട് കേന്ദ്രസർക്കാർ അനവദിച്ചിട്ടില്ല പക്ഷേ മറ്റ് ഏതൊരു പദ്ധതിയുടേയും പ്രഥമ പരിഗണന സൻസദ് ആദർശ് ഗ്രാമങ്ങളായിരിക്കും. അതിനാവശ്യമായ പ്രത്യേക നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടേയും സംയോജനം പ്രായോഗികമായി നടപ്പാക്കി ഗ്രാമ പഞ്ചായത്തുകളെ മാതൃകാ ഗ്രാമങ്ങളാക്കി മാറ്റുന്നതിന് സഹായകരമായ പദ്ധതിയാണ് സൻസദ് ആദർശ് ഗ്രാമ യോജന. ഈ മാതൃക സ്വീകരിച്ച് ലഭ്യമാകുന്ന എല്ലാ പദ്ധതികളുടേയും പണവും സേവനവും പ്രയോജനപ്പെടുത്തി നമ്മുടെ പ്രദേശത്തെ ഗ്രാമ പഞ്ചായത്തുകളേയും മാതൃകാ ഗ്രാമങ്ങളാക്കാൻ ശ്രമിക്കാവുന്നതാണ്.

## 13.7 പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ)

ഗ്രാമീണ പാർപ്പിട രംഗത്തെ കുറവ് നികത്തുന്നതിനും 2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെയും 2016 ഏപ്രിൽ 1 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ മാർഗ്ഗ രേഖ 20.11.2016-ൽ കേന്ദ്ര സർക്കാർ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു. 2022 വർഷത്തോടെ എല്ലാവർക്കും സ്ഥിരമായ പാർപ്പിടം നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയിൽ 1,20,000/-രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. കേരളത്തിൽ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഇവർക്ക് 4,00,000/- രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 6,00,000/- രൂപയും നൽകുന്നു. 1,20,000/- രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നൽകുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ

തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000/- രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും സഹായം നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ഗുണഭോക്താക്കൾക്ക് മൂന്ന് ഗഡുക്കളായി 1,20,000/-രൂപ പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. ബാക്കി തുക ആർ.റ്റി.ജി.എസ് വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു.

പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കളെയാണ്. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 400 മീറ്റർ സ്ക്വയർ ഫീറ്റാണ്.

### 13.7.1 റിമാൻറ് മൊഡ്യൂൾ

2011-ൽ തയ്യാറാക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ .സി.സി) പ്രകാരമുള്ള പി.എം.എ.വൈ (ജി) യുടെ പെർമനൻറ് വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കി അർഹതയുള്ളവരെ നിലനിർത്തുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശാനുസരണം അനർഹരെ ഒഴിവാക്കുകയും അർഹരായവരെ നിലനിർത്തുകയും ചെയ്യുന്നതിനുള്ള റിമാൻറ് മൊഡ്യൂൾ ആവാസ് സോഫ്റ്റിൽ ലഭ്യമാക്കിയതിൻ പ്രകാരം ജില്ലകളിൽ നിന്നും 36,628 അനർഹരായ ഗുണഭോക്താക്കളെ പെർമനൻറ് വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി ജില്ലകളിൽ നിന്നും റിക്വസ്റ്റ് ലഭിക്കുകയും 36,256 ഗുണഭോക്താക്കളെ പെർമനൻറ് വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന തലത്തിൽ നിന്നും അപ്രൂവൽ ചെയ്തിട്ടുണ്ട്.

### 13.7.2 ആവാസ് പ്ലസ്

എസ്.ഇ.സി.സി ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്ത സാഹചര്യത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശാനുസരണം പി.എം.എ.വൈ (ജി) യുടെ മാർഗ്ഗരേഖാ പ്രകാരം പുതിയ സർവ്വെ നടത്തി 3,11,700 ഗുണഭോക്താക്കളെ ആവാസ് പ്ലസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഗുണഭോക്താക്കളുടേയും, അവരുടെ കുടുംബാംഗങ്ങളുടെയും ആധാർ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന പ്രവൃത്തി നടന്ന് വരുന്നു.

## 13.8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ കുടുംബാംഗങ്ങളുടെ ഉപജീവനമാർഗ്ഗം അഭിവൃദ്ധിപ്പെടുത്തുന്നതിനായി അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഒരു കുടുംബത്തിലെ പ്രായ പൂർത്തിയായവർക്കെല്ലാം കൂടി ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ലക്ഷ്യമിട്ടുകൊണ്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. 2005 സെപ്റ്റംബർ 5 നാണ് പാർലമെന്റ് തൊഴിലുറപ്പ് നിയമം പാസ്സാക്കിയത്. 2006 ഫെബ്രുവരിയിൽ ഇന്ത്യയിൽ 200 ജില്ലകളിൽ പദ്ധതി ആരംഭിച്ചു. കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ 2006 ൽ പദ്ധതി തുടങ്ങി. 2007 ൽ ഇടുക്കി, കാസർകോട് ജില്ലകളിലും 2008 ൽ മറ്റു 10 ജില്ലകളിലും പദ്ധതി വ്യാപിച്ചു.

### 13.8.1 മുഖ്യലക്ഷ്യങ്ങൾ

1. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ദ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുകയും, അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും, സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്ഥികൾ സൃഷ്ടിക്കുക.
2. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.
3. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളേയും പദ്ധതിയിൽ ഉൾച്ചേർക്കുക.
4. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.
5. സുതാര്യതയും ഉത്തരവാദിത്വബോധവും ഉറപ്പു വരുത്തുക.

### 13.8.2 പദ്ധതിയുടെ സവിശേഷതകൾ

1. നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
3. സ്ത്രീക്കും പുരുഷനും തുല്യ വേതനം
4. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുന്തിയ പരിഗണന.
5. തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടുപിടിക്കുകയും ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

6. ആസൂത്രണത്തിലും നിർവ്വഹണത്തിലും തികഞ്ഞ സുതാര്യത
7. കരാറുകാരോ ഇടനിലക്കാരോ തൊഴിലവസരം നഷ്ടപ്പെടുത്തുന്ന യന്ത്ര സാമഗ്രികളോ ഇല്ല.
8. അവിദഗ്ധ തൊഴിൽ വേതന ഘടകവും സാധന ഘടകവും യഥാക്രമം 60:40 എന്ന അനുപാതത്തിൽ (പഞ്ചായത്ത് തലത്തിൽ) പ്രവൃത്തികൾ ഏറ്റെടുക്കാം.
9. പൊതുജന പങ്കാളിത്തത്തോടെയുള്ള ലേബർ ബഡ്ജറ്റിംഗ്
10. ബാങ്ക്/പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.
11. സ്ത്രീകൾക്ക് മുൻഗണന. (കുറഞ്ഞത് 1/3 ഭാഗം തൊഴിലാളികൾ സ്ത്രീകൾ ആയിരിക്കണം.)
12. കമ്പ്യൂട്ടർ ശ്രുംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
13. പൊതുജനങ്ങൾ തന്നെ പദ്ധതി ഓഡിറ്റ് ചെയ്യുന്ന – സോഷ്യൽ ഓഡിറ്റ് സംവിധാനം.

### 13.8.3 തൊഴിലാളികളുടെ അവകാശങ്ങൾ

1. തൊഴിലിന് സൗജന്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം
2. തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശം
3. പ്രവൃത്തികൾ നിർദ്ദേശിക്കാനുള്ള അവകാശം
4. ആവശ്യപ്പെടുന്ന സമയത്ത് തൊഴിൽ ലഭിക്കാനുള്ള അവകാശം
5. ഒരു കുടുംബത്തിന് 100 ദിവസത്തിൽ കുറയാതെ തൊഴിൽ ലഭിക്കാനുള്ള അവകാശം (വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 150 ദിവസം).
6. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം
7. 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം (ആദ്യത്തെ ഒരു മാസം വേതന നിരക്കിന്റെ ¼ ഉം രണ്ടാം മാസം മുതൽ വേതന നിരക്കിന്റെ ½ ഉം)
8. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം
9. യഥാസമയം വേതനം ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം കിട്ടാനുള്ള അവകാശം (നൽകാത്ത വേതന തുകയുടെ 0.05% നിരക്കിൽ)
10. സ്ത്രീക്കും പുരുഷനും തുല്യ വേതനം ലഭിക്കാനുള്ള അവകാശം
11. പണിസ്ഥലത്ത് കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ എന്നിവ ലഭ്യമാക്കാനുള്ള അവകാശം.

12. പ്രവൃത്തി സ്ഥലത്തു വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യം
13. ആശുപത്രിയിൽ കിടന്നു ചികിത്സ വേണ്ടി വരുമ്പോൾ പകുതി വേതനം (പ്രവൃത്തി തീരുന്ന ദിവസം വരെ മാത്രം)
14. പ്രവൃത്തിയിലേർപ്പെട്ടിരിക്കുമ്പോഴോ പ്രവൃത്തിമൂലമോ അപകട മരണമോ സ്ഥിരമായ വൈകല്യമോ സംഭവിച്ചാൽ എക്സ്ഗ്രേഷ്യാ (ആം ആദ്മി ഭീമാ യോജന അനുസരിച്ചോ കേന്ദ്ര സർക്കാർ വിജ്ഞാപനം പരാമർശിക്കുന്ന തുകയോ)
15. 5 വയസ്സിൽ താഴെയുള്ള അഞ്ചോ അതിൽ കൂടുതലോ കുട്ടികൾ തൊഴിലാളികളോടൊപ്പം വരുകയാണെങ്കിൽ അവരെ ശുശ്രൂഷിക്കാൻ ആയയുടെ സേവനം.
16. തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികൾക്ക് മരണമോ വൈകല്യമോ സംഭവിച്ചാൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന എക്സ് ഗ്രേഷ്യാ.
17. പ്രവൃത്തി സ്ഥലവും തൊഴിലാളിയുടെ ഗ്രാമവും തമ്മിൽ 5 കിലോമീറ്ററിൽ അധികമാണെങ്കിൽ 10% തുക കൂടി അധിക വേതനം.
18. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ടാൽ 3 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം.

### 13.8.4 തൊഴിൽ കാർഡ്

ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ ഏതൊരു കുടുംബത്തിനും ആ ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യാം. അപേക്ഷാ ഫാറം ഗ്രാമ പഞ്ചായത്താഫീസിൽ നിന്ന് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കും. തൊഴിൽ കാർഡ് ലഭിക്കുന്നതിനായി യാതൊരു പണവും ഒടുക്കേണ്ടതില്ല. ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം. 5 വർഷമാണ് കാർഡിന്റെ കാലാവധി. 5 വർഷം തികയുന്ന മുറയ്ക്ക് തൊഴിൽ കാർഡ് പുതുക്കേണ്ടതാണ്. തൊഴിൽ കാർഡ് സൂക്ഷിക്കേണ്ട ഉത്തരവാദിത്വം തൊഴിലാളിയുടേതാണ്.

### 13.8.5 തൊഴിലിനുള്ള അപേക്ഷയും തൊഴിൽ അനുവദിക്കലും

തൊഴിൽ കാർഡ് ലഭ്യമായ കുടുംബത്തിന് ഒരു വർഷം 100 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്. വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പരമ്പരാഗത വനവാസികൾക്ക്, സ്വന്തമായി മറ്റു ഭൂമിയില്ലെങ്കിൽ, 150 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്. തൊഴിൽ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ ഗ്രാമ പഞ്ചായത്താഫീസിൽ വാക്കാലോ/രേഖാ മൂലമോ നൽകാം. ഒറ്റയ്ക്കും കൂട്ടായും അപേക്ഷിക്കാം. കുറഞ്ഞത് 14 ദിവസത്തേക്കും പരമാവധി 100 ദിവസത്തേക്കും അപേക്ഷ നൽകാം. അപേക്ഷ സ്വീകരിക്കുമ്പോൾ കൈപ്പറ്റ് രസീത് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കും. പഞ്ചായത്തിലെ ഏതു വാർഡിലും തൊഴിൽ അനുവദിക്കാം. അനുവദിക്കുന്ന പ്രവൃത്തി ലേബർ ബഡ്ജറ്റിലും വാർഷിക കർമ്മപദ്ധതിയിലും ഉൾപ്പെട്ടതായിരിക്കും.

### 13.8.6 പ്രവർത്തികളുടെ ആസൂത്രണവും അനുവദനീയ പ്രവർത്തികളും

## ലേബർ ബഡ്ജറ്റ് കലണ്ടർ

| പ്രവർത്തനം | തീയതി |
|---|---|
| ഗ്രാമസഭ അംഗീകരിച്ച് ബി.പി.ഒ യ്ക്ക് സമർപ്പിക്കുന്നു. | ആഗസ്റ്റ് 15 |
| ബി.പി.ഒ. സൂക്ഷ്മപരിശോധന നടത്തി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുന്നു. | സെപ്റ്റംബർ 15 |
| ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച് ഡി.പി.സി.ക്ക് സമർപ്പിക്കുന്നു. | ഒക്ടോബർ 2 |
| ഡി.പി.സി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുന്നു. | നവംബർ 15 |
| ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു. | ഡിസംബർ 1 |
| സംസ്ഥാന ലേബർ ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നു. | ഡിസംബർ 31 |
| എംപവേഡ് കമ്മറ്റി ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നു. | ഫെബ്രുവരി |

**ലേബർ ബഡ്ജറ്റ്**

ലേബർ ബഡ്ജറ്റ് അനുസരിച്ചാണ് കേന്ദ്ര സർക്കാർ പദ്ധതി പണം അനുവദിക്കുന്നത്. പ്രതീക്ഷിത തൊഴിൽ ദിനങ്ങൾ ഓരോ മാസവും ആവശ്യമുള്ള തൊഴിൽ ദിനങ്ങൾ, ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ, വേതന - സാധന ഘടകങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ അടങ്ങുന്ന രേഖയാണ് ലേബർ ബഡ്ജറ്റ്. ഏറ്റവും കുറഞ്ഞത് 60% അവിദഗ്ധ തൊഴിൽ ഘടകമായും പരമാവധി 40% സാധന ഘടകമായും ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്താം. അയൽക്കൂട്ടതല ചർച്ചയിലൂടെയാണ് ലേബർ ബഡ്ജറ്റ് രൂപപ്പെട്ടു വരുന്നത്. വാർഡുതലത്തിൽ, വാർഡുതല ഏകോപന സമിതി ക്രോഡീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നു. ഗ്രാമപഞ്ചായത്തു തലത്തിൽ ക്രോഡീകരിച്ച ശേഷം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഭരണാനുമതിയും നൽകി ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നു. തുടർന്ന് ബി.പി.ഒ. സൂക്ഷ്മ പരിശോധന നടത്തി, ബ്ലോക്ക് പഞ്ചായത്തിന്റെ ശുപാർശയോട് കൂടി ഡി.പി.സി മുഖേന ജില്ലാ പഞ്ചായത്തിന് നൽകുന്നു. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാരിലേക്കയ്ക്കുന്നു. ഓരോ വർഷവും ഡിസംബർ 31 നകം സംസ്ഥാന ലേബർ ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റിൽ ലഭ്യമാക്കേണ്ടതാണ്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയമാണ് അന്തിമമായ അംഗീകാരം നൽകുന്നത്.

**വാർഷിക കർമ്മ പദ്ധതി**

ലേബർ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഓരോ ഇനത്തിലേയും പ്രവൃത്തികൾ വാർഡു തിരിച്ച് തയ്യാറാക്കുന്ന രേഖയാണ് വാർഷിക കർമ്മപദ്ധതി. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു വർഷം ഏറ്റെടുക്കാവുന്ന എല്ലാ പ്രവൃത്തികളും വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. ആവശ്യമെങ്കിൽ കർമ്മപദ്ധതിയിൽ ഭേദഗതികൾ വരുത്തി ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

**ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

03/01/2014 ന് കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ ഭേദഗതി പ്രകാരം പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ താഴെ പറയുന്നവയാണ്

### വിഭാഗം A. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

**ജല സംരക്ഷണ പ്രവൃത്തികൾ** - കിണറുകൾ, കുളങ്ങൾ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകൾ, തടയണകൾ, അടിയണകൾ, ചെക്ക് ഡാമുകൾ, സ്റ്റോപ്പ ഡാമുകൾ, മഴവെള്ള സംഭരണികൾ തുടങ്ങിയവ.

**നീർത്തട പരിപാലന പ്രവൃത്തികൾ** - കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രഞ്ചുകൾ, മഴക്കുഴികൾ, കൽത്തടയണകൾ, ഗാബിയൺ ബണ്ടുകൾ, നീരുറവയുടെ പരിപോഷണ പ്രവൃത്തികൾ.

- സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണവും
- പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ
- മരങ്ങൾ പിടിപ്പിക്കലും വനവൽക്കരണവും
- പൊതുഭൂമിയിലെ ഭൂവികസന പ്രവർത്തികൾ

**വിഭാഗം B. വ്യക്തിഗത ആസ്തികളും പൊതു ആസ്തികളും** (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബാംഗങ്ങൾക്ക് മാത്രം)

- ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന പ്രവൃത്തികൾ ഭൂവികസനം - കിണറുകൾ, കുളങ്ങൾ, ജലകൊയ്ത്തു നിർമ്മിതികൾ.
- ഹോർട്ടികൾച്ചർ, പട്ടുനൂൽകൃഷി, തോട്ടവിള, ഫാം ഫോറസ്റ്ററി തുടങ്ങിയ ഉപജീവനാസ്തികൾ.
- തരിശുഭൂമി വികസിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവൃത്തികൾ
- ഇന്ദിര ആവാസ് യോജനയുൾപ്പെടെ, സർക്കാർ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള അവിദഗ്ധ കായിക തൊഴിൽ ഘടകം.
- മൃഗസംരക്ഷണ പ്രവൃത്തികൾ - കാലിത്തൊഴുത്ത്, ആട്ടിൻകൂട്, പന്നിക്കൂട്, കോഴിക്കൂട്

- പൊതു കുളങ്ങളിൽ മത്സ്യം വളർത്തൽ, മത്സ്യം ഉണക്കി സൂക്ഷിക്കുന്നതിനുള്ള കേന്ദ്രങ്ങൾ

**വിഭാഗം C. സ്വയം സഹായ സംഘങ്ങൾക്കുള്ള പൊതു ആസ്തികൾ**

- കാർഷിക വിളകളുടെ സംഭരണ കേന്ദ്രം. ജൈവ വളനിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം
- ഉപജീവന പ്രവർത്തനങ്ങൾക്കുള്ള വർക്ക് ഷെഡ്ഡുകൾ

**വിഭാഗം D ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

- ഗ്രാമീണ ശുചിത്വ പ്രവൃത്തികൾ - വ്യക്തിഗത ടോയ്‌ലറ്റ്, അങ്കണവാടി, സ്കൂൾ ടോയ്‌ലറ്റുകൾ, പൊതു ടോയ്‌ലറ്റുകൾ
- ഓടകൾ, കലുങ്കുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകൾ
- കളിസ്ഥലങ്ങൾ
- ജലനിർഗ്ഗമന ഓടകൾ, സ്റ്റോം വാട്ടർ ഡ്രെയിനുകൾ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ
- ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, സൈക്ലോൺ ഷെൽട്ടേഴ്സ്, അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും.
- നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം (എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്നത് മാത്രം)
- ഭക്ഷ്യധാന്യ സംഭരണികൾ
- തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾ.
- സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റു പ്രവൃത്തികൾ.

**ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ**

- പ്രകടമല്ലാത്തതും അളന്ന തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികൾ, പുല്ലുനീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, സാധാരണ കാർഷിക പ്രവൃത്തികൾ (വിത്ത് വിതയ്ക്കൽ, തൈ നടീൽ, വളമിടീൽ, കൊയ്ത്ത്, കള പറിയ്ക്കൽ, തുടങ്ങിയവ) ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എന്നിവ ഏറ്റെടുക്കാൻ പാടില്ല.
- വിത്ത്, വളം, കീടനാശിനി എന്നിവ വാങ്ങുന്നത് അനുവദനീയമല്ല.
- ഭക്ഷ്യധാന്യം, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നീ ഇനത്തിൽപ്പെട്ട ഹ്രസ്വകാലവിളകൾക്കുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ല. (ഉദാഃ- വാഴ, കപ്പ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, തക്കാളി, വഴുതന തുടങ്ങിയവ). എന്നാൽ തോട്ടവിളകൾക്കും ഹോർട്ടികൾച്ചറിൽ ഉൾപ്പെടുന്ന

ദീർഘകാല വിളകൾക്കും 3 വർഷം വരെ, നനയ്ക്കൽ, കളനീക്കംചെയ്യൽ എന്നീ പ്രവൃത്തികൾ പരിഗണിക്കാവുന്നതാണ്.

### 13.8.7 തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥായിയായ ആസ്തികളുടെ നിർമ്മാണം

തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിന് വിവിധ കാറ്റഗറികളിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ മെറ്റീരിയൽ ഘടകം ഉൾപ്പെട്ട് വരുന്ന പ്രവൃത്തികൾ കണ്ടെത്തേണ്ടതും ടി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഊന്നൽ നൽകേണ്ടതുമാണ്. ഓരോ ഗ്രാമപഞ്ചായത്തും കുറഞ്ഞത് 30-35% മെറ്റീരിയൽ ഘടകം ഉൾപ്പെട്ട് വരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിലേയും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധനയ്ക്കായി ബ്ലോക്കുതലത്തിൽ ലഭ്യമാകുമ്പോൾ അതത് ഗ്രാമപഞ്ചായത്തുകളിൽ കുറഞ്ഞത് 30-35% മെറ്റീരിയൽ ചെലവ് വരുന്ന തരത്തിലാണോ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്ന് ബ്ലോക്കുതല അക്രഡിറ്റഡ് എഞ്ചിനീയർമാർ, ജോയിൻറ് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ മസ്റ്റർറോൾ ലഭ്യമാക്കുന്നതിനുള്ള ഡിമാൻറ് ബ്ലോക്കിൽ ലഭ്യമാകുന്ന അവസരത്തിൽ പഞ്ചായത്തുതലത്തിൽ 30-35% മെറ്റീരിയൽ ചെലവ് അതത് മാസം വരുന്നുണ്ടെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. വിവിധ കാറ്റഗറി പ്രവൃത്തികളിൽ വരും വർഷത്തിൽ മുൻഗണന നൽകേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാറ്റഗറി എ : കാറ്റഗറി എ യിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ പരമാവധി അവിദഗ്ദ്ധ തൊഴിൽ സൃഷ്ടിക്കാൻ കഴിയുന്നതും അതോടൊപ്പം തന്നെ മെറ്റീരിയൽ ഘടകം ഉപയോഗിക്കാൻ കഴിയുന്നതുമായ പ്രവൃത്തികൾക്ക് ഊന്നൽ നൽകേണ്ടതാണ്. ചെക്ക് ഡാമുകൾ (Boulder, Masnory, Brushwood) ഗാബിയോണുകൾ, ഗള്ളിപ്ലഗ്ഗിംങ്, ഫാം പോണ്ടുകൾ എന്നിവ ഏറ്റെടുക്കുമ്പോൾ ശാസ്ത്രീയത പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ആവശ്യമായ തോതിൽ മെറ്റീരിയൽ ഘടകം കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. ചെക്ക് ഡാമുകളും, ഫാം പോണ്ടുകളും നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി തുക വിനിയോഗിക്കാം എന്നിരിക്കെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക ടി മേഖലയിൽ വിനിയോഗിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

കാറ്റഗറി ബി പ്രവൃത്തികൾ : വ്യക്തിഗത ആസ്തികളായ IHHL, ഫാം പോണ്ട്, തൊഴുത്ത് മുതലായവ നിർമ്മിക്കുമ്പോൾ ഇതിനാവശ്യമായി വരുന്ന സാധന സാമഗ്രികളുടെ ചെലവ് യഥാർത്ഥ ബില്ലുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാൻ സാധിക്കുന്നതാണ്. വ്യക്തിഗത ആസ്തികൾ നിർമ്മിക്കുമ്പോൾ ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, നിർവ്വഹണ രീതി എന്നിവ സംബന്ധിച്ച് ചുവടെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഗുണഭോക്താക്കളാകുവാൻ യോഗ്യതയുള്ള വിഭാഗങ്ങൾ :-

1. പട്ടികജാതി
2. പട്ടികവർഗ്ഗം
3. നാടോടികളായ ആദിവാസികൾ
4. ഡീനോട്ടിഫൈഡ് ആദിവാസികൾ
5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
6. സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
7. ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ
8. ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ
9. ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ
10. 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും)

മേൽപ്പറഞ്ഞ മുൻഗണനാവിഭാഗങ്ങളിൽ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി കഴിഞ്ഞാൽ ചെറുകിട-നാമമാത്രകർഷകരേയും പരിഗണിക്കാവുന്നതാണ്.

എന്നാൽ 11.08.2014 ലെ 11017/17/2008 – എൻ.ആർ.ഇ.ജി.എ(UN) നമ്പർ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച്, സമഗ്രവും, ശാസ്ത്രീയവുമായ നിർത്തട പദ്ധതിയുടെ ഭാഗമായി, ചെറുകിട, നാമമാത്ര കർഷകരുടെ ഭൂമി എന്ന് വ്യത്യാസമില്ലാതെ എല്ലാ ഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. മുകൾത്തട്ടു മുതൽ താഴോട്ടുള്ള സമീപനം (Ridge to Valley approach ) അനുസരിച്ച് വേണം പ്രവൃത്തികൾ ഏറ്റെടുക്കാൻ, പങ്കാളിത്ത ആസൂത്രണത്തിലൂടെ മാത്രമേ നീർത്തട വികസന പ്ലാൻ തയ്യാറാക്കാവൂ. സാറ്റലൈറ്റ് ഇമേജിന്റെ സഹായത്തോടെ പദ്ധതി തയ്യാറാക്കാവുന്നതാണ്. Ridge to Valley സമീപനത്തിൽ ശാസ്ത്രീയമായി നീർത്തട പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരും നിർദ്ദേശം നൽകിയിട്ടുണ്ട്. (30/03/2015 ലെ DD2/116/2015/LSGD നമ്പർ സർക്കുലർ)

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തുതലത്തിലും തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്ന ആസ്തികളെ സംബന്ധിച്ചും, അതിനുള്ള അർഹതാ മാനദണ്ഡങ്ങളെ സംബന്ധിച്ചും പത്രവാർത്ത ഉൾപ്പെടെ വ്യാപകമായ പ്രചാരണം നടത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അവർക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം ആസ്തികൾ ലഭിക്കുന്നതിനുള്ള അർഹത പരിശോധിച്ച് മുൻപറഞ്ഞ അർഹതാമാനദണ്ഡമനുസരിച്ച് മുൻഗണന നിശ്ചയിച്ച് പട്ടിക അന്തിമമാക്കേണ്ടതും, ടി പട്ടിക ഗ്രാമസഭയുടേയും ഗ്രാമപഞ്ചായത്തിന്റെയും അംഗീകാരം വാങ്ങി നിർവ്വഹണം ആരംഭിക്കേണ്ടതുമാണ്. കൂടാതെ ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവർ കണ്ടെത്തുന്ന ഗുണഭോക്താക്കളെയും മേൽപ്പറഞ്ഞ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തുതലത്തിലും തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്ന ആസ്തികളെ സംബന്ധിച്ചും, അതിനുള്ള അർഹതാ മാനദണ്ഡങ്ങളെ സംബന്ധിച്ചും പത്രവാർത്ത ഉൾപ്പെടെ വ്യാപകമായ പ്രചാരണം നടത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അവർക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം ആസ്തികൾ ലഭിക്കുന്നതിനുള്ള അർഹത പരിശോധിച്ച് മുൻപറഞ്ഞ അർഹതാ മാനദണ്ഡമനുസരിച്ച് മുൻഗണന നിശ്ചയിച്ച് പട്ടിക അന്തിമമാക്കേണ്ടതും, ടി പട്ടിക ഗ്രാമസഭയുടേയും ഗ്രാമപഞ്ചായത്തിൻറേയും അംഗീകാരം വാങ്ങി നിർവ്വഹണം ആരംഭിക്കേണ്ടതുമാണ്. കൂടാതെ ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവർ കണ്ടെത്തുന്ന ഗുണഭോക്താക്കളെയും മേൽപ്പറഞ്ഞ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ തെരഞ്ഞെടുക്കാവുന്നതാണ്.

### 13.8.8 നിർവ്വഹണ രീതി

#### 1. ഗുണഭോക്താക്കൾ നേരിട്ടുള്ള നിർവ്വഹണം

തൊഴിലുറപ്പ് നിയമം നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം വ്യക്തിഗത ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കൾക്ക് തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട്, കമ്പോസ്റ്റ് സംവിധാനങ്ങൾ മുതലായ വ്യക്തിഗത ആനുകൂല്യങ്ങൾ നേരിട്ട് നിർമ്മിക്കുവാൻ കഴിയുന്നതാണ്. ഈ നിർവ്വഹണ രീതിയിൽ തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മിതിയുടെ എസ്റ്റിമേറ്റ് MGNREGS Standadised Data ഉപയോഗിച്ച് പ്രയോഗത്തിലുള്ള LMR നിരക്ക് അനുസരിച്ച് തയ്യാറാക്കണം. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാതൃകകൾ കണക്കിലെടുക്കേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അവിദഗ്ധ, അർദ്ധവിദഗ്ധ, വിദഗ്ധ തൊഴിലാളികൾക്കുള്ള തൊഴിൽദിനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭ്യമാക്കേണ്ടതും, നിർമ്മാണത്തിന് ആവശ്യമായ സാധനഘടകം ഗുണഭോക്താവിന് രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങാവുന്നതുമാണ്. നിർമ്മാണം പൂർത്തിയാക്കിയ ശേഷം യഥാർത്ഥ GST ബില്ലുകൾ പരിശോധിച്ച് ആയവ എസ്റ്റിമേറ്റ് തുകയ്ക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തിയ ശേഷം തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കേണ്ടതാണ്. പൂർണ്ണമായും പ്രീഫാബ്രിക്കേറ്റ് ചെയ്ത് സ്ഥാപിക്കുന്നവ അവിദഗ്ധ തൊഴിൽ ഒഴിവാക്കപ്പെടുന്നതിനാൽ അത്തരം ഡിസൈൻ ഒഴിവാക്കേണ്ടതാണ്.

സ്വന്തമായി തുക മുൻകൂർ കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് കുടുംബശ്രീ മുഖേനയും, സഹകരണ സംഘങ്ങൾ, ക്ഷീര സംഘങ്ങൾ വഴിയും കാലാവധി കുറഞ്ഞ വായ്പകൾ ലഭ്യമാക്കാൻ (Soft Loans) തദ്ദേശ സ്ഥാപനങ്ങൾക്ക് ശ്രമിക്കാവുതാണ്.

**2. തദ്ദേശ സ്ഥാപനം മുഖേന നേരിട്ടുള്ള നിർമ്മാണ രീതി**

ഗുണഭോക്താക്കൾക്ക് സ്വയം നിർമ്മാണ ചുമതല ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ തദ്ദേശ സ്ഥാപനം നേരിട്ട് നിർവ്വഹണം നടത്തുന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുടെ മാതൃകയിൽ ടി പദ്ധതികളുടെ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ്. അല്ലെങ്കിൽ കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ ടി പ്രവൃത്തിക്ക് ഉപയോഗിക്കാവുന്നതുമാണ്.

മേൽപ്പറഞ്ഞ രണ്ട് നിർവ്വഹണ രീതികൾ അവലംബിക്കുമ്പോഴും സംസ്ഥാന മിഷൻ ലഭ്യമാക്കിയിട്ടുള്ള മാതൃകാ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തി, തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുവേണം നിർവ്വഹണം നടത്തേണ്ടത്.

വ്യക്തിഗത ആസ്തികൾ : അർഹരായ കുടുംബങ്ങളെ കണ്ടെത്തി ടി കുടുംബങ്ങൾക്ക് ചുവടെ സൂചിപ്പിക്കുന്ന ആസ്തികൾ നൽകുന്നതിന് സവിശേഷമായ ഇടപെടൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

- പശുതൊഴുത്ത്/ ആട്ടിൻകൂട്/ കോഴിക്കൂട്/ പന്നിക്കൂട്.
- കമ്പോസ്റ്റ് പിറ്റ്: ഗ്രാമീണ മേഖലയിലെ അർഹരായ ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ് പിറ്റ് തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് നൽകണം. (ആവശ്യമായ സാധനസാമഗ്രികൾ ഉപയോഗിച്ച് ഈട് നിൽക്കുന്ന തരത്തിൽ വേണം കമ്പോസ്റ്റ് പിറ്റിന്റെ നിർമ്മാണം. മാതൃകാ എസ്റ്റിമേറ്റും ഡിസൈനും ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്.)
- സോക്ക് പിറ്റ്: ശാസ്ത്രീയമായ രീതിയിൽ സോക്ക്പിറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച് ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വേണം നിർമ്മാണം ഏറ്റെടുക്കേണ്ടത്. അർഹരായ എല്ലാവീടുകളിലും ആവശ്യകത പരിശോധിച്ച് ദ്രവമാലിന്യ സംസ്കരണത്തിനായി സോക്ക്പിറ്റുകൾ നൽകാവുന്നതാണ്.
- കമ്പോസ്റ്റിംഗ് സ്ട്രക്ച്ചർ: NADEP അല്ലെങ്കിൽ തുമ്പൂർമുഴി മാതൃകയിലുള്ള കമ്പോസ്റ്റിംഗ് സംവിധാനം ഒരുക്കി നൽകേണ്ടതും, ഇതിന്റെ പരിപാലനം സംബന്ധിച്ച് ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം ഗുണഭോക്താവിന് നൽകേണ്ടതുമാണ്.
- ബയോഗ്യാസ് പ്ലാൻറ്: മെറ്റീരിയൽ ഘടകത്തോടൊപ്പം തന്നെ അവിദഗ്ധ തൊഴിൽ ഘടകം കൂടി പരമാവധി ഉൾപ്പെട്ട് വരുന്ന «ദീനബന്ധുമോഡൽ« ബയോഗ്യാസ് പ്ലാൻറിന്റെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്. പ്രീ ഫാബ്രിക്കേറ്റഡ് ബയോഗ്യാസ് പ്ലാൻറുകൾ ഏറ്റെടുക്കാൻ കഴിയില്ല.
- അസോള ടാങ്ക്: കന്നുകാലികൾ, ആട്, കോഴി എന്നിവയ്ക്ക് നൽകാൻ കഴിയുന്ന പോഷകം ഏറെയുള്ള ഭക്ഷ്യ വസ്തുവാണ് അസോള. ഇതിന്റെ

ഉത്പാദനത്തിനുള്ള ടാങ്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചു നൽകാൻ കഴിയും. ഇതിന്റെ ഉപയോഗം സംബന്ധിച്ച അറിവുകൾ ക്ഷീരവികസന വകുപ്പിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

- കിണർ റീചാർജ്ജിംഗ്: പി.വി.സി പൈപ്പിന്റെ ഉപയോഗം പരമാവധി കുറച്ച് കിണർ റീചാർജ്ജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്ന തരത്തിലാകണം പ്രവൃത്തികൾ തയ്യാറാക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ കിണറുകളും റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഫലവൃക്ഷത്തോട്ടം (Orchard): ഭൂമി, ജലം എന്നിവയുടെ ലഭ്യത പരിഗണിച്ച് ഫലവൃക്ഷത്തോട്ടം നിർമ്മിച്ച് നൽകാവുന്നതാണ്.

**3. കാറ്റഗറി സി പ്രവൃത്തികൾ**

കാറ്റഗറി സി-യിൽ ഉൾപ്പെട്ട് വരുന്ന സ്വയം സഹായ സംഘങ്ങൾക്ക് വർക്ക്ഷെഡ് നിർമ്മിച്ചു നൽകുന്ന പ്രവൃത്തി പരിമിതമായ എണ്ണം മാത്രമാണ് സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ കുടുംബശ്രീ മിഷന്റെ കീഴിൽ നിരവധി സ്വയം സഹായ സംഘങ്ങൾ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഇപ്രകാരമുള്ള ഗ്രൂപ്പുകൾക്ക് വർക്കുഷെഡുകൾ നിർമ്മിച്ചു നൽകുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണത്തിന് അർഹരായ സ്വയംസഹായ സംഘങ്ങളെ കണ്ടെത്തുന്നതിന് ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

- സി.ഡി.എസ്. സർട്ടിഫൈ ചെയ്തതും കുറഞ്ഞത് 5 പേർ അടങ്ങിയ കുടുംബശ്രീ ഗ്രൂപ്പോ, കുടുംബശ്രീ അംഗീകൃത എം.ഇ ഗ്രൂപ്പോ ആയിരിക്കണം.
- കുടുംബശ്രീ മുഖേന പരിശീലനം പൂർത്തിയാക്കിയ ഗ്രൂപ്പുകളായിരിക്കണം
- ഗ്രൂപ്പുകൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി പൊതുഭൂമി കണ്ടെത്തണം എന്ന് നിർബന്ധം ഇല്ല.
- ഗ്രൂപ്പിലെ ഏതെങ്കിലും അംഗത്തിന്റെ പേരിൽ വർക്ക് ഷെഡ് പണിയുന്നതിനാവശ്യമായ ഭൂമി ലഭ്യമാണെങ്കിൽ ഗ്രൂപ്പ് അംഗങ്ങളുടെ രേഖാമൂലമുള്ള ഉഭയ സമ്മത പ്രകാരം പ്രസ്തുത ഭൂമിയിൽ വർക്ക് ഷെഡ് നിർമ്മിക്കാവുന്നതാണ്.
- ഭൂമി ലഭ്യമായ ഗ്രൂപ്പിലെ അംഗവും ഗ്രൂപ്പിലെ മറ്റ് അംഗങ്ങളും തമ്മിൽ ഭൂമിയുടെയും, വർക്ക് ഷെഡ്ഡിന്റെയും സ്ഥാപനവും ഉപയോഗവും സംബന്ധിച്ച് പൊതുവായ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.
- കുറഞ്ഞത് 5 വർഷത്തേക്കെങ്കിലും ടി വർക്ക് ഷെഡ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കാൻ ഭൂമിയുടെ ഉടമസ്ഥൻ സമ്മതപത്രം നൽകേണ്ടതാണ്.
- കരാറിൽ ഏർപ്പെട്ടശേഷം പ്രസ്തുത കരാറും അപേക്ഷയും ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്ത് ടി പ്രവൃത്തി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതും, നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന മാതൃകയിൽ ടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്.
- ടി പ്രവൃത്തിയിൽ അവിദഗ്ധ തൊഴിൽഘടകം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് നേരിട്ട് ലഭിക്കുന്ന വിധത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ ഏൽപ്പിച്ചും നിർവ്വഹണം നടത്താവുന്നതാണ്.

ജില്ലാ കുടുംബശ്രീ മിഷനുമായി സഹകരിച്ച് പരമാവധി കുടുംബശ്രീ സംരംഭ ഗ്രൂപ്പുകൾക്ക് വർക്കഷെഡുകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹരിത കർമ്മ സേനകളായി പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് അജൈവ മാലിന്യം സംഭരിച്ച് വയ്ക്കുന്നതിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻററുകൾ നിർമ്മിച്ച് നൽകാവുന്നതാണ്.

### കാറ്റഗറി ഡി പ്രവൃത്തികൾ

സർക്കാർ സ്കൂളുകളിൽ ചുവടെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

1. ചുറ്റുമതിൽ നിർമ്മാണം
2. കിച്ചൻഷെഡ് നിർമ്മാണം
3. ഡൈനിംഗ് ഹാൾ നിർമ്മാണം
4. കളിസ്ഥലം നിർമ്മാണം
5. ഫലവൃക്ഷതോട്ടങ്ങൾ സ്ഥാപിക്കൽ
6. ടോയ്‌ലറ്റ് നിർമ്മാണം
7. കിണർ റീചാർജ്ജിംഗ്
8. കമ്പോസ്റ്റിംഗ് സ്ട്രക്ച്ചർ (ഉന്നൂർമൂഴി/NADEP)
9. സോക്ക്പിറ്റ് നിർമ്മാണം
10. മെറ്റീരിയൽ (ഡ്രൈവേസ്റ്റ്) കളക്ഷൻ ഫസിലിറ്റി

കൂടാതെ അംഗൻവാടികളുടെ നിർമ്മാണം, റോഡുകൾ, റോഡുകളോട് ചേർന്നുള്ള ഡ്രെയിനേജുകൾ, അഴുക്ക് വെള്ളം ഒഴുക്കുന്നതിനുള്ള ചാലുകൾ (ഗ്രേ വാട്ടർ ഡ്രെയിൻ) എന്നിവയും നിർമ്മിക്കാവുന്നതാണ്.

ഗ്രാമചന്തകളുടെ നിർമ്മാണം: ഗ്രാമചന്തകളുടെ നിർമ്മാണം പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്നതാണ്. ഇന്നും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാതെയാണ് ഗ്രാമീണ മേഖലയിലെ ചന്തകൾ പലതും പ്രവർത്തിക്കുന്നത്. കച്ചടവർക്കാർക്ക് സൗകര്യപ്രദമായി ഇരുന്ന് കച്ചവടം നടത്തുന്നതിനുള്ള ഷെൽറ്ററുകൾ, സ്റ്റോറേജ് സൗകര്യം, ഇൻറർലോക്ക് പാകിയ നടപ്പാത, ശൗചാല

യങ്ങൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കേണ്ടതാണ്.

ആസ്തി നിർമ്മാണത്തിന് ഊന്നൽ നൽകുമ്പോൾ സ്വാഭാവികമായും അർദ്ധ-വിദഗ്ദ്ധ, വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം കൂടുതലായി വേണ്ടിവരും. ഈ സാഹചര്യത്തിൽ ആവശ്യമായത്ര തൊഴിലാളികളെ പരിശീലിപ്പിച്ച് അർദ്ധ-വിദഗ്ദ്ധ, വിദഗ്ദ്ധ തൊഴിലുകൾക്ക് വിന്യസിക്കുവാൻ സാധിക്കണം. ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ള ആക്ടീവ് തൊഴിലാളികളുടെ 10% പേരെയെങ്കിലും കണ്ടെത്തി ആവശ്യമായ മേസൻ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കണം. ഇപ്രകാരം തൊഴിലാളികളെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ പ്രായപരിധി, മുൻകാലങ്ങളിൽ അർദ്ധ-വിദഗ്ദ്ധ, വിദഗ്ദ്ധ തൊഴിലുകളിൽ ഏർപ്പെട്ട പരിചയം എന്നിവ കണക്കിലെടുക്കണം.

### 13.8.9 സദ്- ഭരണം (Good Governance)

തൊഴിലുറപ്പ് പദ്ധതിയിൽ സദ്-ഭരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തൊഴിൽകാർഡ് :- കേന്ദ്ര സർക്കാരിന്റെ പുതുക്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തൊഴിൽകാർഡ് എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ആയത് എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽകാർഡിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഓരോ 15 ദിവസത്തിനുള്ളിലും വരുത്തേണ്ടതും, ഇക്കാര്യം ബ്ലോക്ക്/ജില്ലാതലങ്ങളിൽ പരിശോധിക്കേണ്ടതുമാണ്.
2. വർക്ക് ഫയലുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് : - തൊഴിലുറപ്പ് പദ്ധതിയുടെ വർക്ക് ഫയലുകളുടെ കൃത്യമായ സൂക്ഷിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുള്ളതാണ്. ഓരോ ഫയലിലും ചെക്ക് ലിസ്റ്റ് ഉൾപ്പെടെ 21 ഇനം രേഖകൾ സൂക്ഷിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ചെക്ക്‌ലിസ്റ്റ് പ്രകാരമുള്ള പ്രസക്തമായ എല്ലാ രേഖകളും ഫയലുകളിൽ സൂക്ഷിക്കാൻ നിർദ്ദേശം നൽകേണ്ടതും ആയത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജോയിൻറ് ബ്ലോക്ക് ഡവലപ്പ്മെന് ഓഫീസർ (ആർ.ഇ.ജി.എസ്) എന്നിവർ ഇക്കാര്യം ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. രജിസ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്:- 7 ഇനം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതോടൊപ്പം തന്നെ അവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ കൃത്യമായും വരുത്തുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും, രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
4. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്:- പ്രവൃത്തി ആരംഭിക്കുന്നതിനുമുൻപായി തന്നെ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയ നിഷ്കർഷിക്കപ്പെട്ട മാതൃകയിലുള്ള CIB എല്ലാ പ്രവൃത്തിസ്ഥലങ്ങളിലും

സ്ഥാപിക്കേണ്ടതാണ്. CIB കളുടെ നിർമ്മാണത്തിന് കുടുംബശ്രീ സംവിധാനത്തെ ഉപയോഗിക്കുന്നത് സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതും, നല്ല പ്രവൃത്തികളുടെ ഫോട്ടോ (before, after) ലഭ്യമാക്കുമ്പോൾ CIB ഉൾപ്പെടുന്ന ഫോട്ടോകൾകൂടി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 13.8.10 സംയോജന സാധ്യതകൾ

അവിദഗ്ധ തൊഴിൽ സൃഷ്ടിക്കുന്നതിനോടൊപ്പം സ്ഥായിയായ ആസ്തികളുടെ നിർമ്മാണത്തിനാണ് തൊഴിലുറപ്പ് പദ്ധതി വരും വർഷങ്ങളിൽ മുൻതൂക്കം നൽകുന്നത്. പദ്ധതിയുമായി സംയോജിപ്പിക്കാൻ കഴിയുന്ന വിവിധ വകുപ്പ് പദ്ധതിയുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. വിവിധ വകുപ്പുകളും അവയുമായുള്ള സംയോജന സാധ്യതകളും ചുവടെ ചേർക്കുന്നു.

### 13.8.11 ജലസേചന വകുപ്പ്

- ജലസേചന കനാലുകളുടെ പുനരുദ്ധാരണം/നിർമ്മാണം
- ഫീൽഡ് ചാനൽ, ഡ്രെയിൻ എന്നിവയുടെ നിർമ്മാണം, നവീകരണം
- വെള്ളപ്പൊക്കത്തിൽ തകർന്ന ജലസേചന കനാലുകളുടെ പുനരുദ്ധാരണം, പുതിയവയുടെ നിർമ്മാണം
- പ്രളയത്തിൽ നാശം നേരിട്ട തോടുകളുടെ വശങ്ങളിലെ സംരക്ഷണ ഭിത്തികളുടെ നിർമ്മാണം/പുനരുദ്ധാരണം
- തോടുകളുടെ പാർശ്വങ്ങളിൽ മുള വച്ചുപിടിപ്പിക്കൽ
- പ്രളയത്തിൽ തകർന്ന കുളങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ
- ഗതിമാറിയൊഴുകിയ പുഴകളും തോടുകളും പുനസ്ഥാപിക്കൽ
- ചെക്ക ഡാം/ തടയണകളുടെ നിർമ്മാണം
- ടി പ്രവൃത്തികളുടെ അവിദഗ്ധ തൊഴിൽഘടകം നിർബന്ധമായും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

### 13.8.12 മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്

- കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവയുടെ നിർമ്മാണം.
- തീറ്റപ്പുൽകൃഷിക്കാവശ്യമായ ഭൂമി ഒരുക്കൽ, തീറ്റപ്പുല്ല് നട്ടുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമാണ്.
- അസോള ടാങ്കുകളുടെ നിർമ്മാണം.

### 13.8.13 വനംവന്യജീവി വകുപ്പ്

- വൃക്ഷത്തൈ ഉത്പാദനത്തിനുള്ള നഴ്സറി സ്ഥാപിക്കൽ, വനവത്ക്കരണ പ്രവർത്തനങ്ങൾ
- മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ
- വെള്ളപ്പൊക്കത്തിൽ തകർന്ന വനത്തിനുള്ളിലൂടെയുള്ള റോഡുകളുടെ പുനരുദ്ധാരണം, പുതിയവയുടെ നിർമ്മാണം
- വനത്തിനുള്ളിൽ തകർന്ന ചെറിയ ചെക്ക് ഡാമുകളുടെ പുനരുദ്ധാരണം
- വനത്തിൽ ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിൽ പരിസ്ഥിതി പുനസ്ഥാപനം
- വനപ്രദേശത്തെ നശിച്ചുപോയ മരങ്ങൾക്ക പകരം പുതിയവ വച്ചു പിടിപ്പിക്കൽ
- ആദിവാസി കോളനികളിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണം
- പുഴയുടെ ഓരങ്ങളിൽ കണ്ടൽ, മുള എന്നിവ വച്ചുപിടിപ്പിക്കൽ
- വനത്തിലുള്ളിലെ ചെക്ക് ഡാം, കുളങ്ങൾ, റോഡ്, വനവത്ക്കരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതാണ്.

### 13.8.14 തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം

- ഗ്രാമീണ റോഡുകളുടെ നിർമ്മാണം
- ഓവുചാലുകളുടെ നിർമ്മാണം
- വ്യക്തിഗത ആസ്തികൾ (കിണറുകൾ, കമ്പോസ്റ്റ് പിറ്റുകൾ) നിർമ്മിക്കൽ
- വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ, കലുങ്കുകൾ, അംഗനവാടികൾ എന്നിവയുടെ പുനരുദ്ധാരണം, പുതിയവയുടെ നിർമ്മാണം
- ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള തോടുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ
- ഓവുചാലുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും
- മണ്ണ് ജലസംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെടുന്ന കയ്യാല നിർമ്മാണം, പാർശ്വ ഭിത്തി സംരക്ഷണം മുതലായ പ്രവൃത്തികൾ പൂർണ്ണമായും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉൾപ്പെടുത്തി നടപ്പാക്കണം.

### 13.8.15 റീ-ബിൽഡ് കേരള

പ്രളയംമൂലം ഗ്രാമപ്രദേശങ്ങളിലെ റോഡ്, ഡ്രെയിൻ, കലുങ്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് വൻതോതിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും പ്രളയക്കെടുതിയെ തുടർന്നുണ്ടായ സാഹചര്യം വിലയിരുത്തി പൊതു അടിസ്ഥാന സൗകര്യങ്ങളുടെ പുനസ്ഥാപനത്തിനായി അനുവദനീയമായിട്ടുള്ള ചുവടെപ്പറയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി കണ്ടെത്തി ഏറ്റെടുക്കണം:-

- ഗ്രാമീണ റോഡുകൾ അറ്റകുറ്റപണികൾ ചെയ്ത് പുനസ്ഥാപിക്കൽ
- കലുങ്കുകൾ പുനസ്ഥാപിക്കൽ
- അംഗൻവാടികൾ, പഞ്ചായത്ത് ഓഫീസ്, രാജീവ്ഗാന്ധി സേവാകേന്ദ്രം തുടങ്ങിയ പൊതുആസ്തികളുടെ പുനസ്ഥാപനം
- പൊതുകിണറുകളുടെ പുനരുദ്ധാരണം
- ഗള്ളിപ്ലഗ്ഗിങ്, ഗാബിയോൺ, ബ്രഷ് വുഡ് ചെക്ക്ഡാം, തടയണകൾ തുടങ്ങിയ ആസ്തികളുടെ പുനർനിർമ്മാണം
- പുഴ/തോട്/ കനാലുകളുടെ പുനരുദ്ധാരണവും പാർശ്വഭിത്തി പുനസ്ഥാപനം/ ബലപ്പെടുത്തലും
- പൊതുകുളങ്ങളുടെ പുനഃരുദ്ധാരണം
- ജലസേചനകനാലുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപണികൾ
- പൊതുശൗചാലയങ്ങളുടെ നിർമ്മാണം
- വെള്ളപ്പൊക്കംമൂലം ഉപയോഗശൂന്യമായ സ്കൂൾ കക്കൂസുകളുടെ പുനസ്ഥാപനം
- ജൈവ (ജൈവമാലിന്യ) സംവിധാനങ്ങളുടെ പുനസ്ഥാപനം
- കോണ്ടൂർ ബണ്ടുകൾ/ കോണ്ടൂർ ട്രഞ്ചുകൾ തുടങ്ങിയവയുടെ പുനസ്ഥാപനം
- വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ഓവുചാലുകളുടെ പുനർനിർമ്മാണവും, അറ്റകുറ്റപണികളും

പ്രളയ പുന: സ്ഥാപനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള പുതിയ ദൗത്യമാണ് Rebuild Kerala Initiative (RKI). പ്രളയശേഷമുള്ള പുനഃസ്ഥാപനവും പുനഃനിർമ്മാണ പ്രവർത്തനങ്ങളുമാണ് RKI മുഖേന നടപ്പിലാക്കുന്നത്. RKI യുമായി സഹകരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പരമാവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

### 13.8.16അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്തൊട്ടാകെ 1000 അങ്കണവാടികൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 359 എണ്ണത്തിന്റെ നിർമ്മാണം മാത്രമാണ് ആരംഭിച്ചത്. ഇതിൽ 133 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 449 അങ്കണവാടികൾ ആരംഭിക്കുന്നതിനുവേണ്ടി സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളതായും ജില്ലകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

- അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുതായി സ്ഥലം കണ്ടെത്തിയിട്ടുള്ളവ പരിശോധിച്ച് അടിയന്തിരമായി കെട്ടിടനിർമ്മാണം ആരംഭിക്കേണ്ടതാണ്.
- നിലവിൽ കെട്ടിട നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
- ഓരോ ജില്ലയ്ക്കും അനുവദിച്ച് നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സഹകരണം ലഭ്യമാക്കേണ്ടതാണ്.
- അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി യഥാസമയം ഫണ്ട് പ്രൊപ്പോസലുകൾ സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്.
- അങ്കണവാടി കെട്ടിട നിർമ്മാണത്തിനു വേണ്ടി ത്രിതല പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കുന്നതിനു വേണ്ടി ജില്ലാതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.